# കേര[illegible]ദയം.

മദിരാശിയിൽ നിന്നു പു[illegible]ക മലയാള മാസിക

## വി[illegible]ം.


കേരളോദയത്തെപ്പ[illegible]

ഇന്ത്യ വഴിത്തിരിവി[illegible]

പ്ലേറേറാവിൻെറ ക[illegible]

[illegible]ോവിന്ദൻകുട്ടി നായർ.

ആധുനിക ചിന്താസ[illegible] ([illegible] എൻ. എഴുത്തച്ഛൻ)

നിരാശവാദി — യം. ശ്രീധരൻ.

പൊറെറക്കാട്ടിൻെറ [illegible]

([illegible] വാസുദേവൻനായർ)

മതത്തിന്നോ അധിക[illegible] — (ടി. കെ. എൻ)

ജീവിക്കുവാൻ ശീലി[illegible]

([illegible]ോവിന്ദൻ, ബി. ഏ.)

ഏററവും വിലപ്പെട്ട [illegible]

ഭൃത്യൻെറ ത്യാഗം.

റാററൻബറി കേസ്സ് — ([illegible]ി. മാധവൻനായർ.)

കൊലപാതകി — ([illegible] ചരിത്രാന്വേഷകൻ)

വിദ്യാർത്ഥിലോകം — ([illegible] ഗോപാലൻനായർ)


വില [illegible] ൪-ണ.

14 MAR 1949

# കേരളോദയം.

## കേരളോദയത്തെപ്പററി.

---

ഈ ലക്കം മുതൽ കേരളോദയം മദിരാശിയിൽനിന്നുമാററി കോഴിക്കോട്ടുനിന്നു പ്രസിദ്ധം ചെയ്യുകയാണു്. കഴിഞ്ഞ രണ്ടുമാസക്കാലമായി ആ നടപടിക്കുള്ള ഏപ്പാടുകൾ ചെയ്തുവരികയായിരുന്നു. അതിൻെറ ഫലമായി ചില ലക്കങ്ങൾ പ്രസിദ്ധം ചെയ്യാൻ സാധിക്കാതെ വന്നതിൽ ഞങ്ങൾ ആത്മാത്ഥമായി ഖേദിക്കുന്നു. മദിരാശിയിൽനിന്നു് ഒരു മലയാളപത്രം പ്രസിദ്ധീകരിക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ ചില്ലറയല്ലെന്നു് വായനക്കാക്കു് അറിയാമെന്നാണു്, ഞങ്ങളുടെ വിശ്വാസം. ഇനിമേൽ മാസിക കുറെക്കൂടി നല്ലരീതിയിൽ പ്രസിദ്ധീകരിക്കണമെന്നു് ഞങ്ങൾക്കു് ആശയുണ്ടു്. ആഫീസ്സംബന്ധമായും മററും ചെയ്യേണ്ടിവന്ന ഏപ്പാടുകൾക്കായി നേരിട്ട താമസംമൂലം ചില ലക്കങ്ങൾ കൃത്യസമയത്തു് പുറപ്പെടുവിക്കാൻ സാധിക്കാത്തതിൽ വായനക്കാർ ക്ഷമിക്കണമെന്നു് ഞങ്ങൾ അഭ്യത്ഥിക്കുന്നു. ഇതുവരെ ലേഖനങ്ങൾ മുഖേന സഹായിച്ച സാഹിത്യകാരന്മാരോടും ഞങ്ങളുടെ മററു അഭ്യുദയകാംക്ഷികളോടും ഞങ്ങൾക്കുള്ള കൃതജ്ഞത അപാരമാണു്. ഇനിയും ആ സഹായം നല്കുമെന്നു പ്രതീക്ഷിക്കുകയും അതിനായി അപേക്ഷിക്കുകയും ചെയ്യുന്നു. വരിസംഖ്യബാക്കിവെച്ച വരിക്കാരൊടു അവരുടെബാക്കിസംഖ്യ കഴിയുന്നവേഗത്തിൽ താഴെ കാണിക്കുന്ന മേൽവിലാസത്തിലേക്കു് അയച്ചുതന്നു് ഞങ്ങളെ സഹായിപ്പാൻ പ്രത്യേകം അപേക്ഷിക്കുന്നു. ആഫീസ്സംബന്ധമായുള്ളകത്തിടപാടുകൾ **The Manager, Keralodayam, Kozhipurath House, Sub-Jail Road, Puthiyara, Calicut.** എന്ന മേൽവിലാസത്തിൽ ആയിരിക്കണമെന്നുള്ളതു് ഓമ്മിപ്പാനപേക്ഷ.

---

# ഇന്ത്യ വഴിത്തിരിവിൽ.

[സർദാർപട്ടേൽ ഈയിടെ നടത്തിയ ദക്ഷിണേന്ത്യൻപര്യടനത്തിൽ ചെയ്ത പ്രസംഗങ്ങളിൽനിന്നു ചില ഭാഗങ്ങൾ]

എൻെറ ഹൃദയത്തിൽ തെക്കെഇന്ത്യ നല്ല സ്ഥാനം പിടിച്ചിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ എനിക്കു പ്രചോദനം നല്കുന്ന പലതും തെക്കെ ഇന്ത്യയിലുണ്ട്. പക്ഷെ എന്നെ സങ്കടപ്പെടുത്തുന്ന ചിലതും അവിടെ ഇല്ലാതില്ല. ഞാൻ കുറെക്കൂടെ ചെറുപ്പമായിരുന്നെങ്കിൽ, ഞാൻ തെക്കെഇന്ത്യ മുഴുവൻ സഞ്ചരിച്ച് അതിനെ നേർവഴിക്ക് നടത്താൻ ശ്രമിക്കണമെന്നാഗ്രഹിക്കുമായിരുന്നു. ഒരു വിഷമസന്ധിയിൽ പോകേണ്ടതെങ്ങിനെയോ അങ്ങനെ നേർവഴിക്കു തെക്കേഇന്ത്യപോകുന്നില്ല. ഒരു സ്നേഹിതൻ പറയുന്നപോലെ ആത്മാർത്ഥതയോടുകൂടി ഞാൻ നിങ്ങളോട് സംസാരിക്കാം. ഞാൻ എന്തോചില ആവശ്യങ്ങൾക്കായി ഇവിടെ വന്നിരിക്കയാണെന്ന് വിശ്വസിക്കുന്നവർ ഇവിടെയുണ്ട്. കുറെയൊക്കെ ശരിയാണ്, ഞാൻസമയംകളയുന്നതിനായി വെറുതെ ചുററിയടിക്കുന്നവനല്ല. എനിക്ക് ഇനി അധികകാലം ജീവിച്ചിരിക്കാനില്ലെന്ന് എനിക്കറിയാം. ഞാൻ എൻെറ നേതാവിനോടുകൂടി പോകേണ്ടതായിരുന്നു. പക്ഷെ ഞാൻ ഇവിടെ നില്ക്കുകയാണ്. ഒരുപക്ഷേ, എന്തോജോലികൂടിനിർവഹിക്കുന്നതിനായി ഞാൻ ജീവിച്ചിരിക്കണം എന്നായിരിക്കാം ദൈവനിശ്ചയം. അതിനാൽ എനിക്ക് ഒരു നിമിഷവും വെറുതെ കളയാനില്ല. . . .

സ്നേഹിതന്മാരെ, ശരിയായി നിങ്ങൾ ആത്മപരിശോധന നടത്തുവിൻ. നിയമസഭകളിലുള്ളവരും പുറത്തുള്ളവരും എല്ലാംആത്മപരിശോധന നടത്തുവിൻ. ഇതു വഴക്കടിക്കാനുള്ള സമയമല്ല. ഹീനമായ സ്വാർത്ഥതാല്പര്യങ്ങളും അധികാരമോഹവും പരിത്യജിക്കുവിൻ. നിങ്ങൾഎല്ലാവരും ഒത്തുചേർന്നാലോചിച്ചു സഹകരണ ബുദ്ധിയോടുകൂടി നിങ്ങളുടെ ചുമതലകൾ ചെയ്യുവിൻ. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്ന് ഒന്നര വഷമേ പ്രായമുള്ളു. ശ്രദ്ധാപൂർവമായ ശുശ്രൂഷയുംപോഷണവും ആവശ്യമുള്ള ഒരുകൈക്കുഞ്ഞാണ് സ്വതന്ത്രഇന്ത്യ. നിങ്ങളതുചെയ്തില്ലെങ്കിൽ ഭാവിതലമുറകൾ നിങ്ങളുടെമേൽ കുററം ചുമത്തിപ്പറയും: "ച

രിത്രം സൃഷ്ടിക്കാനുള്ള സന്ദർഭംകിട്ടുകയും ആ സന്ദർഭത്തെ പാഴാക്കിക്കളകയും ചെയ്തവരായിരുന്നു ഇവർ:" ചരിത്രം സൃഷ്ടിക്കാനുള്ള സന്ദർഭം ആവർത്തിക്കപ്പെടുന്നില്ല. ഒരു ജീവിതത്തിൽ ഒരിക്കൽപോലും അതു കിട്ടാറില്ല. നിങ്ങൾക്കതു് കിട്ടിയിട്ടുണ്ടു്. അതു പാഴാക്കിക്കളയരുതു്!. . . . .

പലതരത്തിലുള്ള വൃത്തികേടുകളും വിഷങ്ങളും വമിക്കുന്ന ചില പത്രലേഖനങ്ങളെപ്പററി കേൾക്കുമ്പോൾ ഞാൻ നടുങ്ങിപ്പോകുന്നു. നാം എങ്ങോട്ടാണ് പോകുന്നതു്? നമുക്ക് പത്രസ്വാതന്ത്ര്യമുണ്ടെന്നുള്ളതു് പരമാർത്ഥംതന്നെ. ഏതൊരു സ്വതന്ത്ര്യരാഷ്ട്രത്തിലും അതു വേണം താനും. പക്ഷെ ആത്മഹത്യചെയ്യാനുള്ള സ്വാതന്ത്ര്യം ആപൽക്കരമായ സ്വാതന്ത്ര്യമാണ്. അതുപോലെ, കൊലപാതകം ചെയ്യാനുള്ള സ്വാതന്ത്ര്യവും നമുക്കുണ്ടായിരിപ്പാൻ പാടില്ല. ഇന്ത്യൻഭാഷകളിലുള്ള ചില പത്രങ്ങളിൽക്കൂടി പരത്തുന്ന വൃത്തികേടുനിറഞ്ഞതെങ്കിലും വിസ്തൃതമായ സാഹിത്യം എഴുതിവിടുന്നവരോട്, ചുമതലാബോധമുണ്ടായിരിക്കണമെന്നപേക്ഷിക്കാനേ എനിക്കു സാധിക്കയുള്ളു. അവർ ചെയ്യുന്നതെന്താണെന്നു് അവർതന്നെ ചിന്തിക്കട്ടെ. അധികാരത്തിലിരിക്കുന്നവരോട് "ഇതൊക്കെ എന്താണ്?" എന്നു ഞാൻ ചോദിക്കുമ്പോഴൊക്കെ, അവർ പറയുകയാണ്. "ഞങ്ങൾ നിയമോപദേഷ്ടാക്കളോട് ചോദിക്കുന്നു. അവർ പറയുന്നു, അതൊക്കെ നിയമത്തിൻെറ നാലുമൂലക്കുള്ളിൽ നില്ക്കുന്നവയാണെന്നു്." ഒരുപക്ഷേ അതു് ശരിയായിരിക്കാം. നിയമം ഒരു കഴുതയാണ്. അതു് ചവിട്ടുകയുംചെയ്യും. ചിലർക്ക് രക്ഷപ്പെടാനുള്ള പല പഴുതുകളും അതു നല്കുന്നുണ്ട്. പക്ഷേ സമുദായം ഉത്തരവാദിത്വമുള്ളതാണ്. ഈ വൃത്തികേടുകൾ വളരാതിരിക്കാനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുക.........

നിങ്ങൾ (തമിഴരും തെലുങ്കരും) ശതാബ്ദങ്ങളായി ഒന്നിച്ചുകഴിഞ്ഞുകൂടിവരികയാണ്. പിരിഞ്ഞുപോകാനാഗ്രഹിക്കുന്നുവെങ്കിൽ ആരാണ് തടയുക? ആന്ധ്രക്കാർക്ക് അവരുടെ സംസ്കാരം പരിപോഷിപ്പിക്കണമെന്നു ആഗ്രഹമുണ്ടെങ്കിൽ ആർക്കും പരാതിപ്പെടുവാനില്ല. പക്ഷെ നാം ഒരു കാര്യം ഓർമ്മിക്കണം. അതായതു സ്നേഹിതന്മാരെന്ന നിലയിൽവേണം പിരിഞ്ഞുപോകാൻ. വിഷവും വിദ്വേഷവും വമിക്കുന്ന വാദ

പ്രതിവാദങ്ങൾ സൃഷ്ടിക്കാതിരിക്കുക. നിങ്ങൾ എല്ലാക്കാലവും ഒന്നായി ജീവിച്ചുവന്നവരാണ്. പിരിയണമെങ്കിൽ സൌഹാർദ്ദത്തോടുകൂടിവേണം. ഇന്ത്യയുടെ വലിയൊരുഭാഗം മുറിക്കപ്പെടുകയും അതിൽനിന്നു ധാരാളം ചോരയൊഴുക്കപ്പെടുകയും ചെയ്തതു നിങ്ങൾ ഓർമ്മിക്കണം. വളരെ പ്രയാസപ്പെട്ടതിന്നുശേഷമാണ് നമുക്കീരക്തപ്രവാഹം തടയാൻസാധിച്ചതു. രാജ്യശരീരത്തിൽ ശക്തിക്കുറവു വളരെയുണ്ട്. ഇനിയും രക്തമൊഴുകിയാൽ അതു് സഹിക്കാവുന്നതല്ല. നമുക്കു പിരിഞ്ഞുപോകൽ ആവശ്യമാണെങ്കിൽ, ഒരു വിധത്തിലും മുറിവേല്ക്കാത്ത തരത്തിൽവേണം. അതാണെൻെറ ഉപദേശം . . . .

നാം തെററായ വഴിയിലൂടെയാണു പോകുന്നതു്. അതല്ല ഗാന്ധിജി നമ്മെ പഠിപ്പിച്ചവഴി. മന്ത്രിസഭ രൂപീകരിക്കുന്നതിനെപ്പററിയൊ, ഒരു മന്ത്രിസഭ മാററി മറെറാന്നു സൃഷ്ടിക്കുന്നതിനെപ്പററിയൊ, കോൺഗ്രസ്സ്തിരഞ്ഞെടുപ്പുകളിൽ ജയം കരസ്ഥമാക്കുന്നതിനെപ്പററിയൊ, മറെറാ നാം ആലോചിച്ചുകൊണ്ടിരിക്കവെതന്നെ വലിയ ആപത്തുകൾ തലപൊക്കുന്നു. നമ്മുടെ വീടുമുഴുവൻ തീപിടിക്കുകയാണ്. തീ കെടുത്തുവിൻ. നിങ്ങൾക്കു്, പോലീസുകാൎക്കല്ല, അതു കെടുത്താൻ സാധിക്കും. ഭീകരപ്രവൎത്തനത്തിൽ മുഴുകുന്ന ചെറുപ്പക്കാരുണ്ടു. നിങ്ങളുടെ കുടുംബത്തിൽ ഒരു മകളോ മകനോ ആ വഴിയിലൂടെ പോകുന്നുണ്ടെങ്കിൽ അതു പോലിസുകാൎക്കു അത്ര എളുപ്പമായിരിക്കയില്ല എന്നു ഞാൻ പറയുന്നു. നിങ്ങളുടെ വസ്തുക്കൾ, ജീവൻ, എന്നുതന്നെയല്ല, യാതൊന്നിനും പിന്നെ രക്ഷയില്ല എന്നു ഞാൻ തീൎത്തുപറയുന്നു. അതുകൊണ്ടു വഴക്കുകൾ മതിയാക്കുക. തെക്കേഇന്ത്യയുടെപേരിൽ ഈ വഴക്കുകൾ കളങ്കം ചേൎക്കാൻ നിങ്ങൾ അനുവദിക്കരുതു്. തെക്കേഇന്ത്യ അതിന്നു് അൎഹതയുള്ള സ്ഥാനം സമ്പാദിക്കണം. ഒരു ഗവൎണ്ണർജനറലോ, ഉയൎന്ന ഉദ്യോഗസ്ഥന്മാരോ തെക്കേഇന്ത്യയിൽനിന്നുവന്നവരായതുകൊണ്ടു കാൎയ്യമില്ല. നിങ്ങളുടെ ഗൃഹത്തെത്തന്നെ ശരിപ്പെടുത്തിവെയ്ക്കുക. അപ്പോൾ, കേന്ദ്രഗവൎമ്മേണ്ടിൽ നിങ്ങളുടെ ആളുകളാരുമില്ലെന്നുവരികിൽത്തന്നേയും തെക്കേഇന്ത്യയുടെ പ്രശസ്തി ഇന്ത്യമുഴുവൻ പരക്കുന്നതായിരിക്കും. നമ്മൾ ഉന്തിക്കൊടുക്കാതെതന്നെ ഓടുന്ന ഒരു യന്ത്രം സൃഷ്ടിക്കുവാൻ

നമ്മറം പാട്ടപെടുന്നു. രാജ്യത്തെ സുശക്തമായ ഒരടിസ്ഥാനത്തിന്മേൽ നിലനിറുത്തുന്നതിനുള്ള ചുമതല നമുക്കുണ്ട്. എനിക്കിനിയും ബാക്കിയുള്ള ചുരുങ്ങിയസമയത്തിനുള്ളിൽ ആ ജോലി തീക്കാൻ എനിക്കാഗ്രഹമുണ്ട്. നിങ്ങറം സഹായിക്കുമെങ്കിൽ നമുക്കതു ചെയ്തുതീക്കാൻ സാധിക്കും . . . . .

ഈ രാജ്യത്തിൽ നമുക്കു വേണ്ടിടത്തോളം ഭക്ഷണമില്ലെന്നാണ് പറഞ്ഞുവരുന്നത്. ഞാനതു വിശ്വസിക്കുന്നില്ല. ഇവിടെ ആറോ ഏഴോ ശതമാനത്തിനുള്ള കുറവ്, അത്രയധികമുള്ള കുറവല്ല. ആ കുറവ് നമുക്ക് സഹിക്കാനും ഇന്ത്യയിലാകപ്പാടെയായി ഭാഗിക്കാനും സാദ്ധ്യമാണ്. എത്ര വലിയ വിലകൊടുത്താണ് അന്യരാജ്യങ്ങളിൽനിന്നു ഭക്ഷണപദാത്ഥങ്ങറം ഇറക്കുമതി ചെയ്യുന്നതെന്നു നമുക്കറിയാം. നമുക്ക് കിട്ടിയിരിക്കുന്ന സ്വാതന്ത്ര്യം ഏതുതരത്തിലുള്ളതാണ്? ഈ രീതിയിൽ നാം എവിടെച്ചെന്നുനില്ക്കും. നാം നമ്മുടെ ചുമതലയറിഞ്ഞു പ്രവത്തിച്ചാൽ ഭക്ഷണപ്രശ്നം എളുപ്പത്തിൽ പരിഹരിക്കാൻ സാധിക്കും. ആദ്യമായിട്ടുള്ള നടപടി പാഴ്നഷ്ടം നിറുത്തുകയാണ്. ഏററവും കുറഞ്ഞകണക്കിനുള്ള ആഹാരംപോലും വെറുതെകളയുക എന്നുള്ളതു വലിയൊരു കുററമാണ്. നിങ്ങറംക്കു ആവശ്യത്തിൽ കൂടുതൽ ആഹാരമുണ്ടെങ്കിൽ അതു് വിശക്കുന്ന അയൽപക്കക്കാരനു കൊടുക്കുക. നിങ്ങളോടുമാത്രമല്ല, രാജ്യത്തോടാകമാനം ഞാനഭ്യത്ഥിക്കുന്നു. കഴിയുന്നേടത്തോളം സംഭരിച്ച് ഗവമ്മെൻറിനുകൊടുക്കുക എന്നുള്ളതാണു നിങ്ങളുടെ ഏററവും പ്രധാനമായ കത്തവ്യം. നിങ്ങറംക്ക് ഒരിഞ്ചുസ്ഥലംപോലുമുണ്ടെങ്കിൽ, അവിടെ കായോ സസ്യമോ തിന്നാനുള്ള മററുവല്ലതുമോ അവിടെ ഉല്പാദിപ്പിക്കുക. നിങ്ങളുടെ ഈ ചെറിയ സംഭാവനകൊണ്ടു ഫലമില്ലെന്നു വിചാരിക്കരുത്. തുള്ളികറം കൂടിച്ചേന്നാൽ സമുദ്രമാകും . . . .

അരാജകത്വവും അച്ചടക്കമില്ലായ്മയും സൃഷ്ടിക്കുന്ന ചില ശക്തികറം തലയുയത്തുന്നതായി നാം കാണുന്നുണ്ട്. ഗവമ്മെണ്ടു ആർ. എസ്സ്. എസ്സിനോടു് പെരുമാറിയതു് നിങ്ങറംകണ്ടു. അവർ നമ്മുടെ സ്വന്തം ആളുകളാണ്. ഒരു ഹിന്ദുരാജ്‌വേണമെന്നും ഹിന്ദുസംസ്കാരം ബലപ്രയോഗംകൊണ്ടു് സ്ഥാപിക്കണമെന്നും അവക്കാഗ്രഹമുണ്ട്. ഒരു ഗവമ്മെൻറിനും അത

നുവദിക്കാൻ സാധ്യമല്ല. വിഭജിക്കപ്പെട്ടുപോയ രാജ്യത്തിലുള്ളിടത്തോളം മുസ്ലിമിങ്ങൾ നമ്മുടെ രാജ്യത്തുണ്ടെന്നു നിങ്ങൾ ഓൎമ്മിക്കണം. നാം അവരെ ആട്ടിപ്പായിക്കാൻപോകുന്നില്ല. വിഭജനം വന്നതിന്നുശേഷവും നമ്മൾ ആ കാൎയ്യപരിപാടി തുടങ്ങുകയാണെങ്കിൽ അതു ഒരു ദുർദ്ദിനമായിരിക്കും. അങ്ങിനെയുള്ള മനസ്ഥിതി നാം മാററിയേതീരൂ. അവർ ഇവിടെത്തന്നെ ജീവിക്കാൻപോകുന്നു എന്നും, ഇതു അവരുടേയുംകൂടി രാജ്യമാണെന്നുള്ളബോധം അവരിലുളവാക്കേണ്ടതു നമ്മുടെ കടമയാണെന്നും നാം മനസ്സിലാക്കണം. അവരുടെ കൎത്തവ്യം അറിയുന്നതും ഈ രാജ്യത്തെ പൌരന്മാരാണ് തങ്ങൾ എന്നു വിചാരിക്കുന്നതും അവരുടെ ചുമതലയാണ്. വിഭജനം നടന്ന ഒരു സംഭവമാണെന്നും അതു നിലനില്ക്കുകതന്നെ ചെയ്യുമെന്നും നമ്മളെല്ലാരും മനസ്സിലാക്കണം. വാസ്തവം പറഞ്ഞാൽ പിരിഞ്ഞുപോയവർ മടങ്ങിവരാതിരിക്കുന്നതു് രണ്ടുകക്ഷികൾക്കും നല്ലതാണെന്നു് ഞാൻ വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ കാരണമെന്തുതന്നെയായിരുന്നാലും അവർ തിരിച്ചുവരുന്നതു നീണ്ടുനില്ക്കുന്ന വഴക്കുകൾക്കു കാരണമായേപരിണമിയ്ക്കൂ. കഴിഞ്ഞ രണ്ടു ശതാബ്ദങ്ങളോളം ഇവിടംഭരിച്ചിരുന്ന ആ ശക്തി രാജ്യഭരണം സൌകൎയ്യപ്പെടുത്തുന്നതിന്നുവേണ്ടി ഒരു പരിതസ്ഥിതി സൃഷ്ടിക്കുകയും തൻമൂലം രണ്ടുകക്ഷികളും തമ്മിലുള്ള അകൽച്ച വൎദ്ധിക്കുകയുമുണ്ടായി. ദോഷങ്ങൾ എന്തുതന്നെയായിരുന്നാലും നാം വിഭജനത്തിന്നു സമ്മതിച്ചതു നന്നായി. വിഭജനത്തിന്നു സമ്മതിച്ചതിൽ ഞാൻ ഒരിക്കലുംപശ്ചാത്തപിച്ചിട്ടില്ല....

എന്തുകൊണ്ടാണ് കമ്മ്യൂണിസ്ററുകൾ ഹൈദരബാദിൽ അസ്വസ്ഥതയുണ്ടാക്കുന്നതു്? അവൎക്കു വളൎച്ച ഉണ്ടാകുന്നതെങ്ങിനെ? ഹൈദരബാദ് ഗവൎമ്മെൻറ് തങ്ങളുടെ രക്ഷയ്ക്കാണെന്നു് ധരിച്ചു് അവരെ വളരാൻ സമ്മതിക്കത്തക്ക മൂഢത്വം പ്രദൎശിപ്പിക്കയാണുണ്ടായതു്. അവിടെ അതിനെ നശിപ്പിക്കാനുള്ള നിയന്ത്രണശക്തി നമുക്കന്നുണ്ടായിരുന്നില്ല. ഇപ്പോൾ നാം അവിടെ എന്താണു കാണുന്നതു്? മൂന്നാലുമാസങ്ങൾക്കുള്ളിൽ നമ്മുടെ സഹോദരന്മാരായ ഇരുന്നൂറിൽപരം കോൺഗ്രസ്സുകാർ കൊല്ലപ്പെട്ടിരിക്കുന്നു. അതു സ്വാതന്ത്ര്യംകിട്ടിയതി

ന്നുള്ള തെളിവാണോ? ഒരു കൊല്ലം കഴിയുന്നതിന്നുമുമ്പ് ഒരു ചെറിയ പ്രദേശത്ത് ഇരുനൂറുകോൺഗ്രസ്സുകാർ കൊല്ലപ്പെട്ടുക എന്നുള്ളതു സ്വാതന്ത്ര്യമാണോ? ആ ദുഷ്ട് അവിടെനിന്നും ഓടിക്കപ്പെട്ടാൽ അതെങ്ങോട്ടാണ് പോകുക? അതു് നിങ്ങളുടെ സംസ്ഥാനത്തിൽ കടക്കുകയും നിങ്ങളെ കഷ്ടപ്പെടുത്തുകയും ചെയ്യുകയില്ലേ? നാമതിനെപ്പററി എന്തുചെയ്യണം? കമ്മ്യൂണിസ്റ്റ്കാരോടുള്ള എൻെറഅഭ്യർത്ഥന നിഷ്ഫലമായേക്കാം. എന്തുകൊണ്ടെന്നാൽ അവർ നാമാരുപറഞ്ഞാലും കേൾക്കുകയില്ല. കഴിഞ്ഞതവണ ജയിലിൽനിന്നു മോചിപ്പിക്കപ്പെട്ടപ്പോൾ ഞാൻ പറഞ്ഞു, എല്ലാ കമ്മ്യൂണിസ്ററുകളേയും കോൺഗ്രസ്സിൽ സ്വീകരിക്കാൻ ഞാൻസന്നദ്ധനാണെന്നും, കഴിഞ്ഞതെല്ലാം മറന്നു സൌഹാർദ്ദത്തിൻെറ വാതിൽ തുറന്നിടുന്നതാണെന്നും-- അവർ അക്രമപ്രവർത്തികൾ ഉപേക്ഷിക്കുകയും മറുനാട്ടിൽനിന്നുള്ള പ്രചോദനംതിരസ്കരിക്കുകയും ചെയ്യുമെങ്കിൽ! ഇപ്പോഴും അതു് നില്ക്കുന്നു. പക്ഷെ അവരുടെ"മതം" ഭീകരപ്രസ്ഥാനമാണെങ്കിൽ നമ്മെ തിരഞ്ഞെടുപ്പിൽ തോല്പിക്കാൻ സാധിക്കാത്തതുകൊണ്ടു്. ഭീകരപ്രസ്ഥാനം നടത്താനുദ്ദേശിക്കുന്നുവെങ്കിൽ ആ സ്നേഹിതന്മാരെ ജയിലിലടക്കുകയോ അവരെ അണ്ടർഗ്രൌണ്ടിലേക്കു് ഓടിക്കുകയോ ചെയ്യുക എന്നുള്ള നിർഭാഗ്യകരമായ വഴിയേ നമുക്കുള്ളു.

ആർ. എസ്. എസി.നു ഞാൻ തുറന്ന നിർദ്ദേശം നൽകിയിട്ടുണ്ടു്. അവർ അവരുടെ പദ്ധതികൾ മാററണം. രഹസ്യനടപടികൾ നിറുത്തണം. അവരുടെ ഭരണഘടന വെളിപ്പെടുത്തണം. ഇന്ത്യൻ ഭരണഘടനയെ സ്വീകരിക്കുകയും ബഹുമാനിക്കുകയും വേണം. ദേശീയപതാകയെ മാനിക്കണം. തങ്ങളുടെ വാക്കുകളിൽ വിശ്വസിക്കാമെന്നു പൊതുജനങ്ങളെ കാണിക്കണം. ഒരു കൊല്ലത്തെ സ്വാതന്ത്ര്യം നമ്മെ ചില പാഠങ്ങൾ പഠിപ്പിച്ചിട്ടുള്ളതിനാൽ, ഒന്നു പറയുകയും വേറൊന്നു ചെയ്യുകയും എന്നുള്ള നയം ഫലിക്കുകയില്ല. തീകൊണ്ടു് കളിക്കുവാനും രാജ്യത്തെ ചുട്ടെരിക്കുവാനും നാം അവരെ അനുവദിക്കുകയില്ല. അക്രമപരവും വിനാശകരവുമായ പ്രവൃത്തികൾ ചെയ്യുവാൻ നമ്മുടെ പ്രിയപ്പെട്ട കുട്ടികളെ അനുവദിക്കുക; നമ്മുടെ അയൽരാജ്യങ്ങൾ നഷ്ടങ്ങൾ സഹിച്ചു പഠിച്ച പാഠ

ങ്ങളെ നാം മറക്കുക; അവ കുററകരമാണ്. നമ്മുടെ രാജ്യത്തിൻെറ വെളിയിൽ നടക്കുന്നതെല്ലാം നാം കാണുന്നുണ്ട്....

നമ്മുടെ ചില സിക്ക് സ്നേഹിതന്മാരും നമ്മെ ഭയപ്പെടുത്താനും വെല്ലുവിളിക്കാനും തുടങ്ങിയിരിക്കുന്നു. ജനപ്രതിനിധിസഭയുടെ ഐകകണ്ഠ്യമായ തീരുമാനമനുസരിച്ച് ആയുധം വഹിക്കാൻ ഇന്ത്യയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഏകസമുദായം സിക്കുകാരാണ്. അവരെ ക്രിപാൺ ധരിക്കുവാൻ അനുവദിച്ചിട്ടുള്ളതു് ഗവർമ്മേണ്ടിനേയോ മററുള്ളവരെയോ ബലപ്രയോഗംകൊണ്ട് ഭീഷണിപ്പെടുത്തുവാനല്ല. ആ സമുദായത്തിലെ അംഗമായ ഏതെങ്കിലുമൊരാൾ—അയാൾ എത്ര വലിയവനായിരുന്നാലും ശരി—മുമ്പ് അവർ അറംഗസീബിനുപോലും അടിമപ്പെട്ടിരുന്നില്ലെന്നും ഇനിയും അടിമപ്പെടുവാൻ പോകുന്നില്ലെന്നും പറയുമ്പോൾ, നമുക്കവരെ ഓർമ്മപ്പെടുത്തേണ്ടിയിരിക്കുന്നു. അറംഗസീബിൻെറ കാലമെല്ലാം കഴിഞ്ഞുപോയെന്നും, ഇപ്പോൾ ഇന്ത്യൻ ജനതയുടെ കാലമാണെന്നും എല്ലാവരും തുല്യന്മാരാണെന്നും....

റെയിൽവെ ജീവനക്കാർ പണിമുടക്കുമെന്ന് ഭീഷിണിപ്പെടുത്തിയതു് നാം കണ്ടു. റെയിൽവേ പണിമുടക്ക് എന്തൊല്ലാംസംഭവങ്ങൾക്കു കാരണമാകുമെന്ന് എല്ലാവരും മനസ്സിലാക്കാൻ ശ്രമിക്കേണ്ടതാണ്. റെയിവേതൊഴിലാളിസംഘങ്ങളെ നയിക്കുന്നവർ, തങ്ങൾക്ക് നിയന്ത്രിക്കാൻ ത്രാണിയില്ലാത്ത ശക്തികളെ അഴിച്ചുവിടാൻ പാടില്ല. ഒരു വിഷമസന്ധിയിൽ ജനതയുടെ ദൌർഭാഗ്യാവസ്ഥയിൽ പങ്കുകൊള്ളേണ്ടതു് തങ്ങളുടെയുംകൂടി ചുമതലയാണെന്ന് റെയിൽവേ ജീവനക്കാരും മനസ്സിലാക്കേണ്ടതാണ്. നാം പ്രതിബന്ധങ്ങളെ തരണംചെയ്യുക കഴിഞ്ഞാൽ പിന്നെ നിങ്ങൾക്കിഷ്ടമുള്ളതുപോലെ ചെയ്യാം. സൈന്യങ്ങളെ ഒരിടത്തുനിന്ന് മറെറാരിടത്തുകൊണ്ടുപോകുന്നതിനോ ആഹാരപദാർത്ഥങ്ങൾ മററിടങ്ങളിലേക്ക് അയക്കുന്നതിനോ റെയിൽവേക്കാരുടെ പണിമുടക്കം പ്രതിബന്ധമായിരിക്കും. ജനങ്ങൾ പട്ടിണികിടക്കും. ഭീകരപ്രവർത്തനങ്ങളും നാശപ്രവൃത്തികളും ചെയ്യുന്ന ആളുകളുടെ നേരെ സംസ്ഥാന ഗവർമ്മേണ്ടുകൾ നടപടികളെടുക്കണം. പക്ഷെ ചിലആളുകൾ നമ്മെ വിമർശിക്കുകയും ഇതു തെററായനയമാണെന്ന് പറ

കയും ചെയ്തു. എന്താണ് ശരിയായനയമെന്നറിയാൻ ഞാനാഗ്രഹിക്കുന്നു—തീയിൽ വെള്ളമൊഴിക്കുന്നതോ അതോ മണ്ണെണ്ണയോ പെട്രോളോ ഒഴിക്കുന്നതോ?

നാം വിഷമങ്ങൾ നിറഞ്ഞകാലത്താണ് ജീവിക്കുന്നത്. പക്ഷെ രാജ്യത്തിൻെറ ഹൃദയം ശരിക്കു പ്രവൎത്തിക്കുന്നു എന്നുള്ളത് സന്തോഷകരമാണ്. ഞങ്ങൾ ദുർവഹമായ ഭാരമാണ് വഹിക്കുന്നതെന്ന് രാജ്യംമുഴുവൻ അറിയാവുന്നതാണ്. എന്താണ് യഥാൎത്ഥത്തിൽ രാജ്യത്തിൻെറ മനോഭാവമെന്നറിയാൻ നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ തെരഞ്ഞെടുപ്പിനു വരിക. ഞാൻ ആ വെല്ലുവിളി സ്വീകരിക്കാൻ സന്നദ്ധനാണ്. ഈയിടെ മാത്രമാണ് അഹമ്മദ്ബാദിലെ നഗരസഭാതിരഞ്ഞെടുപ്പു നടന്നത്. അറുപത്തിനാലു സീററുള്ളതിൽ 62 കോൺഗ്രസ്സിന്നു. ഒന്നു സ്വതന്ത്രസ്ഥാനാൎത്ഥിക്കും പിന്നൊന്നു സോഷ്യലിസ്റ്റ് സ്ഥാനാൎത്ഥിക്കുമാണ് കിട്ടിയത്. രാജ്യം എങ്ങോട്ടുപോകുന്നു എന്നുള്ളത് അതു കാണിക്കുന്നില്ലേ? ഇന്ത്യൻ സംസ്കാരത്തിനും മഹാത്മാഗാന്ധിപഠിപ്പിച്ചവഴികൾക്കും എതിരായുള്ള മാൎഗ്ഗങ്ങൾ ഈ രാജ്യം സ്വീകരിക്കുകയില്ല.

# പ്ലേറേറാവിൻെറ കാവ്യനിർവ്വചനം.

ഗോവിന്ദൻ കുട്ടിനായർ.

ആനന്ദംകൊണ്ടു ഉദ്ദീപ്തമായ സൗന്ദര്യബോധം, സർഗ്ഗശക്തി കൈക്കൊള്ളുമ്പോഴാണല്ലോ കലയായി രൂപാന്തരപ്പെടുന്ന ത്. ആനന്ദത്തിൽനിന്നു ഉടലെടുത്ത കല, ഏതിലും മീതെ ആ ഹ്ലാദമയിയായിത്തന്നെ നിലകൊള്ളുന്നുണ്ടെങ്കിൽ, അതുകേവ ലം സാധാരണം മാത്രമാണ്; അതായതു്, സ്വന്തം സ്വഭാവ ത്തിലൂടെ കല തൻെറ ആധാരാധേയബന്ധമോ, ജന്യജനക ബന്ധമോ നിലനിത്തിപ്പോരുന്നുവെന്നേ അതിന്നത്ഥമുള്ളു. അ നുഭൂതികൾക്കു ആഴവും ജീവിതവീക്ഷണത്തിൽ അന്തർമ്മുഖത യും ഉളവായതോടെയാണ് കലയിൽമറെറാരു പ്രധാനഘടക മായി ധമ്മബോധവും പ്രതിഭാസിപ്പാൻ തുടങ്ങിയതു്. കലയു ടെ ധാമ്മികൗൽകൃഷ്ട്യം, സുവ്യവസ്ഥിതമായ ഒരു ജീവിതക്രമ ത്തിൻെറയും, താദൃശമായ ജീവിതക്രമം സുദൃഢമായ തത്വ ബോധത്തിൻെറയും സന്താനമാണ്. അതായതു്, ധാമ്മികലാ വണ്യം വിളറിയകലാസമ്പത്തുകളിലൂടെ അതു് പ്രചരിക്കുന്ന ജ നസമുദായത്തിലെ നൈതിക ശൈഥില്യവും തത്വചിന്താവൈ രള്യവും അനുമിക്കാമെന്നു സാരം.

ഇതുവരെ പറഞ്ഞ സംഗതികളെ ഉള്ളിൽവെച്ച് നമുക്കു കലയുടെ—പ്രകൃതത്തിൽ കാവ്യകലയുടെ—വ്യത്യസ്തങ്ങളായ മൂന്നു രൂപങ്ങളെ ദശിക്കാം. ഒന്നാമത്തേതു്, മനുഷ്യജീവിത ത്തോടുയാതൊരു ബന്ധവുമില്ലാത്ത ആനന്ദപ്രധാനമായ ശു ദ്ധകല; രണ്ടാമത്തെതു്, ജീവിതവികാസത്തിന്നനുസരിച്ച്, സൗന്ദര്യ വശത്തോടൊപ്പം ധാമ്മികവശവും പ്രതിഭാസിക്കുന്ന സാധാരണകല; മൂന്നാമത്തെതു് സൗന്ദര്യവശത്തെ അധഃ കരിച്ച് ധാമ്മികവശം പൊന്തിനിൽക്കുന്ന ആദശകല. മൊ ത്തത്തിൽ പറയുകയാണെങ്കിൽ, സാമൂഹ്യജീവിതം വ്യവസ്ഥി തമല്ലാതിരുന്ന ആദിമകാലത്തുണ്ടായ നാടോടിപ്പാട്ടുകളധിക വും ആദ്യത്തെ വിഭാഗത്തിലും, കാവ്യനാടകാദികൾ രണ്ടാമ

ത്തെ വിഭാഗത്തിലും ഇതിഹാസപുരാണങ്ങൾ മൂന്നാമത്തെ വിഭാഗത്തിലുമാണുൾപ്പെടുന്നതു്. ഇവ ആകൃതിയെടുക്കുന്നതു് യഥാക്രമം പ്രാകൃതവും സംസ്കൃതവും ദിവ്യവുമായഭാവങ്ങളിൽ നിന്നാണ്. ഭാവം, പ്രാകൃതമോ സംസ്കൃതമോ ദിവ്യമോ, ഏതായാലും അതിൻെറ സാഫല്യവും സമ്പൂർത്തിയുമാണ് ആനന്ദകാരണം. ഒരു അരയന്നത്തെ അമ്പെയ്തുനശിപ്പിക്കുന്നതിൽ ദേവദത്തനും അതിനെ സംരക്ഷിക്കുന്നതിൽ സിദ്ധാത്ഥനും ആനന്ദം ആസ്വദിച്ചവസ്തുതയോക്കുക. ദേവദത്തനെ ആ പ്രവൃത്തിക്കു പ്രേരിപ്പിച്ചഭാവം പ്രകൃതവും പരുഷവുമാണ്. സിദ്ധാത്ഥനെ പ്രേരിപ്പിച്ച ഭാവമോ ദിവ്യവും മൃദുവും.

കലാവിചാരത്തിൽ പരിഗണനീയമായ മറെറാരുവിഷയം സാങ്കേതികവശമാണ്. ജീവിതപരമായ ചിന്തകൾ കലയിലെന്നപോലെ കലാപരമായ ചിന്തകൾ കലാസങ്കേതങ്ങളിലും മാററങ്ങളുളവാക്കുന്നു. കലാപരമായ ചിന്ത അതിൻെറ പാരമ്യത്തിലെത്തിക്കാണുന്നതു് രണ്ടാമതു പറഞ്ഞ സാധാരണ കലകളിലായതുകൊണ്ടു് സാങ്കേതികവശത്തിന്നു വളച്ച്യുണ്ടാകുന്നതും അവയിൽത്തന്നെയാണ്. സംസ്കൃതസാഹിത്യത്തിലേയ്ക്കുകണ്ണോടിക്കുന്നവക്കു ഈ വസ്തുത എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. ആദ്യപ്രധാനങ്ങളായ പുരാണേതിഹാസങ്ങളിലെ കലാസങ്കേതങ്ങൾ എത്ര ശിഥിലങ്ങളാണ്; വെറും അനുഷ്ടുപ്പുവൃത്തത്തിൽ ശബ്ദഭംഗിയെയോ പ്രതിപാദനനൂതനത്വത്തെയോകുറിച്ചു യാതൊരു ചിന്തയുമില്ലാതെ കഥകളും ഉപകഥകളും കനുകണക്കിലങ്ങനെക്കൂട്ടിയിരിക്കുന്നു! എന്നാൽ കാവ്യനാടകാദികളായ സാധാരണ കലാശില്പങ്ങളിലേയ്ക്കുകടക്കുമ്പോഴോ? പ്രസ്ഥാനഭേദങ്ങൾ, പ്രാസവൈചിത്ര്യങ്ങൾ, അലങ്കാരഭംഗികൾ, വൃത്തഭേദങ്ങൾ തുടങ്ങി കലയുടെ കാന്തിവദ്ധിപ്പിക്കുവാൻ ഏതെല്ലാം കരുക്കളുടെ കൂട്ടുപിടിച്ചിരിക്കുന്നു! കാവ്യദോഷങ്ങളുടെ ഒരു കനത്തപട്ടികതന്നെ സങ്കേതിക വിദഗ്ദ്ധന്മാർ–ആലങ്കാരികന്മാർ–സജ്ജീകരിച്ചിട്ടുണ്ട്.

കലയ്ക്കു–കവിതയ്ക്കു–കണക്കില്ലാതെ നിവ്വചനങ്ങളുണ്ടു്; എങ്ങനെയാണില്ലാതിരിക്കുക? കലയുടെ വ്യക്തിത്വം തികഞ്ഞ മൂന്നു രൂപങ്ങൾ നാം ഇവിടെ കണ്ടുവല്ലൊ? ചിലർ ഇവയി

ലോരോന്നിനെ വെവ്വേറെ ഊന്നാക്കിനിർവ്വചനം ചെയ്യുന്നു. മററുചിലർ രണ്ടിനെയോ മൂന്നിനെയോ കൂട്ടാക്കിയെടുത്തു നിർവ്വചിക്കുന്നു. വേറെ ചിലർ കലയിൽ പ്രതിബിംബിക്കുന്ന കലാകാരൻെറ നിർമ്മാണനൈപുണിയെ പൊക്കിക്കാണിച്ചു നിർവ്വചനം ചെയ്യുന്നു. സാങ്കേതികവശത്തെ മാനിച്ചും അല്ലാതെയും കലയെ വീക്ഷിക്കുന്നവരുമുണ്ട്; തത്വചിന്തകന്മാരും ജീവിതവിമർശകന്മാരും സാങ്കേതിക വിദഗ്ദ്ധന്മാരും കലയെ സമീപിച്ചിട്ടുണ്ട്. കലാകാരന്മാർ തന്നെ അതിനെ നിർവ്വചിക്കാതിരുന്നിട്ടില്ല.

ഒരു കലാനിരൂപകൻെറ നിലയിൽ പ്ലേറേറാ അത്ര പ്രസിദ്ധനല്ല; എന്നാൽ ഒരു ചിന്തകൻെറനിലയിൽ ആ പ്രാചീനാചാര്യൻ ലോകത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള ഒന്നാംക്കിട ചിന്തകന്മാരിൽ ഒരാളാണ്. ഒരു മികച്ച കലാനിരൂപകൻ കൂടിയായ അരിസ്റ്റോട്ടലിൻെറ ഗുരുസ്ഥാനം വഹിച്ച പ്ലേറേറാ, കലാനിരൂപകൻെറ നിലയിൽ അത്രയേറെ പ്രസിദ്ധനല്ലാതിരിപ്പാനുള്ള കാരണം, അദ്ദേഹത്തിൻെറ ചിന്ത അതിലും കനത്തകാര്യങ്ങളിൽ വിഹരിച്ചുപോന്നതാണ്. 'പ്രകൃതിയുടെ അനുകരണമാണ് കല' എന്ന അരിസ്റ്റോട്ടലിൻെറ നിർവ്വചനംതന്നെയും, പ്ലേറേറാവിൻെറ നിർവ്വചനത്തോട് ഏറെക്കുറെ കടപ്പെട്ടതാണ്. ഒരു ചിന്തകനു യോജിച്ചവിധം, കുറെക്കൂടി തുരന്നു ഉള്ളിലോട്ടു ചെല്ലാൻ പ്ലേറേറാവിന്നു സാധിച്ചിട്ടുണ്ട്. അരിസ്റ്റോട്ടൽ ചൂണ്ടിക്കാണിച്ചതുപോലെ വെറും അനുകരണമല്ല, 'അനുകരണത്തിൻെറ അനുകരണത്തിൻെറ അനുകരണമാണ് കവിത' എന്നു പ്ലേറേറാ പറയുമ്പോൾ, അദ്ദേഹത്തിൽ നാം .ഒരു നിരൂപകനെ എന്നപോലെ ചിന്തകനെയും അഭിദർശിക്കുന്നു.

'അനുകരണത്തിൻെറ അനുകരണത്തിൻെറ അനുകരണം'—എന്താണ് പ്ലേറേറാ ഈ നിർവ്വചനംകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു്?

നിഷേധിപ്പാൻ വയ്യാത്ത ഏതോ പരമ സത്യത്തിൻെറ പ്രതിഭാസമാണ് ഈ പ്രപഞ്ചം. ആ പരമ സത്യത്തെ എന്നപോലെ അതിൻെറ പ്രതിഭാസമായ ഈ പ്രപഞ്ചത്തെയും നമുക്കു അറിവാൻ സാധിക്കുകയില്ല. പ്രപഞ്ചത്തെപ്പററി നാം

സഞ്ചയിച്ചതായി അനുമാനിക്കുന്ന ജ്ഞാനം സ്വന്തം ബോധോപാധികളിലൂടെ സമാർജ്ജിച്ചതാണ്. അതു നമ്മെസ്സംബന്ധിച്ചേടത്തോളം സത്യമാകാമെന്നല്ലാതെ പ്രപഞ്ചത്തെസ്സംബന്ധിച്ചേടത്തോളം സത്യമാകണമെന്നില്ല. അപ്പോൾ, ബോധോപാധികൾ നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കുന്ന പ്രപഞ്ചത്തിനു 'അസ്സൽ വില'യല്ല, വെറും 'മതിപ്പുവില' മാത്രമാണ് നാം കല്പിക്കുന്നതെന്നു സിദ്ധിക്കുന്നു. ദാർശനികവരേണ്യനായ ശങ്കരൻ ഈ 'അസ്സ'ലിന്നും 'മതിപ്പി'ന്നും തന്റെ ദർശനത്തിൽ യഥാക്രമം, പാരമാർത്ഥികം, വ്യാവഹാരികംഎന്നീ സാങ്കേതിതസംജ്ഞനല്കിയിരിക്കുന്നു. പാരമാർത്ഥികകളുടെ കാര്യത്തിൽ നാം കേവലം അജ്ഞരാണ്. അറിയുന്നുവെന്നു വിശ്വസിക്കുന്നതുപോലും നാം അറിയുന്നില്ലെന്നുള്ളതാണ് വാസ്തവം. മാനസികബോധത്തിന്റെ ഈ വിലയില്ലായ്മയെയാണ്,

ഒരുനിശ്ചയമില്ലയൊന്നിനും
വരുമോരോദശവന്നപോലെപോം
വിരയുന്നു മനുഷ്യനേതിനോ
തിരിയാ ലോകരഹസ്യമാക്കുമേ.

എന്ന പദ്യത്തിൽ മഹാകവികുമാരനാശാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതു്.

കലാകാരന്റെ അനുഭൂതികളുടെ ആവിഷ്കരണമാണ് കല. ചിത്രകാരൻ ചായംകൊണ്ടെന്നപോലെ കവി, ആ അനുഭൂതികളെ ഭാഷകൊണ്ടു ആവിഷ്കരിക്കുന്നു. ബോധപഥത്തിൽ ആകൃതിപ്പെടുന്ന സുന്ദരസങ്കല്പങ്ങളെ അതേ ഭംഗിയിൽ അനുകരിപ്പാൻ–ആവിഷ്കരിപ്പാൻ–ഭാഷയ്ക്കു കെല്പില്ല. സങ്കല്പത്തിലുള്ള 'അസ്സ'ലിന്റെ ഒരു അകന്ന അനുകരണം മാത്രമാണ് നമ്മെ ഏററവുമധികം ആകർഷിക്കുന്ന ഏതു കവിതാചിത്രവും. ആശ്രമോദ്യാനത്തിലെ വല്ലികളെയും ചെടികളെയും നനച്ച അദ്ധ്വാനംകൊണ്ടു ക്ഷീണിച്ച ശകുന്തളയെ,

സ്രസ്താംസാവതിമാത്രലോകിതതലൗ
ബാഹൂഘടോൽക്ഷേപണം
ദദ്യാപിസ്തനവേപഥും ജനയതി
ശ്വാസഃപ്രമാണാധികഃ

ബദ്ധം കൎണ്ണശിരീഷരോധിവദനേ
ഘൎമ്മാംഭസാംജാലകം
ബന്ധേസ്രംസിനിചൈകഹസ്തയമിതാഃ
പൎയ്യാകുലാമൂൎദ്ധജാഃ

എന്ന വാങ്മേയ ചിത്രത്തിലൂടെ കാളിദാസൻ വായനക്കാൎക്കു പരിചയപ്പെടുത്തുന്നു. ഈ ചിത്രം ഏററവും മോഹനമായിട്ടുണ്ടെന്നുള്ളതു ശരിതന്നെ. എന്നാൽ കാളിദാസൻെറ സങ്കല്പത്തിലുള്ള ശകുന്തള ഈ പദനിബന്ധത്തിൽ പരിലസിക്കുന്നതിനെക്കാൾ എത്രമാത്രം മനോഹരിയായിരുന്നിരിക്കണം! സങ്കല്പത്തിന്നും സൃഷ്ടിക്കും തമ്മിലുള്ള അന്തരം വ്യക്തമാക്കാൻ ആശാൻെറ താഴെ കാണിച്ച പദ്യം പ്രയോജനപ്പെടും.

തന്നതില്ലപരനുള്ളകാട്ടുവാ-
നൊന്നുമേനരനുവായമീശ്വരൻ;
ഇന്നുഭാഷയതപൂൎണ്ണമിങ്ങഹോ
വന്നുപോംപിഴയുമൎത്ഥശങ്കയാൽ.

ഈ നിലയിൽ നോക്കുമ്പോൾ ഭാഷയിലേയ്ക്കു സംക്രമിക്കുന്നതു കവിയുടെ അനുഭൂതികളല്ല, ആ അനുഭൂതികളുടെ അപൂൎണ്ണമായ അനുകരണം മാത്രമാണെന്നു സമ്മതിക്കേണ്ടിവരുന്നു. ഒരു വിദഗ്ദ്ധനായ കവിയ്ക്കു അനുകരണത്തെ കുറെക്കൂടി സചേതനമാക്കാൻ സാധിച്ചേയ്ക്കാമെന്നല്ലാതെ, അസ്സൽതന്നെ ആക്കി മാററുക അസാദ്ധ്യമാണു്.

അപ്പോൾ, പ്ലേറേറാവിൻെറ അനുകരണവാദത്തെ ഇങ്ങനെ വ്യാഖ്യാനിക്കാം. പ്രകൃതി ഏതു വിധത്തിൽ നമ്മുടെ ബോധോപാധികളിലൂടെ ബോധപഥത്തിൽ പ്രകാശിക്കുന്നുവോ അതു പ്രകൃതിയുടെ ആദ്യത്തെ അനുകരണം. അതായതു്, ഏതൊന്നിൻെറയും വ്യാവഹാരികാവസ്ഥ അഥവാമാനസിക സത്യം പ്രഥമാനുകരണമെന്നു സാരം. വിചാരശക്തികൊണ്ടു് ആ ബോധത്തെ സങ്കല്പാനുസാരം ആകൃതിപ്പെടുത്തുന്നതു് രണ്ടാമത്തെ അനുകരണം. ഭാഷകൊണ്ടു സങ്കല്പത്തിന്നു ആകൃതി നൽകുന്നതു് മൂന്നാമത്തെ അനുകരണം. അതാണു് കവിത. നോക്കൂ, പരമാൎത്ഥത്തിന്നും- പ്രകൃതിക്കും-കവിതയ്ക്കും എന്തന്തരമുണ്ടു്! ഇനി ഒരു ഉദാഹരണംകൊണ്ടു ഈ അനുകരണങ്ങളുടെ സ്വഭാവം കൂടുതൽ വ്യക്തമാക്കാൻ ശ്രമിക്കാം.

അന്നായമുൻകാലിണ നീട്ടിവെച്ച
നന്നായതിൽച്ചേത്ത ശിരസ്സയത്തി
വന്നാളെവാദ്ധക്യവിവണ്ണദൃക്കാ-
ലൊന്നാകലം നോക്കുകമാത്രമുണ്ടായ്.

(വള്ളത്തോറ)

വാദ്ധക്യംകൊണ്ടും പട്ടിണികൊണ്ടും വിവശമായിത്തീന്ന ഒരു നായയാണ് ഇവിടെ പ്രതിപാദ്യം. നായ് വാസ്തവമായും അനുഭവിക്കുന്ന വൈവശ്യം ആ നായ്ക്കെന്നപോലെ നമുക്കു സൂക്ഷ്മമായറിഞ്ഞുകൂടാ. അങ്ങനെയുള്ള ഒരു പരിതസ്ഥിതിയിൽ, നമുക്കുണ്ടാകാവുന്ന അവശതയുടെ തോതുവെച്ച ആ സാധുജീവിയുടെ ദൈന്യം ഇന്നവിധമെന്നു നാം ഗ്രഹിക്കുന്നു. ഇതു പരമാത്ഥത്തിൻെറ പ്രഥമാനുകരണമാണ്. പിന്നീടു കവി ചെയ്യുന്നതു തൻെറ ബോധത്തെ അന്യക്കു സുഗ്രഹമാകത്തക്കവിധം സംസ്കരിച്ച പ്രദശിപ്പിക്കുകയാകുന്നു. കവി വൃദ്ധശുനകനെ പൂണ്ണമായി ദശിക്കുന്നുണ്ടെങ്കിലും അതിൻെറ ഏതാനും ചില ഭാഗങ്ങറ മാത്രമേ വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുവാനുദ്ദേശിക്കുന്നുള്ളൂ. അങ്ങനെ ഉദ്ദേശിക്കപ്പെട്ട രൂപം, ബോധമണ്ഡലത്തിലുള്ളതിൻെറ ഒരു അനുകരണം മാത്രമെ ആകുന്നുള്ളവല്ലൊ. ഇതാണ് രണ്ടാമത്തെ അനുകരണം. ആ രൂപത്തിന്നു പിന്നെ ഭാഷകൊണ്ടു ആകൃതി നൽകുന്നു. അപ്പോറ മൂന്നാമത്തെ അനുകരണവുമായി. ഇതാണ് പരമാത്ഥവും കവിതയുമായി പ്ലേറേറാ കാണുന്ന ബന്ധം.

ഗുരുവിൻെറ ഈ അപഗ്രഥനരീതി അരിസ്റ്റോട്ടലിന്നു രുചിച്ചില്ല. അദ്ദേഹം കവിത പരമാത്ഥത്തിൻെറ-പ്രകൃതിയുടെ-അനുകരണമാണെന്ന സമാന്യ നിവ്വചനംകൊണ്ടു തൃപ്തിയടഞ്ഞു. എന്നാൽ അപഗ്രഥനപടുവായ ഒരു തത്വചിന്തകൻെറ നിലയിൽ പ്ലേറേറാ അരിസ്റ്റോട്ടലിനെ സുദൂരം അധഃകരിക്കുന്നുവെന്ന വാസ്തവം എടുത്തു പറയാതെ കഴികയില്ല.

# ആധുനികചിന്താസരണികൾ *

## അദ്ധ്യായം 4.

(കെ. എൻ. എഴുത്തച്ഛൻ)

മനുഷ്യൻ വെറും യന്ത്രമാണെന്നു കല്പിച്ചുകൊണ്ടുള്ള സമ്പ്രദായ വാദത്തിൻെറ സമ്പ്രദായം നാം കണ്ടു. കാരണം, ചലനം, വസ്തു തുടങ്ങിയ ഭൗതികശാസ്ത്രജ്ഞൻെറ ഉപകരണങ്ങളെയാണിതിൽ ഉപയോഗിച്ചിട്ടുള്ളത്. പ്രപഞ്ചത്തിൻെറ യാന്ത്രികത്വം സമ്മതമായിരുന്ന 19-ാം നൂററാണ്ടിലെ ഭൗതികശാസ്ത്രമാണിതിന്നവലംബം. സിരാചക്രവും, തലച്ചോറും സ്രാവകപിണ്ഡങ്ങളും മററും കൂട്ടിച്ചേർത്താൽ മനുഷ്യനായി എന്നാണ് വെപ്പ്. മനുഷ്യൻ ചിന്തിയ്ക്കുന്നതറിവാൻ വയ്യ, പ്രവർത്തിയ്ക്കുന്നതനുസരിച്ച് അതിനെപ്പററിയ ചില അനുമാനങ്ങൾ നടത്തുന്നുവെന്നും മററുമാണല്ലൊ വാട്സൺ പ്രഭൃതികളുടെ വാദം. എന്നാൽ പ്രവർത്തനം തന്നെയഥാർത്ഥത്തിൽ നമുക്കറിവാൻ സാധിയ്ക്കുന്നുണ്ടോ എന്ന കാര്യം സംശയഗ്രസ്തമാണ് എന്ന് ആധുനിക ഭൗതികശാസ്ത്രം പറയുന്നു. റസ്സൽ പ്രസ്താവിയ്ക്കുമ്പോലെ നെല്ലിൽക്കൂടി എലി ഓടുന്നത് സമ്പ്രദായവാദിയെസംബന്ധിച്ചിടത്തോളം ഒരു യഥാർത്ഥസംഭവമായിരിയ്ക്കാമെങ്കിലും യഥാർത്ഥത്തിൽ അതു ദ്രഷ്ടാവിൽതന്നെയുണ്ട്. ഏതാനും തോന്നലാണെന്നാണ് ഭൗതികശാസ്ത്രം തെളിയിക്കുന്നത്. ചുരുക്കത്തിൽ മനഃശാസ്ത്രസമ്പ്രദായ വാദത്തിൽക്കൂടി ആവിഷ്ക്കരിക്കുന്ന തത്വങ്ങൾ മനുഷ്യൻ യന്ത്രമാണ് എന്ന തത്വത്തെ സിദ്ധവൽക്കരിച്ചുകൊണ്ടാണ്; അതേ അവസരത്തിൽ അടിസ്ഥാനമായി നില്ക്കുന്ന ഭൗതികശാസ്ത്രം പറയുന്നു:— "എനിക്ക് എന്നെപ്പററിതന്നെ അറിഞ്ഞുകൂടാ"

സ്ഥലകാലാദികളുടെ ഉപാധികൾക്കുള്ളിൽ നില്ക്കുന്ന ഒരു വ്യക്തസത്തയാണ് വസ്തു എന്ന അഭിപ്രായം മാറി നിശ്ശ

* അവലംബം:—സി. ഇ. എം. ജോഡിൻെറ **Guide to Modern Philosophy**

ഢവും അജ്ഞേയുമായ ഒരു ചൈതന്യഖണ്ഡമാണതു് എന്ന പക്ഷത്തിൽ നാം ഇന്നെത്തിയിരിക്കുന്നു. ഭൂഗർഭശാസ്ത്രം ജ്യോതിർഗ്ഗണിതം തുടങ്ങിയവ സ്ഥലകാലാദികളിലുള്ള ജീവൻെറ നില്പു് കേവലം നിസ്സാരമാണെന്നു തെളിയിച്ചു. ഭൂമിയ്ക്കു് പറയത്തക്ക പ്രാധാന്യമൊന്നും ജ്യോതി:ശാസ്ത്രജ്ഞന്നില്ല. മുമ്പു കരുതിയിരുന്നതിനെതിരായി ഇന്നു അനവധി നക്ഷത്രവ്യൂഹങ്ങളും അവയ്ക്കോരോന്നിന്നും കാരണമായി ഉഷ്ണവാതകരൂപത്തിലുള്ള ഓരോ ദ്വീപപ്രപഞ്ചവും കല്പിക്കപ്പെട്ടിരിക്കുന്നു. ഇത്തരം ഇരുപതുലക്ഷം വാതക പ്രപഞ്ചങ്ങൾ കണ്ടെത്തിയിട്ടുണ്ടു്. ഇതിലോരോന്നും ദൂരദർശിനിയിൽകൂടി കാണുന്നതിനേക്കാൾ പത്തുലക്ഷം ഇരട്ടി വലിപ്പത്തിലുള്ളതാണ്. നമ്മുടെ സൂര്യ്യൻെറ ആയിരം ഇരട്ടി വലിപ്പമുള്ള ഗോളങ്ങൾ സൃഷ്ടിപ്പാനുള്ള ശക്തി ഓരോ വാതകമണ്ഡലത്തിന്നുമുണ്ടു്. 1000 മില്യനെ (1 മില്യൻ=10 ലക്ഷം) രണ്ടു മില്യൻകൊണ്ടും അതിനെ ആയിരം മില്യൻകൊണ്ടും പെരുക്കിയാൽ കിട്ടുന്നത്ര നക്ഷത്രങ്ങൾ ആകെ ഉണ്ടാകാം. ജീൻസ് പറയുമ്പോലെ ലോകത്തിലെ കടൽക്കരയിലെ മണലായി ഇവയെ കല്പിച്ചാൽ അതിൽ ഒരു തരിമാത്രമാണ് സൂര്യ്യൻ. ഈ സൂര്യ്യൻതന്നെ ഭൂമിയേക്കാൾ ഒരു മില്യൻ ഇരട്ടി വലിപ്പവും മൂന്നു ലക്ഷം ഇരട്ടി ഘനവും ഉള്ളതാണെന്നു് ഓർമ്മിക്കണം. എന്നാൽ ഇതുകൊണ്ടു് അത്ഭുതംകഴിഞ്ഞില്ല. ബ്രഹ്മാണ്ഡ കടാഹത്തിൽ ഇനിയും എത്രയോ സ്ഥലം ശൂന്യമായിക്കിടക്കുകയാണ്. സൂര്യ്യനടുത്ത ഏതാനും സ്ഥലത്തേ ജന്തുവാസമുള്ളു, എന്നു കരുതുന്നതാണ് ന്യായം. ഭൂമിയ്ക്കു ചുററും സഞ്ചരിപ്പാൻ ഏഴു സെക്കൻറ് വേണ്ട വെളിച്ചത്തിന്നു് ബ്രഹ്മാണ്ഡ കടാഹത്തിന്നു ചുററും സഞ്ചരിപ്പാൻ ഒരു ലക്ഷം മില്യൻ വർഷം വേണ്ടിവരുമെന്നാണ് ജീൻസിൻെറ പക്ഷം. ഗ്രഹങ്ങൾ എന്നു പറയുന്ന കെട്ടാറിയ ഗോളങ്ങളിലേ ജന്തുവാസം സാദ്ധ്യമാവുകയുള്ളു. ഒരു ഗ്രഹമുണ്ടാവുക എന്നതിൽ അത്ഭുതാവഹമായ അവിചാരിതത്വം അടങ്ങുന്നു. ഏഴു മില്യൻ മില്യൻ വർഷങ്ങളിലൊരിക്കൽ നൂറായിരംനക്ഷത്രങ്ങളിലൊന്നു മറെറാന്നിൻെറ അടുത്തുവരാം; അങ്ങനെ വന്നാൽതന്നെ ഒരു സൗരയൂഥം അതിൽനിന്നുണ്ടാവുന്നതിനുള്ള സംഭാവ്യത പത്തിനൊന്നുകണ്ടു വിരളവുമാണ്; ജന്തുജീവിതം സാദ്ധ്യമാക്കുന്നതു് പ്രപ

ഞ്ചത്തിൻെറ പത്തുലക്ഷത്തെ 10 ലക്ഷംകൊണ്ടു പെരുക്കിയ ഭാഗങ്ങളിൽ ഒരിടത്തു മാത്രമാണതാനും! ഇനി ജീവൻെറ ക്ഷണികത്വമെടുക്കുക. അണ്ഡകടാഹത്തിൻെറ ജീവകാലം് വെച്ചളന്നാൽ സൗരയൂഥത്തിൻെറ ജീവകാലം തുച്ഛം; സൗരയൂഥത്തിൻെറ കാലദൈർഘ്യംവെച്ചളന്നാൽ ഭൂജീവിതം തുച്ഛം; ഭൂജീവിതം വെച്ചളന്നാൽ മനുഷ്യജീവിതം ക്ഷണികം. കടൽവക്കത്തെ അമീബയുടെ രൂപത്തിൽ ജീവൻ ഭൂമിയിൽ പ്രത്യക്ഷപ്പെട്ടിട്ട് 1200 മില്യൻവർഷം കഴിഞ്ഞു. നിയണ്ടർതാൽ മനുഷ്യൻ പത്തുലക്ഷം മുമ്പാണ് ജനിച്ചത്. പരിഷ്കൃതമനുഷ്യൻെറ ചരിത്രം നാലായിരമോ അയ്യായിരമോ കൊല്ലം മുതല്ക്കു തുടങ്ങുന്നു. അങ്ങനെ ഭൂമണ്ഡലത്തിൽ ഒരു അവിചാരിത സംഭവമാണ് ജീവിതം. മഹാപ്രപഞ്ചത്തിൻെറ ഒരു ചെറിയ മൂല അല്പകാലത്തേയ്ക്കു ജനവാസയോഗ്യമാവുന്നു. ഇങ്ങനെ "നിഗൂ പ്രപഞ്ചം" (Mysterious Universe) എന്നു തൻെറ ഗ്രന്ഥത്തിൽ സർജേയിംസ് ജീൻസ് വിവരിക്കുന്ന ബ്രഹ്മാണ്ഡം നമ്മുടെ ഭാവനയെ ഭയപ്പെടുത്തുന്ന ഒന്നാണ്.

ശരി. എന്നാൽ ഈ കണക്കുകളെല്ലാം എത്രകണ്ടു വിശ്വാസ്യങ്ങളാണ്? പ്രത്യക്ഷാദി പ്രമാണങ്ങൾകൊണ്ടു ശാസ്ത്രം കാണിച്ചുതരുന്ന തത്ത്വങ്ങൾ ശരിയാവണമെങ്കിൽ ഈ ഭൗതിക പ്രപഞ്ചം നാം കാണുന്നതു തീർച്ചയായും സത്യമായിരിയ്ക്കണം. ഇവിടെയാണ് അത്ഭുതാവഹമായ ഒരു കുഴപ്പം വരുന്നത്. ഓരോ ശാസ്ത്രവും അതതിന്നു പറയാനുള്ളതെല്ലാം പറഞ്ഞു സംതൃപ്തിയടയുമ്പോൾ അതിന്നെല്ലാം അവലംബമായ ഭൗതികശാസ്ത്രം പറയുന്നു:—'നിങ്ങൾ കാണുന്ന ഈ പ്രപഞ്ചം സത്യമല്ല; അതോടുകൂടി നിങ്ങളുടെ നിഗമനങ്ങളും അപകടത്തിലാണ്'.

നമുക്കിതിനെ ഇനി കുറഞ്ഞൊന്നു പരീക്ഷിയ്ക്കാം. പ്രസിദ്ധരായ ഏതാനും ഭൗതികശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങളാണിവിടെ വിചാരണയ്ക്കെടുക്കുന്നത്.

ഭൗതികശാസ്ത്രത്തെ സംബന്ധിച്ച് ഉപരിപ്ലവമായ ജ്ഞാനം മാത്രമുള്ളവനും ഇതറിയാം:—ആ ശാസ്ത്രം കാണിച്ചുതരുന്ന ലോകം ദൃശ്യപ്രപഞ്ചത്തിൽനിന്ന് വ്യത്യാസപ്പെട്ടതും നിർഗ്ഗുണവും ആയ ഒന്നാണ്. രൂപരസാദികളുടെ വൈവിധ്യംകൊണ്ട് പൂത്തും തളിർത്തും നില്ക്കുന്ന ഈ മാംസളപ്രപഞ്ചമല്ല. ശാ

സ്ത്രത്തിൻെറ അപഗ്രഥന വ്യവസായത്തിൽ പ്രത്യക്ഷപ്പെടുന്ന തു. ഘലനം, രൂപം, സംഖ്യ എന്നിവയിൽ കവിഞ്ഞു പറയത്തക്കതൊന്നും ഭൗതികശാസ്ത്രജ്ഞൻ കാണുന്നില്ല. കാര്യപ്രപഞ്ചം നമ്മെ സംബന്ധിച്ച സങ്കീർണ്ണമാണ്; കാരണപ്രപഞ്ചത്തിലേയ്ക്കു ചെല്ലുന്ന ശാസ്ത്രജ്ഞൻ ചില കേവലതത്ത്വങ്ങൾ മാത്രം കാണുന്നു. സാധാരണക്കാരനൂഹിപ്പാൻ സാധിയ്ക്കുന്നതല്ല ഇവയൊന്നും. ചൂടിനെ എടുക്കുക. ഒരിഞ്ചിൻെറ നൂറു മില്യനിൽ ഒരംശം വലിപ്പമുള്ള പരമാണുക്കൾ ഒരു സെക്കൻെറിൽ എത്രയോ വേഗത്തിൽ ശൂന്യസ്ഥലത്തുകൂടി സഞ്ചരിയ്ക്കുന്നു. ഈ അണുക്കളുടെ സംഘടനംകൊണ്ടാണ് ചൂടുണ്ടാകുന്നത് അണുക്കളുടെ ഗതിവേഗഫലമായ ഒരു ശക്തിയാണ് ചൂട്. ശബ്ദത്തിൻെറ കഥയോ? പ്രസംഗം, പാട്ട്, ശകാരം, പ്രേമഭാഷണം-ഇങ്ങനെ നാം എന്തെന്തു വികാരം പ്രാപിച്ച് ശബ്ദംകൊണ്ടു കൈകാര്യം ചെയ്യുന്നില്ല! എന്നാൽ ശാസ്ത്രജ്ഞൻ പറയുന്നു:-അത് ഒരുതരം ചലനവിശേഷം മാത്രമാണ്. ദൈർഘ്യവും സാതത്യവും ശബ്ദവീചികളിൽ വ്യത്യാസപ്പെടുന്നതനുസരിച്ച് ശബ്ദത്തിന്ന് ഉച്ചനീചത്വങ്ങൾ തോന്നുന്നു. നാം ഉണ്ടാക്കുന്ന അന്തരീക്ഷചലനത്തിൻെറ ഗുണവിശേഷങ്ങൾതന്നെയാണ് നാം കേൾക്കുന്നതും. ഘനം, ദ്രവം, ബാഷ്പം ഇങ്ങനെ പദാർത്ഥങ്ങൾ നമുക്കു വ്യത്യസ്തരൂപത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. വൈദ്യുതശക്തി അന്തർലയിച്ച അണുക്കൾ നന്നഅടുത്ത നിലയാണ് ഘനത്വം; അല്പം അകന്നതു് ദ്രവത്വം മേശയുടെ ഉപരിതലം കഠിനമാണെന്നു നാം പറയുന്നു. കയ്യിൻേറയും തൊടുന്ന വസ്തുവിൻേറയും ഘടകാണുക്കളിലുള്ള വൈദ്യുതമായ ഒരു അവകർഷണം മാത്രമാണിതു്. മർദ്ദനം അധികമാവുന്തോറും അപകർഷണവും അധികമാവുന്നു. അതോടുകൂടി കാഠിന്യവും സുഗന്ധസുന്ദരമാണീ പൂക്കൾ എന്ന് നാം പറയും. ശാസ്ത്രജ്ഞൻെറ മുഷിപ്പൻ വിവരണ സമ്പ്രദായത്തിൽ പുഷ്പം പുറത്തയക്കുന്ന ഏതാനും പരമാണുക്കളാണ് നമുക്ക് ഇന്ദ്രിയപ്രത്യക്ഷമാവുന്നത്. പൂവിന്ന് സൌരഭ്യമുണ്ടെന്നതു് ഒരുതരം ഭ്രാന്ത്! ഇനി നിറത്തിൻെറ കാര്യമോ? അതു ഗുണം മാത്രം. വേഗതയിൽ വ്യത്യാസമുള്ള പ്രകാശത്തിൻെറ പ്രകാശവീചികളിൽ ചിലതു നിറത്തിനു കാരണമാവുന്നു. വീചികളുടെ ദൈർഘ്യവും സാതത്യവും അനുസരിച്ച പല നിറങ്ങൾ. ഇല പച്ചയാണെന്നു

പറഞ്ഞാൽ പച്ചനിറത്തെ പുറത്തയപ്പാനുള്ള പ്രാവിണ്യം ആ ഇലയ്ക്കുള്ളതായിമാത്രം ഗണിയ്ക്കപ്പെടും. പ്രകാശംതന്നെ വൈദ്യുതശക്തിയുടെ പ്രവൃത്തിമണ്ഡലത്തിൽപെടുന്ന ഒരു ചെറുവിഭാഗംമാത്രം. ഇതിൽനിന്നെല്ലാം വന്നുചേരുന്ന തത്വം ഇതാണ്:—നാം ഇന്ദ്രിയങ്ങൾ വഴിസമ്പാദിയ്ക്കുന്ന വസ്തുജ്ഞാനം വിശ്വാസ്യമല്ല; യഥാൎത്ഥരൂപമല്ല നാംകാണുന്നതു. അപ്പോൾ ഒന്നുകിൽ പ്രപഞ്ചം തികച്ചും മനോനിഷ്ഠമായ ഒന്നാണെന്നും തീരെ ബാഹ്യസത്തയില്ലാത്തതാണെന്നും പറയണം; അല്ലെങ്കിൽ ഭൗതികശാസ്ത്രത്തിന്നു ഇവയൊന്നും വേണ്ടപോലെ ഇനിയും മനസ്സിലായിട്ടില്ല എന്നു വരണം. ഒരു വസ്തു അതായിത്തീരാൻ ഉള്ള പരിസരം എന്തായിരിക്കണം; അതിൻെറ ഘടകങ്ങൾ എന്തെല്ലാം എന്ന് ശാസ്ത്രജ്ഞന്നറിയാം. എന്നാൽ അതിൻെറ യഥാൎത്ഥസ്വരൂപമെന്തു് എന്നറിഞ്ഞുകൂടാ. പല കറികളുണ്ടാക്കുന്ന മാൎഗ്ഗത്തെപ്പററിയും അതുപദേശിയ്ക്കുന്നു; പ്രധാനമായ ചോറിൻെറ കാൎയ്യംമാത്രം വിട്ടുകളയുന്ന പാചകഗ്രന്ഥമാണ് ഭൗതികശാസ്ത്രം എന്നാണ് ജോഡ് പറയുന്നതു.

വസ്തുവിനെ സംബന്ധിച്ച ഭൗതികശാസ്ത്രത്തിൻെറ വാദങ്ങൾ പരമാൎത്ഥം മുഴുവൻ കാണിയ്ക്കുന്നില്ല; അതിൻെറ മാൎഗ്ഗങ്ങളും നിഗമനങ്ങളും കേവലസത്യം പ്രകാശിപ്പിയ്ക്കുന്നില്ല എന്നതു് കുറെ കടന്നവാക്കാണെന്നു തോന്നാം. എങ്കിലും ആ ശാസ്ത്രത്തിൻെറ പരിമിതികൾ സൂക്ഷിച്ചു നോക്കിയാൽ ഇതിൽ അത്ഭുതപ്പെടാൻ അവകാശമില്ല. ജോഡ് ഈ ഭാഗം ഇങ്ങനെ വിവരിയ്ക്കുന്നു:—

"ഭൗതികശാസ്ത്രം പൂൎണ്ണപദാൎത്ഥങ്ങളെയല്ല, അവയുടെ വിഭിന്നഭാഗങ്ങളെയാണ് ആലോചനക്കെടുക്കുന്നതു്. സംഖ്യ, ഘനം തുടങ്ങി പരിമാണപരമായ തോതുകൊണ്ടോ ചലനവേഗംകൊണ്ടോ അളക്കാവുന്ന ഒന്നാണിതു്. ഏ, ബീയേക്കാൾ ഗുരുവാണ്, ലഘുവാണ് എന്നെല്ലാം പറയുമ്പോൾ ഏയുടെ അളക്കുവാൻ സാധിയ്ക്കുന്ന സ്വഭാവവിശേഷമാണ് ആലോചനക്കെടുക്കുന്നതു്. സ്ഥലഗുണാദികളുടെ കഥയും ഇങ്ങിനെതന്നെ. എന്നാൽ വൈരൂപ്യം, തണുപ്പു മുതലായ ചില ഗുണങ്ങളെ ടുക്കുക. ജലത്തിൻെറ ഒരംശത്തിന്നു മറേറതിനേക്കാൾ അധികം നനവുണ്ടു എന്നു പറവാൻവയ്യ. പാലിൻെറ നനവിനെക്കാൾ പാല്പാടയ്ക്കുനനവുണ്ടു എന്നും പറഞ്ഞുകൂടാ. അപ്പോൾ

നനവിനെ അളക്കാൻ ഉള്ള മാനദണ്ഡമില്ല. അതുകൊണ്ടു് ഭൌതികശാസ്ത്രത്തിന്നു അതിനെപ്പററി അറിഞ്ഞുകൂടാ. അതിന്നിത്ര മാത്രം പറയുവാൻ സാധിക്കും:-- 'നനവു വെള്ളത്തിൻെറ ഗുണമാണ്. ആ വെള്ളം രണ്ടുഭാഗം ജലവാതകവും ഒരു ഭാഗം പ്രാണവാതകവും കൂടിച്ചേരുമ്പോൾ ഉണ്ടാകുന്നു.' ഇവിടെ അറിയാത്ത ഗുണത്തിൻെറ വിവരണമല്ല വരുന്നതു്. രണ്ടു വാതകങ്ങളുടെ സംയോഗക്രമത്തെപ്പററിയ ഒരു കണക്കാണ്. വെള്ളത്തിൻെറ പാരിമാണികമായഭാഗത്തെ ആലോചനക്കെടുത്തു് മററു സ്വഭാവത്തെ തള്ളുകയാണിവിടെ ചെയ്തതു്.

ഭൗതികശാസ്ത്രം സ്വീകരിയ്ക്കുന്ന മാർഗ്ഗം വിഭജനമാണെന്നു പ്രസിദ്ധമത്രെ. പൊതുസ്വഭാവങ്ങളനുസരിച്ചാണ് വിഭജനം. വിവരിയ്ക്കാവുന്ന ഒരു സ്വഭാവം പല വസ്തുവിലും ഉണ്ടായാലേ ഇതിന്നു സാധ്യതയുള്ളു. ഈ സാജാത്യം നോക്കുമ്പോൾ വൈജാത്യത്തിൽ ദൃഷ്ടിപതിയുന്നില്ല. തനിക്കറുപ്പുമുതൽ തനിവെളുപ്പുവരെ ചാരനിറത്തിൽ അല്പാല്പം ഭേദമുള്ള 500 പന്തുകൾ ഒരു ശാസ്ത്രജ്ഞനുകൊടുത്താൽ 'ചാരനിറമുള്ളവ' എന്ന ഒററ വകുപ്പിൽ ആയാൾ അതെല്ലാം ചേർക്കുന്നു. യഥാർത്ഥത്തിൽ 500-ഉം 500 നിറത്തിലുള്ളതാണെന്നു സ്പഷ്ടം. സ്വേച്ഛപോലെ മിഥ്യയായിക്കല്പിച്ചല്ലാതെ ശരിയ്ക്കു ഒരു ജാതിവിഭജനം സാധ്യമല്ലെന്നുവരുന്നു. രണ്ടു കറുത്ത പന്തുകളെ ശാസ്ത്രം ഒരു പെട്ടിയിലാക്കും; ഗോളാകൃതിയിലുള്ള ചില്ലറ വ്യത്യാസം ഉണ്ടായാലും അതു ശ്രദ്ധിക്കാതെ കറുപ്പു് എന്ന സാമാന്യധർമ്മത്തെ പുരസ്കരിച്ചാണ് ഇങ്ങിനെ കൂട്ടിച്ചേർക്കുന്നതു്. വ്യക്തിത്വം ജാതിയിൽ ലയിപ്പിക്കപ്പെടുന്നു. നനവ്, സൌഭാഗ്യം തുടങ്ങിയവയെപ്പോലെ വ്യക്തിത്വത്തെപ്പററിയും ശാസ്ത്രത്തിനൊന്നും പറയുവാനില്ല. ഇതിൽനിന്നെന്തു തെളിയുന്നുവെന്നു നോക്കുക: (1) യഥാർത്ഥവസ്തുക്കളെയല്ല, അതിൻെറ അളക്കാൻ സാധ്യമായ ചില ഭാഗങ്ങളെയാണ് ഭൗതികശാസ്ത്രം വിചാരണയ്ക്കെടുക്കുന്നതു്. (2) ഇങ്ങിനെ വ്യവച്ഛേദിക്കപ്പെട്ട ഗുണങ്ങൾതന്നെ ശാസ്ത്രജ്ഞൻെറ മനസ്സുകൊണ്ടു നടത്തിയ ഒരു തിരഞ്ഞെടുപ്പനുസരിച്ചുള്ളതാണ്. അതു പദാർത്ഥത്തിൻെറ യാഥാർത്ഥ്യം കാണിക്കണമെന്നില്ല. ശാസ്ത്രത്തിൻെറ ഈ സമ്പ്രദായത്തെ എഡ്ഡിങ്ടൺ ഇങ്ങിനെ രസകരമായി ഉദാഹരിച്ചു

കാണിയ്ക്കുന്നുണ്ട്——പുല്ലുമൂടിയ ഒരുകുന്നിൻചെരിവിൽ കൂടികൊമ്പനാന നടന്നുവരികയാണെന്നിരിക്കട്ടെ. ഭൗതികശാസ്ത്രജ്ഞൻ ആനയുടെ ഘനം 2തൻ; കുന്നിൻെറ ചെരിവ് 60ഡിഗ്രി എന്നെല്ലാം കണക്കാക്കി. ഗതിവേഗം നിർണ്ണയിപ്പാൻ സഹകാരിയായ ഉരസലിൻെറ തോതും മനസ്സിലാക്കി. ആന, കുന്നിൻ ചെരിവ് തുടങ്ങിയ പ്രത്യക്ഷവസ്തുക്കളെയെല്ലാം വിട്ടുകളഞ്ഞു ആയാൾ 2തൻ 60° എന്നെല്ലാമുള്ള ചില കണക്കുകൾമാത്രം നോക്കി ആന ഇത്ര സമയത്തിനുള്ളിൽ താഴത്തെത്തും എന്നു കണക്കാക്കുന്നു. ബുദ്ധികൊണ്ടു സൃഷ്ടിക്കുന്ന പരിമാണപരമായ ഏതാനും ബന്ധങ്ങളാണിവിടെ ഉള്ളത്. ശാസ്ത്രജ്ഞൻ ആനയെയല്ല ഏതാനും അക്കങ്ങളിൽ മാററിയ ചില ബന്ധങ്ങളാണ് കാണുന്നത്. ആനയുടെ ചിന്ത, സ്വഭാവം എന്നിവയും കുന്നിൻെറ സ്വഭാവവും മററും ആയാൾ ഓർമ്മിയ്ക്കുന്നില്ല. (അതുകൊണ്ടു ആ കണക്കെല്ലാം പിഴയ്ക്കുകയും ചെയ്യും). ഇങ്ങിനെ ഇതരബന്ധങ്ങളിൽനിന്നെല്ലാം വേർതിരിഞ്ഞുനില്ക്കുന്ന ഒരടച്ച ലോകത്തിൽ ഇരുന്നു ശാസ്ത്രജ്ഞൻ ഏതാനും അളവുകളും തൂക്കങ്ങളുംമാത്രം നോക്കി ലോകത്തെ അളക്കുന്നു."

പ്രത്യക്ഷമായ വസ്തുജാതത്തെ ഉപേക്ഷിച്ച സാങ്കല്പികമായ പ്രതിരൂപങ്ങൾകൊണ്ടാണ് ഭൗതികശാസ്ത്രജ്ഞൻെറ വ്യവഹാരം. ബീജഗണിതത്തെ സംബന്ധിച്ച ഒരു കൃത്രിമതത്വം ആലോകത്തെ വലയംചെയ്യുന്നു. പ്രതിരൂപങ്ങൾവഴിയ്ക്കുള്ള പ്രപഞ്ചനിരൂപണം ആപേക്ഷികസത്യമടങ്ങുന്നതായിപ്പറയാമെന്നല്ലാതെ കേവലസത്യം അടങ്ങുന്നതായിപ്പറവാൻ പാടില്ല. "വിദ്യുച്ഛക്തി എന്നതു് വൈദ്യുതപ്രവാഹം മൂലം ഉണ്ടാകുന്ന ഒന്നാണ്; വൈദ്യുതപ്രവാഹം എന്നാൽ വിദ്യുച്ഛക്തിയെ നിർമ്മിക്കുന്ന ഒന്ന്"——ഇങ്ങിനെ ഒരു തരം അവ്യക്തരീതിയിൽ, വന്നുചേരുന്ന പരസ്പരാശ്രയദോഷത്തെക്കൂടി ഗണിക്കാതെ നിർവ്വചിക്കാറുള്ള ശാസ്ത്രജ്ഞനു വസ്തുക്കളുടെ യാഥാർത്ഥ്യമായിട്ടല്ല പരിചയം; ഗുണകർമ്മാദികളായിട്ടുമാത്രമാണ്. പ്രതിരൂപങ്ങളുടെ അടിയിലുള്ള തത്വങ്ങൾ പണ്ടെന്നപോലെ ഇന്നും അജ്ഞാതങ്ങളത്രെ. എഡ്ഡിങ്ങ്ടൺ പറയുമ്പോലെ ആധുനികശാസ്ത്രത്തിനു പ്രതിരൂപങ്ങൾക്കപ്പുറമുള്ള പരമതത്വത്തെ അറിവാൻ ഉപകരണമില്ല എന്നതാണ് തത്വം. —(തുടരും)

# നിരാശവാദി.

യം. ശ്രീധരൻ.

നശ്വരവും അപകടം നിറഞ്ഞതുമായ ഈ ലോകത്തിൽ ഞാൻ ഏകാകിയാണ്. എന്നെ സംബന്ധിച്ചേടത്തോളം ഈ ലോകം ഒരുതരം സമസ്യയാണ്. അതിൽഎൻെറ സ്വന്തമെന്നനിലക്ക് ആരുമില്ല. ആ ആരുമില്ലായ്മയെയാണ് ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നതു. ലോകംതന്നെ ഒരു സമസ്യയാണെന്നാണ് ഞാൻ വിചാരിയ്ക്കുന്നതു. അങ്ങിനെ ഞാൻ ഏകാന്തതയെ ഇഷ്ടപ്പെടുന്നു. നാളുകഠം കഴിയുംതോറും ഞാൻ കൂടുതൽ കൂടുതൽ ഏകാന്തതയോടു അടുക്കുകയാണ് ചെയ്യുന്നതു. അതിനോടു ഞാൻ പററിച്ചേൎന്നു പോകുവാനാഗ്രഹിയ്ക്കുന്നു. ഒരുപക്ഷെ ലോകംഎന്നെ സ്വാൎത്ഥിയാണെന്നു് പഴിച്ചേക്കാം. അതിൽ ഒട്ടും എനിയ്ക്കു് പരിഭവമില്ല.

എൻെറ കഥ പോകട്ടെ, ലോകംതന്നെ ഏകാന്തമാണ്. ലോകത്തിലും എല്ലാവരും ഏകാകികളാണ്. ലോകം എല്ലാവരുടേയും മുമ്പിൽ ഒരു തീരാത്ത പ്രശ്നമായി മുഴച്ചുനില്ക്കുകയാണ്. ലോകത്തിൽ ഓരോരുത്തനും തൻെറ ജീവിതക്കെട്ടും പേറി കമ്പോളത്തിലേക്കു തനിയെ യാത്രയാകുന്നു. അതിനെ വിലപേശി വിററഴിച്ചു തനിയെ മടങ്ങുന്നു. പക്ഷെ അവൻ, വരുന്നതു 'ബന്ധുമിത്രങ്ങഠം'എന്ന ഭാവത്തോടെയാണ്. എന്നാൽ, എല്ലാവരേയുമുപേക്ഷിച്ചു വന്നസ്ഥലത്തേയ്ക്കു മ്ലാനമുഖത്തോടും വിഷാദാത്മകഭാവത്തോടുംകൂടി മടങ്ങുന്നതു കാണാം. അവനോടു ലോകം സഹതപിയ്ക്കുകയോ സഹകരിയ്ക്കുകയോ ചെയ്യുന്നില്ല. ചിലപ്പോഠം അവൻെറ ജീവിതകെട്ടിലുള്ള ചരക്കുകഠംക്കു് നല്ലവില കിട്ടിയെന്നുവരാം. ചിലപ്പോഠം നേരെ മറിച്ചും. ലോകത്തിൽ വന്നുകഴിഞ്ഞാൽ ലോകം അവനെ സ്നേഹ–വീക്ഷണങ്ങഠംകൊണ്ടു് പുളകം കൊള്ളിപ്പിയ്ക്കുന്നുണ്ടായിരിക്കാം! അവനും അങ്ങനെ ചെയ്യുന്നുണ്ടായിരിക്കാം അതെ, ലൌകിക ജീവിതത്തിൽ ബന്ധു, മിത്രം, സ്വന്തം എന്നനിലയിൽ ആചരിക്കേണ്ടിയിരിയ്ക്കുന്നു. എന്തിന്നു്? സമുദായത്തോടുത്തരം പറയാൻ. എന്തിനാണിങ്ങനെ ഭാവിയ്ക്കുന്നതു! നാം സമുദായ ജീ

വികളായതുകൊണ്ട്. നമുക്ക് സാമുദായിക നിയമങ്ങളുടെ മുമ്പിൽ വിലങ്ങടിച്ചുനില്ക്കാൻ പാടില്ല — പ്രതിലോമശക്തികളായിത്തീരാൻ തരമില്ല. അങ്ങനെ നിന്നാൽ സമുദായം — ലോകം — നമ്മെ ചവിട്ടിമെതിയ്ക്കും. എന്റെ ഏകാന്തതയിൽ എനിയ്ക്കു ഒരിയ്ക്കലും മടുപ്പുതോന്നിയിട്ടില്ല. അതിൽ ആരോടും എനിക്ക് ദ്വേഷ്യമില്ല. എന്റെ ഏകാന്തജീവിതം ചുടലക്കളത്തിലെ ശാന്തതപോലെ നിശ്ശബ്ദമാണ്. എന്റെ ജീവിതമോ! അതിൽ നികത്താൻ സാധിക്കാത്ത ഒരു വിടവുണ്ടായിരിക്കുന്നു. ആ വിടവിൽ ചുടുക്കാട്ടിലെ കൂരിരുൾപോലെ അത്യന്തം ഭയങ്കരമായ കൂരിരുൾ ചുരുളുകൾ പാഞ്ഞുകടക്കുകയാണ് ചെയ്യുന്നു. അതിൽ വെളിച്ചത്തിന്ന് കടക്കുവാൻ ഒരു പഴുതുപോലും കാണുകയില്ല. എന്റെ ജീവിതത്തെ സംബന്ധിച്ചേടത്തോളം എനിക്ക് വ്യക്തമായ ചില അഭിപ്രായങ്ങളുണ്ട്. അതു തെററാ ശരിയോഎന്ന് തരംതിരിയ്ക്കുവാൻ ഒരു ആത്മപരിശോധനതന്നെ നടത്തിയിട്ടുണ്ട്. എത്രയെത്രരാത്രികളെ തലപുകയുവോളം ആലോചിച്ച് പകലാക്കിട്ടുണ്ട്! ആ രാത്രികളിൽ ഞാൻ വിട്ടതായ നീണ്ട നീണ്ട ചൂടുപിടിച്ച നെടുവീർപ്പുകൾ ശ്മശാനത്തിലെ തീജ്വാലകൾപോലെ ആളിപ്പൊങ്ങിക്കൊണ്ടിരുന്നു. എന്റെ ശാന്തമായ ആ ചിന്തകൾ! ഇരുട്ടിലെ ശാന്തതപോലെ ശാന്തമാണ്. അതു എന്നോടുകൂടി മൺമറയുകയും ചെയ്യും. ലോകം ഒരിക്കലും അറിയുകയില്ല.

ഒരു കാലത്തു ഞാനും ഒരു തുണവേണമെന്നാശിച്ചിരുന്നു. എന്റെ സുഖദുഃഖങ്ങളെ പങ്കിട്ടെടുക്കുവാൻ ഒരു പങ്കാളി — സഹചരനോ — സഹചരിയോ, പക്ഷേ, എന്തോ രണ്ടുമുണ്ടായില്ല. എന്നാൽ എന്റെ മനോഭാവം പെട്ടെന്ന് ഒരുദിവസം മാറി — കാരണം എനിക്കറിയില്ല. നിരാശാമയവുംനിഷ്ഫലവുമായ എന്റെ ആശകൾ മരണത്തോടുപററിപ്പിടിച്ചു ചേരും.

എന്റെ സംഭവബഹുലമായ ജീവിതത്തിൽ, ഹൃദയത്തിന്റെ അടിത്തട്ടിലേക്ക് ചുഴിഞ്ഞിറങ്ങുന്ന ചില മധുരവികാരങ്ങൾ — ചില മധുരസ്മരണകൾ — ചില പുളകം കൊള്ളിപ്പിയ്ക്കുന്ന രാക്കിനാവുകൾ, അതിനെതൊട്ടുതലോടി ഇക്കിളിയാക്കിയിരുന്നു. എന്നാൽ ജീവിതത്തിലെപരാജയങ്ങൾ — (പരാജയംഭാ

വിയിലെ ജയത്തിൻേറ പൊൻകിനാവാണെന്ന വേദാന്തം അറിയുമെങ്കിലും എൻെറ വരണ്ടഹൃദയത്തെ സമാധാനപ്പെടുത്തിയില്ല.)--തണുത്തു മരവിച്ച അഭിലാഷങ്ങൾ--കോമളവികാരങ്ങൾ--ഇവയുടെകണ്ണികൾ പൊട്ടിപ്പോകുമ്പോൾ— അതുചതഞ്ഞുപോകുമ്പോൾ മനുഷ്യൻ ഏകാകിയായി. അതാണ് എനിയ്ക്കും പററിയത്. എൻെറ ജീവിതത്തിൽ തികച്ചും പററിയ അമളി അതായിരുന്നു. മനുഷ്യജീവിതം ഇങ്ങനെയാണ്; ഇതാണ് ജീവിത തത്വം. ഞാൻ സമുദായത്തിലെ ഒരംഗമാണെങ്കിലും എന്നെ സമുദായത്തിന്നാവശ്യമില്ല. അതുകൊണ്ട് എനിയ്ക്കു സമുദായത്തേയും അവശ്യമില്ല. അതെ, ഒരുപക്ഷേ, നിങ്ങൾ ചോദിയ്ക്കുമായിരിക്കാം—നിങ്ങൾ സമുദായത്തിലെ ഒരംഗമാണെങ്കിൽ സമുദായത്തിൽനിന്നകന്നു ജീവിക്കാൻ എങ്ങിനെ സാധിയ്ക്കും? അതിന്നെനിയ്ക്കു പറയാനുള്ള ഒരൊററ ഉത്തരം—ഞാൻ ജീവിക്കാനിഷ്ടപ്പെടുന്നില്ലെന്നാണ്. എന്നാൽ എന്തുകൊണ്ടു മരിയ്ക്കുന്നില്ല? അത് സമയസന്ദർഭത്തെ ആശ്രയിച്ചിരിയ്ക്കുന്ന ഒന്നാണ്. ആത്മഹത്യചെയ്യുന്നതു ഭീരുത്വമെന്നാണെൻെറ അഭിപ്രായം. ജീവിതത്തിൽ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകളെതട്ടി നീക്കി കാൽ നീട്ടിവെച്ചു മുന്നോട്ടു പോകുവാൻ കഴിവില്ലാത്തവനാണ് ഭീരു. അവനാണ് ആത്മഹത്യചെയ്യുക.

ഇനി എനിയ്ക്കു പറയുവാനുള്ളതു—ഞാൻ ജീവിയ്ക്കുന്നതുകൊണ്ട് ആക്കും നഷ്ടമോ ലാഭമോ ഇല്ല. ഞാൻ സമുദായത്തെ വെറുത്തു തുടങ്ങിയിട്ട് കാലംകുറച്ചായിരിയ്ക്കുന്നു. അതുകൊണ്ടാണ് ഞാൻ സമുദായത്തിൽനിന്നകന്നുനില്ക്കാനാഗ്രഹിക്കുന്നതു. സമുദായമാണ് എന്നെ ഏകാന്തപ്രിയനാക്കിയതു.

എനിയ്ക്കും ഒരു ചുട്ടുനീറുന്ന ഹൃദയമുണ്ട്. അതിലും ചില ആശകൾ അംകുരിച്ചിരുന്നു. ചില ദുർബ്ബലമായ അംശങ്ങളുമുണ്ടായിരുന്നു. അതായിരുന്നു എൻെറ ആഗ്രഹങ്ങളെ നശിപ്പിച്ചതു. ഒരു കാലത്തു എൻെറ ആ ഹൃദയത്തിൽ നിന്ന് വിപ്ലവപരമായ ചിന്തകൾ പൊങ്ങിക്കൊണ്ടിരുന്നു. അതിൽനിന്നനവധി തീപ്പൊരികൾ പരന്ന് ഓരോരുത്തനേയും ചുട്ടുപിടിപ്പിയ്ക്കുവാൻ പയ്യാപ്തമായിരുന്നു. എന്നാൽ ഇപ്പോൾ ആ ഹൃദ

യം ആറിതണുത്തു മരവിച്ചുകഴിഞ്ഞിരിയ്ക്കുന്നു. ഇനി അതിൽനിന്ന് ഒന്നും പൊട്ടിപ്പുറപ്പെടുകയില്ല. നീണ്ട നീണ്ട നെടുവീപ്പുകൾ മാത്രമേഇപ്പോൾ അതിലുള്ളു. നിരാശാജനകവും വിഷാദാത്മകവുമായ ജീവിതം ആരും ആശിക്കാറില്ല. അഗ്നിപർവ്വതംപോലെ തിളച്ചുമറിഞ്ഞുകൊണ്ടിരിയ്ക്കുന്ന ഹൃദയം എനിക്ക് മരിച്ചുപോകാൻ പ്രചോദനം നല്ലൊരുണ്ട്. എന്നാൽ ഏതോ ഒരു അദൃശ്യശക്തി അതിൽ കൈകടത്തി പ്രവൃത്തിയ്ക്കുന്നു. ഞാൻ വല്ല കടുംകയ്യും പ്രവൃത്തിച്ചാൽ എൻെറ കുടുംബപാരമ്പര്യത്തിന്ന്—ഭാവിതലമുറക്ക് അതു ഒരു മാച്ചാൽ മായാത്ത കളങ്കമായിരിക്കും. ഞാൻ കാരണം എൻെറ കുടുംബതലമുറയ്ക്കോ മററു വല്ലവക്കുമോ കളങ്കമുണ്ടാവരുതെന്നെനിയ്ക്കു വിചാരമുണ്ട്. അതുകൊണ്ട് ഞാൻ കരുതലോടെ പ്രവൃത്തിയ്ക്കുകയുള്ളു. ആ കാരണംകൊണ്ടാണ് ഞാൻ ശാന്തമായി വേദനാമിശ്രിതമായ ജീവിതം ഉന്തിതള്ളുന്നതു.

ഞാനും ലോകത്തിലെ വെളിച്ചത്തിൻെറ മുമ്പിൽ വരാനാഗ്രഹിച്ചിരുന്നു. എൻെറ ആ വെറളിപിടിപ്പിയ്ക്കുന്ന ആഗ്രഹം തലച്ചോറിനെ ചൂടുപിടിപ്പിച്ചു. ഏകദേശം ഞാനൊരു ഭ്രാന്തൻെറ മട്ടിലായി. ആ ഭ്രാന്ത് എന്നെ ലോകത്തിൽനിന്ന് വിരക്തനാക്കി. എൻെറ ഹൃദയം മണൽപ്പുറംപോലെ വരണ്ടതും ചുട്ടുപഴുത്തതുമാണ്. അതിൽ പ്രേമത്തിൻേറയോ, സ്നേഹത്തിൻേറയോ ഒരു കണികപോലും കാണുകയില്ല. സ്നേഹിക്കാൻ ഒരു ഹൃദയമുണ്ടെങ്കിൽ മാത്രമേ അതിൽ സ്നേഹരസം ഊറുകയുള്ളു. പ്രേമസിഞ്ചിതങ്ങളായ ശബ്ദങ്ങളുടെ ചന്ദ്രധ്വനി ഹൃദയത്തിൽ തട്ടിയാൽ മാത്രമേ പ്രേമാനുഭൂതിയ്ക്കു കഴികയുള്ളു.

മനുഷ്യൻ അവൻെറ വ്യക്തിത്വത്തേയും, മനുഷ്യത്വത്തേയും വിട്ടുകളിയ്ക്കുന്ന ചില സന്ദർഭങ്ങളുണ്ട്. മനസ്സും മരണവും തമ്മിൽ അലോസരപ്പെടുന്ന സമയമുണ്ട്. ആ സമയത്തു് മരണം മനസ്സിനെ ജയിയ്ക്കുന്നു. അപ്പോഴാണ് അവൻ മരണത്തെ മാടിവളിയ്ക്കുന്നതു. അങ്ങനെയാണ് മരണം മനുഷ്യനെ ആലിംഗനം ചെയ്യുന്നതു.

# പൊറെറക്കാട്ടിൻെറ ചെറുകഥകൾ

(എം. ടി. വാസുദേവൻ നായർ)

നമ്മുടെ ചെറുകഥാസാഹിത്യത്തിന്ന് അടുത്ത കാലത്ത് ഒരു നവോത്ഥാനം സിദ്ധിച്ചിട്ടുണ്ട്. ഈ വളച്ച്യക്ക് കാരണം ഗണനീയന്മാരായ ചില കാഥികന്മാരുടെ പരിശ്രമമാണെന്ന് നിസ്സംശയം പറയാം. അവരിലൊരാളാണ് എസ്. കെ. പൊറെറക്കാട്ട്. മഹാകവി ജിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ, "ജീവിതത്തിൻെറ വൈചിത്ര്യങ്ങളെ അതിൻെറ പാശ്ചാത്തലമായ രാഷ്ട്രീയസാമുദായികപരിതസ്ഥിതികളോടുകൂടി കലയുടെ സുഭഗമായ ഭാഷയിൽ വിവർത്തനം ചെയ്യാനും വ്യാഖ്യാനിയ്ക്കാനും പൊറെറക്കാട്ടിനേപ്പോലെ സാമർത്ഥ്യമുള്ള കാഥികന്മാർ കേരളത്തിൽ വളരെയില്ല."

പൊറെറക്കാട്ട് ഒരു സഞ്ചാരിയാണ്. ഭാരതത്തിലെ,
................"മഹാവന–

സാനുവുംഹിമവാഹിനീമാർഗ്ഗവും,
കാലവഹ്നിയിൽ വാടാത്തസുന്ദര
കാനനങ്ങളുമബ്ധിതീരങ്ങളും,
വൻപുരാതനസാമ്രാജ്യചേതന
വീണുറങ്ങും വിശാലരംഗങ്ങളും,
ആത്തസൌരഭം പൂർവ്വസ്മരണകൾ
പൂത്തുനില്ക്കും ശിലാകുടീരങ്ങളും"

മററുംകണ്ട, ദേശാഭിമാനിയായ ഒരു സഞ്ചാരി! കാശിയും ഭാര്യന്മാരും ബോംബേ മലയാളികളും കാശ്മീരികളും കുടകരും അദ്ദേഹത്തിൻെറ കഥകളിൽ കടന്നുകൂടുവാനുള്ള കാരണം ഈ ദേശസഞ്ചാരമാണ്. മലയാളത്തിലെ മററു സാഹിത്യകാരന്മാരിൽ ബഷീറിന്ന് മാത്രമാണ് ആ ഭാഗ്യം സിദ്ധിച്ചിട്ടുള്ളത്. ചെറുകഥയും കവിതയും നാടകവും നോവലും എല്ലാം ആ തൂലികയിൽനിന്ന് പുറത്തു വന്നിട്ടുണ്ട്. എന്നിരുന്നാലും, ചെ

റുകഥാകൃത്തെന്ന നിലയ്ക്കാണ് മലയാളികളുടെ ഹൃദയങ്ങളിൽ അദ്ദേഹം കുടികൊള്ളുന്നത്. പത്തിൽപരം ചെറുകഥാസമാഹാരങ്ങഠം അദ്ദേഹം പുറത്തിറക്കിയിട്ടുണ്ട്.

പൊറെറക്കാട്ട് കഥകളിൽ ആശയത്തിന്നും പ്രതിപാദനത്തിന്നും ഒരുപോലെ സ്ഥാനം കൊടുക്കുന്നുണ്ട്. എങ്കിലും, പ്ലോട്ടില്ലാത്ത കഥകളും കണ്ടേയ്ക്കാം. നല്ല കഥകഠം എന്ന ഇനത്തിൽ പെടുത്താവുന്നവയാണ് അവയും.

ഓജസ്സും ഒഴുക്കും ചേൎന്ന സുഭഗമായ ശൈലി – പൊറെറക്കാട്ടിൻെറ കഥകഠംക്കുള്ള ഒന്നാമത്തെ ഗുണം അതാണ്. ഹാസ്യത്തിൻെറ പൊൻപൊടി വിതറി അതിൻെറ മോടി വൎദ്ധിപ്പിയ്ക്കുവാനുള്ള അദ്ദേഹത്തിൻെറ പാടവം കുറച്ചൊന്നുമല്ല. നാം നമ്മളറിയാതെത്തന്നെ അതിലൂടെപോയി ചില മായികസ്വപ്നങ്ങളിൽ എത്തിച്ചേരും. സജീവങ്ങളായ ചിത്രീകരണങ്ങഠം അദ്ദേഹത്തിൻെറ കഥകളിൽ എല്ലായിടത്തും കാണാം. വാക്യങ്ങഠംകൊണ്ട് ചിത്രം വരയ്ക്കുവാൻ വിരുതേറിയ ഒരു ചിത്രകാരനാണ് പൊറെറക്കാട്ട്. ചായകൊണ്ടുവന്ന് വെയ്ക്കുന്ന ചെറുക്കൻ മുതലായ അപ്രധാന പാത്രങ്ങളുടെ ചിത്രവും അദ്ദേഹം വരയ്ക്കും. അതിന്നുപയോഗിയ്ക്കുന്ന ചായം 'വെറും ഒന്നു രണ്ട് ചെറുവാചകങ്ങഠം. പാദാദികേശം വൎണ്ണിച്ച് വായനക്കാരെ വീൎപ്പുമുട്ടിയ്ക്കുകയല്ല; അവരുടെ മനോഭിത്തിയിൽ കാലത്തിൻെറ കൈകഠംക്ക് മായ്ക്കാൻ കഴിയാത്ത വിധത്തിൽ പതിപ്പിയ്ക്കുകയാണ് അദ്ദേഹം ചെയ്യുക.

പൊറെറക്കാട്ട് ഒരൊന്നാന്തരം പ്രകൃതി നിരീക്ഷകനാണ്. പ്രകൃതിസൌന്ദൎയ്യം ആസ്വദിയ്ക്കാൻ കഴിവുള്ളവർ ഇന്നു ചുരുക്കമാണ്. നീലമേദുരമായ ആകാശം, ആനന്ദം കട്ടപിടിച്ചപോലെ, പറക്കുന്ന പറവകഠം, പുതുപച്ചനീരാളച്ചാൎത്തണിഞ്ഞ നെൽവയലുകഠം, പശ്ചിമപൎവ്വതത്തിൻെറ നീലോത്തുംഗ നിരകഠം മുതലായ സുന്ദരവശങ്ങഠം കാണുമ്പോഠം തൻെറ ഹൃദയം മധുരാനിൎവ്വാണമായ് ദ്രവിയ്ക്കുമെന്ന് പൊറെറക്കാട്ടുതന്നെ പറയുന്നുണ്ട്. പ്രകൃതിസുന്ദരമായ കാശ്മീർ പൊറെറക്കാട്ടിൻെറ സ്വപ്നലോകമാണ്.

പൊറെറക്കാട്ടിൻെറ കഥകളിൽ രസകരങ്ങളായ ഉപമകഠം ധാരാളം കാണാം. അതുകൊണ്ടുതന്നെയാണല്ലോ ഉക്കുണ്ണിനായരെന്ന ഒരു കരിനാക്കൻെറ കഥയെഴുതാൻ അദ്ദേഹത്തിനു കഴിഞ്ഞത്. പ്രസ്തുതകഥ വായിച്ചാൽ നാം ആലോചിയ്ക്കും. ഉക്കുണ്ണിനായരോ പൊറെറക്കാട്ടോ ഏററവും വലിയ കരിനാക്കൻ? ഉദാഹരണം വേണമെങ്കിൽ:—

"തലയിൽ അഞ്ചാറുരോമങ്ങളും നരച്ച കൺപുരികങ്ങളും സദാ കരയുന്ന മുഖഭാവവുമുള്ള ആ വയസ്സൻ ('സന്ദശ'നത്തിലെ ദേവയാനിയുടെ പിതാവ്.) ഒരു പഴയ യജമാനനെ കണ്ടെത്തിയ നായയേപ്പോലെ മൂക്കുപൊത്തിപ്പിടിച്ച് കാററു നാററിക്കൊണ്ടു നിന്നു."

"തലയോട്ടിലെ ഒരു ദ്വാരത്തിലൂടെ വെളുത്തപുകപൊങ്ങിപ്പോകുംപോലെ, ഉച്ചിയിലെ നരച്ചരോമം........"

"റെയിൽവേമേപ്പിനെപ്പോലെയുള്ള, ഞരമ്പുകഠം തള്ളിപ്പിണഞ്ഞ് കെട്ടിമുഴച്ചുള്ള കണങ്കാൽ...."

"പിച്ചക്കാരൻെറ പൊക്കിപ്പിടിച്ച നൊണ്ടിക്കാൽ താഴ്ന്ന തീവണ്ടിസിഗ്നൽപോലെ...."

"കിഴവൻപട്ടരുടെ ഇലത്താളംപോലത്തെ പിൻകുടുമ."

ഇങ്ങിനെ എടുത്തുപറഞ്ഞാൽ അവസാനമുണ്ടാവില്ല. പ്രതിഭാശാലിയായ ഒരു കഥാകൃത്തിന്ന് മാത്രമേ ഈ വിധം എഴുതാൻ കഴിയൂ എന്നതിൽ പക്ഷാന്തരമുണ്ടാവില്ല. അദ്ദേഹത്തിൻെറ കഥകളിൽ എല്ലായിടത്തും പുഞ്ചിരിയ്ക്കു വകയുണ്ട്. ചിലേടത്ത് പൊട്ടിച്ചിരിയ്ക്കും. 'ഇൻസ്പെക്ഷനി'ലെ വാസുവിൻെറ ട്രൗസറഴിയലും മാസ്റ്റർ പൊട്ടനെ പിടിച്ചിരുത്തിയാൽ അവൻ ഹാർമ്മോണിയപ്പെട്ടിയിലെ കട്ടപോലെ ഉടൻതന്നെ പൊങ്ങുന്നതും മററും വായിച്ചാൽ ആരാണ് ചിരിച്ച് മണ്ണുകപ്പാത്തത്?

## II

ജോസഫ് മുണ്ടശ്ശേരി പറഞ്ഞതുപോലെ, "ലോകത്തിനാസകലം 'ബാലൻസ്' തെററിയകാലമാണിപ്പോഠം. നാളിതുവരെ ഉണ്ടായിട്ടുള്ള സംസ്കാരങ്ങളെല്ലാം ഉരുകി പുത്തനാ

യൊരു മൂശയിലേയ്ക്കു് പകരുവാൻ തെയ്യാറാക്കിയിരിയ്ക്കുകയാ ണ്." ഇന്നത്തെ തലമുറ ഒരു നവലോകം സൃഷ്ടിയ്ക്കാൻവെമ്പുകയാണ്. കലാകാരന്മാരും സാംസ്കാരികമായ ഈ വിപ്ലവത്തിൽ പങ്കെടുക്കേണ്ടെ? വേണം, തീച്ച്യയായും വേണം.

സമുദായശരീരത്തിലെ ദുർഗ്ഗന്ധം വമിയ്ക്കുന്ന പുണ്ണുകളിൽ പൊററെക്കാട്ടിൻെറ തൂലികയും ശസ്ത്രക്രിയകഠം നടത്തിയിട്ടുണ്ട്; നടത്തുന്നുമുണ്ട്. പക്ഷെ, ഒരു കായ്യം ശരിയാണ്. പാവങ്ങളെപ്പററി മാത്രമെ എഴുതൂ എന്നു് നിശ്ചയിച്ചിട്ടില്ല. അദ്ദേഹം മുദ്രാവാക്യങ്ങഠം മുഴക്കി സാഹിത്യത്തെ 'പ്രോപ്പഗാൻറ'യ്ക്കിറക്കാറില്ല. ഒട്ടാകെ ഒരു പ്രസാദാത്മകമനസ്ഥിതിയാണ് അദ്ദേഹം കൈക്കൊള്ളുന്നതു്. ഏഴുനില മാളികയിൽ ഹംസതൂലികാശയ്യയിൽ കിടക്കുന്ന കുബേരപുത്രി മുതൽ മലഞ്ചെരിവിലെ ഓലച്ചെററയിൽ ഒരണകൊണ്ടു് ദിവസംകഴിയ്ക്കുന്ന 'കൊച്ചുഗൃഹസ്ഥ'വരെ അദ്ദേഹത്തിൻെറ കഥാപാത്രങ്ങളാണ്. അങ്ങേഅററം മുതൽ ഇങ്ങേഅററംവരെ! അതായതു് ജീവിതത്തിൻെറ ഇരുണ്ടതും പ്രകാശമാനവുമായ ഇരുവശങ്ങളിലേയ്ക്കു് അദ്ദേഹം ഒരുപോലെ കണ്ണോടിയ്ക്കുന്നു.

ഇതിൻെറ കാരണം അദ്ദേഹം 'പറയു'ന്നില്ലെങ്കിലും 'പാടുന്നു'ണ്ടു്. "എൻെറ ജീവിത"മെന്ന ഗാനത്തിൽ നോക്കു:–

"ഇവിടെ നീതിതൻ കോവിലിൽ കണ്ടു ഞാൻ
കപടതവന്നു കാവൽനിൽക്കുന്നതായ്
ചതവുപററിയോരാത്മാത്ഥതയുടെ
ഹൃദയഭേദക രോദനംകേട്ടു ഞാൻ
സ്ഥിതിയിതുകണ്ടു നൈരാശ്യമേററിടാ
തതിനുമപ്പുറത്തെത്തി നോക്കീടവേ
മൃദുല സൌഹൃദ സൌഭഗംകണ്ടു ഞാൻ
മുകളിതങ്ങളാം പാണിയുഗ്മങ്ങളും!
കരുണയും ഹന്ത കാക്ശ്യവും കൊട്ടും
കദനവും നവോന്മേഷവുമങ്ങിനെ
നിഴലുമോമന്നിലാവും കണക്കെ താ–
നിടകലൎന്നുല്ലസിയ്ക്കുന്നു ജീവിതം" *

* സഞ്ചാരിയുടെ ഗീതങ്ങഠം—"എൻെറ ജീവിതം–"

.. ഒരു നിരത്ഥകസ്വപ്നമാണെങ്കിലും ജീവിതം അദ്ദേഹത്തിന്നു മധുരമാണ്.

നമ്മുടെ ചുററുപാടും നടമാടുന്ന നിരവധി യാഥാത്ഥ്യങ്ങളിൽ മിക്കതും അദ്ദേഹത്തിൻെറ തൂലികയ്ക്കു് വിഷയമായിട്ടുണ്ട്. സമുദായത്തിലെ നാറുന്ന പുണ്ണായി എണ്ണപ്പെടുന്ന വേശ്യ, വിദ്യാഭ്യാസം ഒരു കച്ചവടമായി കരുതുന്ന നിർദ്ദയന്മാരായ മേനേജർമാരുടെ കാൽച്ചുവട്ടിൽ കിടക്കുന്ന പാവപ്പെട്ട അദ്ധ്യാപകൻ, പ്രതിഫലവും പ്രോത്സാഹനവും ലഭിയ്ക്കാതെ വലയുന്ന സാഹിത്യകാരൻ, മട്ടിതരായ തൊഴിലാളികൾ, നരകയാതന അനുഭവിയ്ക്കുന്ന കുഷ്ഠരോഗി, രാഷ്ട്രീയപ്രവത്തകൻ തുടങ്ങിയവരെയെല്ലാം അദ്ദേഹംപൊക്കിക്കാണിച്ചിട്ടുണ്ട്. സംസ്കാരത്തിൻെറ വിളനിലമെന്നു് അഭിമാനിക്കുന്ന, ധനാഢ്യരുടെ ഭവനങ്ങളിൽ നടക്കുന്ന ജുഗുപ്സാവഹമായ ദുർവൃത്തികൾ അദ്ദേഹം ബാഹ്യലോകത്തിന്നു കാണിച്ചുകൊടുത്തിട്ടുണ്ട്. സമുദായത്തിൻെറ സദാചാരദുഗ്ഗങ്ങൾ എത്രകണ്ടു അടിയുറച്ചതാണ്, എത്രകണ്ടു ശക്തിമത്താണ് എന്നു്, 'കള്ളപ്പശു' 'വ്യഭിചാരം' 'വളത്തുപുത്രി' എന്നീ കഥകൾ വായിച്ചാൽ നല്ലപോലെ മനസ്സിലാകും.

പൊറെറക്കാട്ടിൻെറ നിരവധി കഥകളിൽ ഈ ലേഖകനെ ഏററവും ആകഷിച്ചിട്ടുള്ളവ, 'ഇൻസ്പെക്ഷൻ' 'കൊച്ചുഗൃഹസ്ഥ' 'ആശ്രമത്തിലെ നെടുവീർപ്പുകൾ' ഇവയാണ്. മലയാളത്തിലെ ചെറുകഥാസാഹിത്യം എത്രകണ്ടു വളന്നിട്ടുണ്ടെന്നു ഈ കഥകൾ വെളിപ്പെടുത്തുന്നുണ്ട്.

പ്രേമകഥകളും അദ്ദേഹം ഒട്ടേറെ എഴുതിയിട്ടുണ്ട്. ഈ അവസരത്തിൽ ജീവിയുടെ ചിലവരികൾ ഓമ്മവരുന്നു. "പ്രേമസൌഹാദ്ദാദിഭാവങ്ങൾ ജീവിതത്തിൻെറ പുഷ്പപല്ലവങ്ങളാണ്........"

"മാക്സിംഗോക്കി ഈ ഭാവങ്ങളെല്ലാം സുലഭമായി നിബന്ധിച്ച മഹാമതിയാണ്." സമുദായപുരോഗതി ലക്ഷ്യമാക്കി എഴുതുന്ന ഒരുജ്വലസാഹിത്യകാരൻ 'പടവെട്ടു്' തെല്ലിട നിത്തി ജീവിതത്തിലെ പ്രസന്നവശങ്ങളിൽ കുറച്ചു് സഞ്ചരിക്കുന്നതുകൊണ്ടു അയാളുടെ കീത്തിയ്ക്കു് കുറവുണ്ടാകുകയില്ലെന്നു വിശ്വസിക്കുന്നു.

പ്രേമകഥകളെപ്പററി പറയുമ്പോൾ സ്ത്രീകളുടെ കായ്യം വരുന്നു! പൊറെറക്കാട്ടിന്നു സ്ത്രീകളോടു എന്തോ കഠിനമായ വെറുപ്പുണ്ടെന്നു ചില കഥകൾ വായിച്ചാൽ മനസ്സിലാവും. "സ്ത്രീയോടു നിങ്ങൾ ഒരിക്കലും പകുതിവിശ്വാസത്തോടെ പെരുമാററരുത്. ഒന്നുകിൽ അവളെ ഒരുഭയങ്കസപ്പത്തെയെന്ന വണ്ണം ദൂരെ വർജ്ജിക്കുക. അല്ലെങ്കിൽ പരിപൂണ്ണമായും അവ ൾക്ക് കീഴടങ്ങുക." സ്ത്രീയെപ്പററി ചിന്തിക്കാതെ ജീവിതം ന യിക്കുന്നവനാണ് ഏററവും ആനന്ദമനുഭവിക്കുന്ന പുരുഷൻ" എന്നെല്ലാം അദ്ദേഹം പറയുന്നു.

അദ്ദേഹത്തിൻെറ കണ്ണിൽ ജീവിതത്തിൻെറ ചിലഭാഗ ങ്ങൾ കല്ലും മുള്ളും നിറഞ്ഞു ദുർഗ്ഗന്ധംവമിക്കുന്ന ഇടുക്കുവഴികളാ ണ്. മററു ഭാഗങ്ങൾ വിസ്തീണ്ണമേറിയ രാജപാതയും. രണ്ടുവ ഴിയിലൂടെയും അദ്ദേഹം സഞ്ചരിക്കുന്നു__അത്രമാത്രം.

# മതത്തിന്നോ അധികാരത്തിന്നോ?

(ജി. കെ. എൻ.)

അധികാരലാഭത്തിന്നുശേഷം സ്വതന്ത്രഭാരതത്തിന്നു അഭിമുഖീകരിക്കേണ്ടിവന്ന വിഷമപ്രശ്നങ്ങളിൽ അതിപ്രധാനമായ ഒന്നത്രെ രാഷ്ട്രീയസ്വയംസേവക്സംഘത്തിന്റെ (ആർ. എസ്സ്. എസ്സ്.) വർഗ്ഗീയവാദം. ഗാന്ധിജിയുടെ വധത്തെത്തുടൎന്നു അല്പകാലം അടങ്ങിയൊതുങ്ങിക്കഴിഞ്ഞ വർഗ്ഗീയവാദികൾ ഇന്നു വീണ്ടും നാട്ടിന്റെ നാനാഭാഗങ്ങളിലും തലപൊക്കാൻ തുടങ്ങീട്ടുണ്ട്. പുരാതനകാലം മുതൽക്കു തുടങ്ങി പൂണനൂലിന്നും കാവിമുണ്ടിന്നും, നല്ല 'അങ്ങാടിനിലവാരം' കിട്ടിപ്പോരുന്ന ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്തു, ആർ. എസ്സ്. എസ്സുകാരുടെ, 'മതം അപകടത്തിൽ' എന്ന മുദ്രാവാക്യത്തിന്നു സാമാന്യജനങ്ങളെ ക്രമത്തിലധികം ആകർഷിപ്പാൻ കഴിഞ്ഞേയ്ക്കും. അങ്ങനെ ഏതുതുറയിൽ കമ്മ്യൂണിസ്റ്റുകൾക്കും സോഷ്യലിസ്റ്റുകൾക്കും റോയിസ്റ്റുകൾക്കും ഇന്ത്യൻഗ്രാമീണരെ സമീപിപ്പാൻപോലും സാധിക്കുന്നില്ലയോ, ആ തുറയിൽ വിജയം വരിച്ചു മുന്നോട്ടുപോവാൻ സ്വയംസേവക്സംഘക്കാൎക്കു നിഷ്പ്രയാസം സാധിക്കും. അതിനാൽ ഒരു സംഘടനയെന്ന നിലയിൽ പൊതുജീവിതത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്ന ഈ പുതിയ കക്ഷിയെ സാധാരണജനങ്ങൾ അപഗ്രഥിച്ചു പഠിക്കുന്നതു് ഇന്നത്തെസ്ഥിതിക്കു ഏററവും ആവശ്യമായിത്തീൎന്നിരിക്കുന്നു. കാരണം, ഈ പഠനത്തിൽനിന്നുവേണം അവൎക്കു ആ കക്ഷിയോടു ഭാവിയിൽ അനുവർത്തിക്കേണ്ട നയം രൂപവൽക്കരിപ്പാൻ.

ആർ. എസ്സ്. എസ്സിന്നു അനതിദീർഘമെങ്കിലും, അത്രയേറെ അപകടം പിടിച്ചതല്ലാത്ത ഒരു ഭൂതകാലചരിത്രമുണ്ടു്. കഴിഞ്ഞ പത്തുപന്ത്രണ്ടു കൊല്ലമായി അതു രാഷ്ട്രത്തിന്റെ പൊതുതാല്പൎയ്യങ്ങൾക്കു വിരുദ്ധമാകാത്തവിധം ഹൈന്ദവയുവാക്കളിൽ സ്വാശ്രയശീലവും സേവനസന്നദ്ധതയും വളൎത്തിക്കൊണ്ടുവരികയായിരുന്നു. ഇന്ത്യയിൽ വർഗ്ഗീയവൈരം ഊതിവീ

പ്പിച്ചു അതുവഴിയായി ഇവിടെ തങ്ങളുടെ നിലയുറപ്പിപ്പാൻ
ഉറവുശ്രമിച്ചിരുന്ന ഒരു വിദേശീയഗവൎമ്മേണ്ടു് അധികാരം വ
ഹിച്ചുപോന്നകാലത്തു് ഹിന്ദുക്കളുടെ സാമുദായികജീവിതത്തി
ന്റെ ഭദ്രതയ്ക്കു് അങ്ങനെ ഒരു സംഘടന ഒരു പക്ഷെ ആവ
ശ്യമായിരുന്നിരിക്കാം. ആരംഭംമുതൽ അധികാരലാഭംവരെ രാ
ഷ്ട്രത്തിന്റെ പൊതുതാല്പൎയ്യങ്ങളിൽമാത്രം ബദ്ധശ്രദ്ധമായി
പ്പോന്ന കോൺഗ്രസ്സ്, ഒരു കാലത്തും അത്തരം സംഘടനക
ളോടു അനുഭാവംപ്രദൎശിപ്പിക്കുകയുണ്ടായിട്ടില്ല. അതിനാൽ രാ
ഷ്ട്രീയഭാരതത്തിന്നു ആർ. എസ്സ്. എസ്സ്. കേവലം അപരിചി
തമായ ഒരു സംഘടനമാത്രമായിരുന്നു.

മതപരമായ അടിസ്ഥാനത്തിന്മേൽ വിഭജിക്കപ്പെട്ടുകഴി
ഞ്ഞുവെങ്കിലും ഇന്ത്യ ഇന്നും ഭിന്നജാതിമതസ്ഥന്മാർ അധിവ
സിക്കുന്ന ഒരു മഹാരാജ്യമാണു്. സങ്കുചിതമായ വൎഗ്ഗീയമനോ
ഭാവം ഇനിയും തലയുയൎത്തുന്നപക്ഷം, ഈ രാജ്യത്തിന്റെ ഭാ
വി ആപൽക്കരമായിരിക്കുമെന്നു അതീതകാലത്തെ അനുഭവ
ങ്ങൾ നമ്മെ പഠിപ്പിക്കുന്നു. അനാദികാലം മുതല്ക്കേ അവിഭക്ത
മായിക്കഴിഞ്ഞുകൂടിയിരുന്നതും സാംസ്കാരികവും ഭൂമിശാസ്ത്രപര
വുമായ ആനുകൂല്യങ്ങളെക്കൊണ്ടു ഭാവിയിലും അങ്ങിനെതന്നെ
പുലൎന്നുപോരേണ്ടതുമായ ഈ രാജ്യം, വീണ്ടും തുണ്ടുതുണ്ടായി
വിഭജിക്കപ്പെടുവാൻ മാത്രമേ വൎഗ്ഗീയവാദം ഉപകരിക്കൂ. അ
താണു് രാഷ്ട്രത്തിന്റെ ഉത്തമതാല്പൎയ്യങ്ങളെ ദീൎഘദൃഷ്ടിയോടു
കൂടി വീക്ഷിക്കുന്ന നമ്മുടെ നേതാക്കന്മാർ അധികാരം കൈ
യ്യേററ ഉടനെ ഇന്ത്യ ഒരു ഭൗതികരാഷ്ട്രമാണെന്നു പ്രഖ്യാപി
ച്ചതു്. ഇന്നത്തെ നിലയിൽ പുരോഗമനോൽസുകമായ ഏ
തൊരു കക്ഷിക്കും രാഷ്ട്രീയകാൎയ്യങ്ങളെ ആ നിലയിലേ വീക്ഷി
ക്കാനാവൂ. മതത്തിന്റേയും മററുതരത്തിലുള്ള സങ്കുചിതവല
യങ്ങളുടേയും അതിരുകളെ തുടച്ചുനീക്കി മനുഷ്യത്വം മുന്നോട്ടു
കുതിക്കുന്ന ഒരു കാലഘട്ടമാണിതു്.

ആർ. എസ്സ്. എസ്സ്. അതിന്റെ ശരിയായ ഉന്നമിന്ന
തെന്നു് ഇനിയും വ്യക്തമായിക്കഴിഞ്ഞിട്ടില്ല; ഇന്നത്തെ അ
സ്വാസ്ഥ്യങ്ങളിൽനിന്നു അനുമിക്കേണ്ടതു്,ഇന്ത്യയിൽ ഹൈന്ദ
വാധിപത്യം സംസ്ഥാപിച്ചു ഹിന്ദുമതത്തെ സുശക്തമാക്കിത്തീ
ൎക്കുകയാണു് പ്രസ്തുത സംഘടനയുടെ പ്രധാനലക്ഷ്യം എന്ന

ത്രെ. അതായതു മതത്തിൽക്കൂടി അധികാരത്തേയും അധികാരത്തിൽക്കൂടി മതത്തേയും താലോലിപ്പാനാണ് അവർ വെമ്പുന്നതു്. ഹിന്ദുമതത്തെ അതിൻെറ ശരിയായ അൎത്ഥത്തിൽ മാനിപ്പാനും പ്രചരിപ്പിക്കുവാനുമുള്ള പരിശ്രമത്തെ ആരും അകമഴിഞ്ഞു അഭിനന്ദിക്കേണ്ടതാണ്. കാരണംമനുഷ്യത്വത്തിൻെറ വികാസത്തിന്ന് മതത്തിന്നു എന്തെങ്കിലും സംഭാവനചെയ്യാൻ സാധിക്കുമെന്നു വിശ്വസിക്കുന്ന ഏതൊരാളേയും അക്കാൎയ്യത്തിൽ ഹിന്ദുമതം നിരാശപ്പെടുത്തുകയില്ലെന്നു നമുക്കു ഉറപ്പിച്ചുപറയാം. അതുപോലെ, പ്രജാധിപത്യസമ്പ്രദായം നടപ്പുള്ള, അതിനെമാനിക്കുന്ന, ഒരു രാജ്യത്തു് ഒരുപുതിയകക്ഷി അധികാരലാഭത്തിന്നുവേണ്ടി മുന്നോട്ടുവരുന്നതുംസ്വാഭാവികമാണ്; മാത്രമല്ല, അതൊരു പൌരാവകാശംകൂടിയാണ്. വാസ്തവത്തിൽ 'ഡമോക്രസി'യുടെ വിജയംതന്നെ പുതിയപുതിയ കക്ഷികൾ രംഗപ്രവേശംചെയ്യുന്നതോടുകൂടിയാണ് സമാരംഭിക്കുന്നതു്.

കാൎയ്യങ്ങൾ ഈ നിലയിലാണിരിക്കുന്നതെങ്കിൽ, ആർ. എസ്സ്. എസ്സ്. അപകടം പിടിച്ച ഒരു സംഘടനയാണെന്നും അതിനെ ആവുന്നവേഗം പിരിച്ചുവിടേണ്ടതാണെന്നും പറവാൻ എന്താണ് കാരണം?

ഹിന്ദുമതത്തെ സ്നേഹിക്കുന്നുവെന്നു അവകാശപ്പെടുന്ന രാഷ്ട്രീയസ്വയംസേവക്സംഘം, യഥാൎത്ഥത്തിലുള്ള ഹിന്ദുമതത്തെയല്ല, അതിൻെറ ജീൎണ്ണവും ജരാജടിലവുമായ പുറംതോലിനെമാത്രമാണ് സ്നേഹിക്കുന്നതു്. ഹൈന്ദവസംസ്കാരത്തിൻെറ അടിത്തട്ടുവരെ ഇറങ്ങിച്ചെല്ലാൻ കഴിഞ്ഞ ഏതൊരാളും, പ്രസ്തുതസംസ്കാരം—മതം—ഒരു പ്രത്യേകവൎഗ്ഗത്തിന്നോ രാഷ്ട്രത്തിന്നോ കാലത്തിന്നോ മാത്രം അവകാശപ്പെട്ടതാണെന്നു വാദിക്കുകയില്ല. കാലദേശപരിച്ഛിന്നമല്ലാത്ത മനുഷ്യസമുദായമാകമാനമാണ് ആൎഷമതത്തിൻെറ ലക്ഷ്യം. 'ലോകാസ്സമസ്താ: സുഖിനോ ഭവന്തു' എന്നു ആശംസിച്ച ആൎഷഭാരതം, സങ്കുചിതമായ വൎഗ്ഗീയത്വത്തെ മാനിക്കുന്നുവെന്നു പറയുന്നതിന്നു എന്തൎത്ഥമാണുള്ളതു്? കത്ത്യവാറിലെ ഒരു സാധാരണകുടുംബത്തിൽ ജനിച്ച കരംചന്ത്ഗാന്ധിയെ മനുഷ്യവംശോദ്ധാരകനായി മാററാൻ സഹായിച്ച അനുശാസനങ്ങളേയോ, അതാണ് യഥാൎത്ഥമായ ഹിന്ദുമതത്തിൻെറ സ്വരൂപം. താൻ ഒരു ഹിന്ദു

വന്നെ വിളിക്കപ്പെട്ടുന്നതിൽ അഭിമാനംകൊള്ളുന്നതായി ഗാന്ധിജിതന്നെ പലപ്പോഴും പറഞ്ഞിട്ടുണ്ട്. ആചാര്യശങ്കരന്റേയും രാമാനുജന്റേയും വിചാരരശ്മികൾ വീണ് സുഗമവും പ്രകാശപൂർണ്ണവുമായിത്തീർന്ന ആ ആർഷകല്പിതമായ അദ്ധ്യാത്മവിദ്യാപദ്ധതിയെവിടെ? ആർ. എസ്സ്. എസ്സുകാർ അവകാശപ്പെടുന്ന പുണ്ഡ്റത്തിന്റേയും ശിഖയുടെയും പ്രാതിനിദ്ധ്യമെവിടെ? അവർ അമൂല്യവും അനശ്വരവുമായ ആർഷസംസ്കാരത്തിന്റെ പേരുംപറഞ്ഞു്, വെറുംകക്ഷിത്തൊണ്ടിനുവേണ്ടി വാദിക്കുകയാണ്.

ഹിന്ദുമതം നശിക്കുക!—അതൊരിക്കലുമുണ്ടാകാത്തതാണ്. കാരണം, അത്രയും ഈടുററതരത്തിലാണ് അതിന്റെ അടിത്തറ പണിചെയ്തിട്ടുള്ളതു്. മനുഷ്യൻ വൈജ്ഞാനികമായി മുന്നോട്ടുപോകുംതോറും അതിന്റെ ദിവ്യദീപ്തികണ്ടു അത്ഭുതസ്തിമിതനായിത്തീരുകയാണ്. ഭൗതികശാസ്ത്രങ്ങൾ തീവ്രാട്ടഹാസം മുഴക്കുന്ന ഈ ആറേറാമിക് യുഗത്തിലും, ത്യാഗത്തിന്റേയു. സേവനത്തിന്റേയും സന്ദേശംവഹിച്ച് അതു് തലയുയർത്തിനില്ക്കുന്നു.

സ്നേഹിക്കയുണ്ണി നീ നിന്നെ–
ദ്രോഹിക്കുന്ന ജനത്തെയും

എന്ന് അനുശാസിക്കുകയും,

അഘമൊക്കെയകന്നടിക്കണം
സുഖമിങ്ങെന്റെ വിരോധികൾക്കുമെ

എന്ന് ആശംസിക്കുകയും ചെയ്യുന്ന ഒരു സംസ്കാരം — മതം — മാനവപുരോഗതിക്ക് എങ്ങനെയാണു വിലങ്ങടിച്ചുനില്ക്കുക? അതു നശിക്കുന്നതെങ്ങനെ?

ഇന്ത്യയുടെ സുദീർഘമായ ഭൂതകാലചരിത്രത്തിൽ ഇതിന്നു മുമ്പും മതത്തിന്റെ പേരിൽ വർഗ്ഗീയത്വം വാളുയർത്തിട്ടുണ്ട്. ഈ രാജ്യത്തിന്റെ പ്രാക്തനമാഹാത്മ്യം നശിച്ച് നാം പരിഹാസ്യരാവാൻ കാരണം ഇടുങ്ങിയവർഗ്ഗീയത്വം തലയുയർത്തിയതാണെന്ന് ഈയിടയിൽ പണ്ഡിററനെഹ്റു പ്രസ്താവിച്ചപ്പോൾ, അദ്ദേഹം ഇന്ത്യയുടെ അതീത ചരിത്രത്തിലേയ്ക്കു ശ്രോതാക്കളുടെ ശ്രദ്ധയെക്ഷണിക്കുക മാത്രമാണുണ്ടായതു്. തിക്ഷ്ണപ്രഭമായ ആർഷസംസ്കാരത്തിന്മേൽ കരിവാരിപ്പൂശുവാൻ ഉപനിഷൽക്കാലത്തിനുശേഷം ബ്രാഹ്മണമേധാവിത്വം ഉററു ശ്രമി

ക്കുകയുണ്ടായി. ആ ശ്രമത്തെ പരാജയപ്പെടുത്തി ഋഷികളുടെ ആദർശത്തെ പുനസ്ഥാപിപ്പാൻ അന്നു മുന്നോട്ടുവന്നതു് ബുദ്ധനായിരുന്നു. വളരെക്കാലം വേണ്ടിവന്നില്ല, മനുഷ്യത്വത്തിനും ജീവിതശുദ്ധിക്കും വേണ്ടിവാദിച്ച ആ മഹാപുരുഷനേയും വർഗ്ഗമേധാവിത്വം കറുപ്പിച്ചു കാണിപ്പാൻ. എഴുനൂറോ എണ്ണൂറോ കൊല്ലം കഴിഞ്ഞപ്പോഴേയ്ക്കും ഇന്ത്യ വീണ്ടും പഴയപടിയിലായി.

ചരിത്രം അത്ഭുതകരമാംവണ്ണം ആവർത്തിക്കുകയാണ്: ബുദ്ധനുശേഷം ഇന്ത്യയിലുണ്ടായിട്ടുള്ള ഹിന്ദുമതസംസ്കർത്താക്കളിൽ എല്ലാംകൊണ്ടും അഗ്രിമനത്രെ മഹാത്മജി. ആർഷമതത്തിന്റെ ഏററവും സജീവമായ ഒരു വ്യാഖ്യാനമാണ് അദ്ദേഹത്തിന്റെ ജീവിതം. ഹിന്ദുമതത്തിൽ കാലൂന്നിനിന്നുതന്നെ അദ്ദേഹം മനുഷ്യരെഅന്യോന്യം വേർതിരിച്ചുനിർത്തുന്ന മിഥ്യാരേഖകൾ മാച്ചുകളഞ്ഞു. അദ്ദേഹത്തിൽക്കൂടിയാണ് ഉപനിഷത്തുകളിലും ഗീതയിലും പ്രതിപാദിക്കപ്പെട്ട ഹൈന്ദവതത്വങ്ങളുടെ ശരിയായ സ്വരൂപം ആധുനികലോകം കണ്ടറിഞ്ഞതു്. അന്ന് ശ്രീബുദ്ധനെ എന്നപോലെ ഇന്നിതാ അദ്ദേഹത്തിന്റെ അനുശാസനങ്ങളെയും അവഗണിച്ച് വർഗ്ഗമേധാവിത്വം മുന്നോട്ടു ഇരമ്പിക്കുതിക്കുന്നു.

അപ്പോൾ, രാഷ്ട്രീയസ്വയം സേവക്സംഘം ഹിന്ദുമതത്തിനുവേണ്ടിയാണ് നിലകൊള്ളുന്നതെങ്കിൽ, അവർക്കു അടിമുതൽ മുടിവരെയും പിഴച്ചിരിക്കുന്നു. പ്രാദേശികത്വത്തിലും ബാഹ്യാചാരങ്ങളിലും വേർപാഞ്ഞു നില്ക്കുന്ന മതബോധം, അതെത്രതന്നെ ആത്മാർത്ഥതയുള്ളതായാലും ശരി, ഇന്നത്തെ ജീവിതച്ചന്തയിൽ വിലപ്പോകാത്ത ഒരു പാഴ്ച്ചരക്കാണ്. അതിനെ ആവുന്നവേഗം കഴിച്ചുമൂടിയാലേ ജീവിതത്തിനു ഒരിഞ്ചെങ്കിലും മുന്നോട്ടു നീങ്ങാൻ കഴിയൂ. ആര്യവർഗ്ഗാഭിമാനംകൊണ്ട് നാസികൾ, ആദ്യം ജർമ്മനിയിലും പിന്നീടു ലോകത്തിലും വരുത്തികൂട്ടിയ നാശങ്ങൾ നാം തന്നെ കണ്ടുകഴിഞ്ഞതാണ്. ദ്രവിഡത്വത്തിന്റെ പേരിൽ തെക്കെ ഇന്ത്യയിൽ നടക്കുന്ന കോപ്പിരാട്ടിത്തരങ്ങളും നമുക്ക് അപരിചിതമല്ല. അനുഭവത്തിൽനിന്നു പഠിച്ച ഈ വിലപ്പിടിച്ച പാഠങ്ങൾ അവഗണിക്കപ്പെടുന്ന പക്ഷം, ജീവിതാനുഭവങ്ങളും പുരോഗതിയും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നു സമ്മതിക്കേണ്ടിവരും.

മതം മനുഷ്യന്നു വേണ്ടിയുള്ളതാകുന്നേടത്തോളം കാലം അപകടമൊന്നുമില്ല; മറിച്ച്, മനുഷ്യൻ മതത്തിന്നു വേണ്ടിയാകുമ്പോഴാണ് അധഃപതനമാരംഭിക്കുന്നു. ആ ഘട്ടത്തിൽ മതത്തെ നശിപ്പിച്ചും മനുഷ്യത്വത്തെ ഉയർത്തിക്കൊണ്ടു വരണം. ആർ. എസ്സ്. എസ്സിന്ന് മതവും മനുഷ്യനുമായുള്ള ബന്ധത്തെ ഈ നിലയിൽ വീക്ഷിപ്പാൽ സാധിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ, ഇന്നത്തെ അന്തരീക്ഷത്തെ ഇത്രയും പ്രക്ഷുബ്ധമാക്കാൻ അവർ ഉദ്യമിക്കില്ലായിരുന്നു. ഗാന്ധിജി അന്നുതന്നെ ചൂണ്ടിക്കാണിച്ചപോലെ, ഹിംസകൊണ്ടു ഹിന്തുമതത്തെ വികസിപ്പിക്കാമെന്ന വ്യാമോഹത്തിന്നും ആ കക്ഷിക്കാർ വിധേയരാകില്ലായിരുന്നു.

ഇനി ആർ. എസ്സ്. എസ്സിൻെറ രാഷ്ട്രീയമായ നിലപാടു എത്രത്തോളം ഭദ്രമാണെന്നു പരിശോധിക്കാം. 'ഡമോക്രസി'യുടെ രാജ്യത്തു് അധികാരലാഭത്തിന്നുവേണ്ടി ഏതെങ്കിലുമൊരു കക്ഷി മുന്നോട്ടു വരുന്നതു് കേവലം സ്വാഭാവികം മാത്രമാണെന്നു ഇതിന്നുമുമ്പു ചൂണ്ടിക്കാണിക്കുകയുണ്ടായി. അങ്ങനെയുള്ള ഒരു കക്ഷിയുടെ വിജയമിരിക്കുന്നത് നിയമവിധേയമായ മാർഗ്ഗങ്ങളിലൂടെ ജനസമ്മതി നേടുന്നതിൽ മാത്രമാണ്. കഴിഞ്ഞ അറുപതിൽപരം കൊല്ലങ്ങളായി രാഷ്ട്രമീമാംസയിൽ ഇന്ത്യ പഠിച്ച പ്രധാന പാഠം ഏതിലും മീതെ നീതിയെയും നെറിയെയും മാനിക്കുക എന്നതായിരുന്നു. കോൺഗ്രസ്സ് അങ്ങനെ ഒരു നയം അല്ല, വിശ്വാസം, സ്വീകരിച്ചതു് വെറും അധികാരലാഭത്തിന്നുവേണ്ടി മാത്രമായിരുന്നില്ല; ലഭിച്ച അധികാരം നീണാൾ നിലനില്ക്കുന്നതിന്നു ആ പദ്ധതിമാത്രമേ പ്രയോജനപ്പെടൂ. എന്നു ദൃഢബോധമുള്ളതുകൊണ്ടും, സർവ്വോപരി അതൊന്നാണ് നാഗരികോചിതമായ മാർഗ്ഗമെന്നു കരുതിയതുകൊണ്ടും കൂടിയാണ്. വസ്തുതകളെ വിശാലഹൃദയത്തോടുകൂടി വീക്ഷിക്കുന്ന ഏതൊരു കക്ഷിക്കും കോൺഗ്രസ്സിൻെറ ഈ നിലവാട് ഉന്നംപിഴച്ചതാണെന്നു പറവാൻ ധൈര്യമുണ്ടാവില്ല. ആർ. എസ്സ്. എസ്സ്. പോതുജനദൃഷ്ടിയിൽ ഇന്നും ഒരു രഹസ്യസംഘടനയാണ്. അതിൻെറ പരിപാടികൾ നാം കണ്ടുകഴിഞ്ഞേടത്തോളം, രാഷ്ട്രത്തിലെ ഭൂരിപക്ഷം ജനതയും ഇന്നു വിശ്വാസപ്രമാണമായി അംഗീകരിച്ചുകഴിഞ്ഞിട്ടുള്ള അക്രമരാഹിത്യത്തിൽ അടിയുറച്ചുനിൽക്കുന്നതല്ലി

അങ്ങനെയുള്ള ഒരു സംഘടന അധികാരപദവിയിലേയ്ക്കു വലിഞ്ഞുകയറുന്നതിനെ നിരോധിക്കേണ്ടതു് നാഗരികതത്വത്തെ മാനിക്കുന്ന ഏതൊരു ഗവൎമ്മേണ്ടിൻെറയും ഭരണപരമായ ഒരു വെറും നീതി മാത്രമാണു്.

വൈചാരികവും വൈകാരികവുമായ എല്ലാത്തരം നേട്ടങ്ങളോടുംകൂടി അനവരതം മുന്നോട്ടുകുതിച്ചുകൊണ്ടിരിക്കുന്ന ലോകത്തിൽ ഇന്ത്യയ്ക്കും അതിൻെറതായ സ്ഥാനം സിദ്ധിക്കണം. ഈ രാജ്യത്തിൻെറ പുരാതനമാഹാത്മ്യത്തിൽ വിശ്വസിക്കുന്ന ഒരാൾക്കു് ലോകഗതിയെ നിയന്ത്രിപ്പാൻ ഇന്ത്യക്കുള്ള കഴിവിനെപ്പററി അഭിപ്രായഭേദമുണ്ടാവില്ല. ആ കഴിവു കൈവരണമെങ്കിൽ, വിശാലഹൃദയത്തോടും ദീൎഘദൃഷ്ടിയോടുംകൂടി ഓരോ ഇന്ത്യക്കാരനും വൎഗ്ഗമതവിചാരംകൂടാതെ കോൺഗ്രസ്സിൻെറപിന്നിൽ അണിനിരക്കുകയാണു് ഇന്നു വേണ്ടിയിരിക്കുന്നതു്. വൎഗ്ഗമേധാവിത്വം ഇന്ത്യയെ ഒററപ്പെടുത്താനേ സഹായിക്കു. ഒററപ്പെട്ടുനില്ക്കുന്ന ഒരു രാഷ്ട്രത്തിന്നു ഭാവിലോകത്തിൽ സ്ഥാനമില്ല. ജീവിതത്തിലെ എല്ലാരംഗങ്ങളിലും അതു സ്വയംആത്മഹത്യവരിക്കേണ്ടിവരും.

മതത്തിന്നും അധികാരലബ്ധിക്കുംവേണ്ടിയുള്ള ആർ. എസ്സ്. എസ്സിൻെറ പരിശ്രമങ്ങൾ അൎത്ഥശൂന്യവും ആപൽക്കരവുമാണെന്നു നാം കണ്ടു. ഈ നിലയിൽ പ്രസ്തുതസംഘടന എത്രവേഗം കോൺഗ്രസ്സിൽ ലയിച്ചു് ഇന്ത്യയേയും ലോകത്തേയും സേവിപ്പാൻ മുതിരുന്നുവോ, അത്രയും അതു സ്വന്തംപിഴതിരുത്തുന്നതിൽ ആത്മാൎത്ഥത പ്രദൎശിപ്പിച്ചു എന്ന സൽപ്പേരിന്നു പാത്രമായിത്തീരും. മറിച്ചായാലോ, കാലത്തിൻെറ സ്വച്ഛന്ദവിഹാരത്തിന്നു സ്വയംഉഴിഞ്ഞുവിട്ട വിശാലമായ ഹിന്ദുമതത്തെ കളങ്കപങ്കിലമാക്കുകയാവും ഫലം. അധികാരലാഭത്തിന്നുവേണ്ടി രാഷ്ട്രീയകക്ഷി എന്ന നില കൈക്കൊണ്ടാലോ, നാശംപിടിച്ച നാസിസംപോലെ നാട്ടിന്നും നാട്ടാൎക്കും പൊറുതികേടുണ്ടാക്കി സ്വയം നശിക്കേണ്ടതായുംവരും. അതുകൊണ്ടു ആർ. എസ്സ്. എസ്സുകാരും അവരുടെ അനുയായികളും വസ്തുസ്ഥിതികളും കാലത്തിൻെറ ഗതിയും ഉററുപഠിച്ചു് ആത്മഹത്യാപരമായ തങ്ങളുടെ സംരംഭത്തിൽനിന്നു ആവുന്നവേഗം വിരമിക്കേണ്ടിയിരിക്കുന്നു.

# ജീവിയ്ക്കുവാൻ ശീലിയ്ക്കുക.

(എ. സി. ഗോവിന്ദൻ, ബി. എ.)

നമ്മുടെ ആളുകളിൽ അധികംപേൎക്കും ജീവിക്കുവാൻ അറിയുകയില്ലെന്നുതന്നെ പറയാം. എങ്ങിനെയെങ്കിലും കണ്ടമാനം ജീവിതംനയിക്കുന്നവരാണ് അധികംപേരും. ജീവിതം ഒരു കലയാണെന്നും, ആ കലയിൽ പ്രാഗത്ഭ്യം സമ്പാദിക്കുന്നവൎക്കേ ജീവിതവിജയം കൈവരികയുള്ളുവെന്നും വളരെ ചുരുക്കംപേൎക്കേ അറിയുകയുള്ളു. അതിനാൽ ആദൎശപരമായ ജീവിതം നയിക്കുവാൻ പ്രേരകങ്ങളായ ഏതാനും ചില സംഗതികളെമാത്രം താഴെ കുറിക്കുന്നു.

നമ്മിൽ ഓരോരുത്തൎക്കും ജീവിതത്തിൽ ശരിയായിട്ടുള്ള ഒരു ലക്ഷ്യം ഉണ്ടായിരിക്കണം. ആ ലക്ഷ്യത്തിൽ എത്തിച്ചേരുമെന്നും ചേരണമെന്നും ഉള്ള ഒരു ധീരവിചാരം നമ്മിൽ സ്ഥായിയായി ഉണ്ടായിരിക്കണം. ലക്ഷ്യത്തെ ഉദ്ദേശിച്ചുകൊണ്ടുള്ള നമ്മുടെ പുരോഗതിയിൽ നമുക്കു നേരിടുന്ന തോൽമകളെ നാം മന:പൂൎവ്വം വിസ്മരിക്കുകതന്നെവേണം. എന്നു മാത്രമല്ല, ഓരോ തോൽമയും ജീവിതലക്ഷ്യത്തിലേക്കു നമ്മെ കൂടുതൽ അടുപ്പിക്കുകയാണെന്നും നാം മനസ്സിലാക്കി പ്രവൎത്തിക്കുകയും വേണം.

ആദൎശപരമായജീവിതം നയിക്കുവാൻ നാം എപ്പോഴും ശ്രദ്ധിക്കണം. നമ്മുടെ ആദൎശങ്ങൾ എപ്പോഴും ഉയൎന്നവയും നമ്മുടെ ജീവിതലക്ഷ്യത്തിൽ നമ്മെ എത്തിക്കുവാൻ സഹായിക്കുന്നവയുമായിരിക്കണം. താണ ആദൎശങ്ങൾവെച്ചു പ്രവൎത്തിക്കുന്നതു പാവനമായ മനുഷ്യത്വത്തോടു ചെയ്യുന്ന ഒരപരാധമാകുന്നു. നാം ഉദ്ദേശിക്കുന്നതരത്തിലുള്ള ആദൎശജീവിതത്തെ ശരിയാംവണ്ണം നിയന്ത്രിക്കുന്നതിന്നു നമ്മെ സഹായിക്കുന്ന ചില മൂലപ്രമാണങ്ങളെ മുറുകെ പിടിക്കണം. വേദവേദാംഗങ്ങളിൽ പാണ്ഡിത്യം സമ്പാദിക്കുന്നതിനേക്കാൾ അധികം പ്രധാനമായിട്ടുള്ളതു് അതാണു്.

ബേററൻ എന്ന ചിന്തകൻ പറയുന്നതുപോലെ സൽഗുണങ്ങൾ വളർത്തുവാനുള്ള മഹനീയമായ ഒരവസരമായിട്ടാണ് ജീവിതത്തെ ഓരോരുത്തരും കരുതേണ്ടതു്. എത്രകാലം ജീവിച്ചുവെന്നുള്ളതല്ല കാര്യം; എങ്ങിനെ ജീവിച്ചുവെന്നുള്ളതാണ്. അതുപോലെതന്നെ ഒരാൾക്ക എത്രകണ്ടു അറിവുണ്ടു എന്നുള്ളതല്ല കാര്യം. ആ അറിവിനെ അയാൾ എങ്ങിനെ ഉപയോഗപ്പെടുത്തുന്നു എന്നതാണ്.

സ്നേഹവും സേവനവുമായിരിക്കണം ജീവിതത്തിൽ നമ്മുടെ മുദ്രാവാക്യം. സ്നേഹിക്കുവാൻ കഴിയാത്ത മനുഷ്യൻ മനുഷ്യനല്ല. അതുപോലെതന്നെ ത്യാഗസന്നദ്ധമല്ലാത്ത ജീവിതവും ജീവിതമല്ല. വാസ്തവത്തിൽ സ്നേഹവും സേവനവുമാണ് മർത്ത്യജീവിതത്തിന്ന കാന്തിയും പരിമളവും ഉണ്ടാക്കിത്തീക്കുന്നതു്. ഗാന്ധിജിയുടെ ജീവിതവിജയത്തിനുള്ള ഏകകാരണം ഇതായിരുന്നു.

നമ്മുടെ ജീവിതംകൊണ്ടു നമുക്ക ചുററുമുള്ളവക്കു വല്ല ഉപകാരവും ഉണ്ടാകുന്നുണ്ടോ എന്നു നാം എപ്പോഴും ആലോചിച്ചുകൊണ്ടിരിക്കണം. പരോപകാരതൽപരതയാണ് മനുഷ്യജീവിതത്തിന്നു മാററു കൂട്ടുന്നതു്. "എവിടെ നോക്കിയാലും ബുദ്ധിമുട്ടുകൾകൊണ്ടു കഷ്ടപ്പെടുന്ന ആളുകളെ കാണാം. മററുള്ളവരുടെ അനുകമ്പക്കും ഉപദേശത്തിനും അവർ കൊതിക്കുന്നു. അവരെ സഹായിക്കുവാനും ആശ്വസിപ്പിക്കുവാനും നമുക്ക വല്ലതും ചെയ്തുകൂടെ" എന്നാണ് ബെന്നററ് എന്ന ചിന്തകൻ ചോദിക്കുന്നതു്. ഇതേ ചോദ്യംതന്നെ നമ്മിൽ ഓരോരുത്തരും നമ്മോടുതന്നെ എപ്പോഴും ചോദിച്ചുകൊണ്ടിരിക്കണം.

സത്യവും ആത്മാൎത്ഥതയുമായിരിക്കണം ജീവിതത്തിൽ നമ്മുടെ പ്രധാനാദർശങ്ങൾ. നമ്മുടെ സ്വഭാവത്തെ രൂപവൽക്കരിക്കുന്നതിനും നമ്മെ സ്വഭാവദാർഢ്യമുള്ളവരാക്കിത്തീക്കുന്നതിനും ഈ രണ്ടാദർശങ്ങളാണ് നമ്മെ കാര്യമായി സഹായിക്കുന്നതു്. നമ്മുടെ വാക്കിലും പ്രവൃത്തിയിലും, സർവ്വോപരി വിചാരത്തിലും നാം സത്യമുള്ളവരായിരിക്കണം. നമ്മുടെ എല്ലാപ്രവൃത്തികളും ആത്മാൎത്ഥതയിൽനിന്നു ഉടലെടുത്തവയായിരിക്ക

ണം. സത്യത്തോടും ആത്മാർത്ഥതയോടുംകൂടി ജീവിതംനയിക്കു വാൻ ശ്രമിക്കുന്നവക്കു പലതരത്തിലുള്ള ബുദ്ധിമുട്ടുകളും ത്യാഗ ങ്ങളും അനുഭവിക്കേണ്ടിവരും. എന്നിരുന്നാലും കാലാന്തര ത്തിൽ അവരുടെ ത്യാഗസുരഭിലമായ ജീവിതത്തിൻെറ മാഹാ ത്മ്യം വെളിപ്പെടാതിരിക്കയില്ല.

അവനവൻെറ വാസനക്കനുസരിച്ചുള്ള ജോലികളിൽ ഏപ്പെട്ടു ധാർമ്മികമായിട്ടുള്ള മാർഗ്ഗങ്ങളിൽക്കൂടി ധാരാളം സ മ്പാദ്യമുണ്ടാക്കുവാൻ ശ്രമിക്കണം. പണംസമ്പാദിക്കുന്നതിനു വിരോധമില്ല. പണം മനുഷ്യൻെറ സുഖത്തിനുള്ള ഉപകരണ മാണ്. എന്നാൽ പണത്തെ വേണ്ടതരത്തിൽ ഉപയോഗപ്പെ ടുത്തുവാനാണ് ശീലിക്കേണ്ടതു്. "പണത്തെ വേണ്ടപോലെ ഉപയോഗപ്പെടുത്താതിരിക്കുന്നതു് പണമില്ലാത്തതിനു സമമാ ണ്. പണം നമ്മുടെ യജമാനനല്ല; ദാസനാണ്." ഈ തത്വം പ്രത്യേകം മനസ്സിലാക്കണം.

# കുട്ടികളുടെ ലോകം

## I

## ഏററവും വിലപ്പെട്ട വസ്തു.

എന്താണ് ലോകത്തിലെ ഏററവും വിലപ്പെട്ട വസ്തു? മൂന്നു രാജകുമാരന്മാർ തമ്മിൽ ഒരിക്കൽ ആ ചോദ്യം ചോദിച്ചു. അതു് കണ്ടുപിടിക്കാൻ പത്തുവഷം വേണ്ടിവന്നു.

വലിയ രാജാവ് മരിച്ചപ്പോഠം മക്കഠം മൂന്നുപേരും കുട്ടികളായിരുന്നു. അടുത്തൊരു ശത്രുരാജാവുണ്ടായിരുന്നു. അയാഠം നല്ല തക്കംകണ്ടു രാജ്യം പിടിച്ചടക്കാൻ ഇതുതന്നെ തരം ഒരു വിഷമവുമുണ്ടായില്ല. രാജ്യം അയാളുടെ കൈയിലായി. രാജകുമാരന്മാക്ക ഒളിച്ചോടി പോകേണ്ടിവന്നു. ശത്രു കണ്ടുപിടിച്ചാൽ കൊന്നുകളയും.

കുമാരന്മാർ നടന്നുനടന്നു ക്ഷീണിച്ചു. വിശപ്പുതടുക്കാൻ വയ്യ. ദാഹവും അതികഠിനം. രാത്രി പകുതിയുമായി. എന്തു ചെയ്യണമെന്നു് അറിഞ്ഞുകൂട. ബോധംകെട്ടു വീഴുമെന്ന നിലയായി. അപ്പോഴാണ് ദൂരെ ഒരു വിളക്കു കണ്ടതു്. ക്ഷീണിതരായ അവർ അങ്ങോട്ടു നടന്നു. ഒരു വീടുണ്ടു്. അവിടെ ഒരു കിഴവനും അയാളുടെ കൊച്ചുമകളുമുണ്ടു്. കിഴവൻ വലിയ ദയവുള്ളവനായിരുന്നു അയാഠം അവക്കു ചോറും കറിയും കൊടുത്തു അവിടെ കിടന്നുറങ്ങാൻ സമ്മതവും കൊടുത്തു.

പക്ഷെ അവക്കു് ഉറക്കം വന്നില്ല. രാജ്യം തീരെ പിടിച്ചെ തീരൂ. പക്ഷെ വലിയ വിഷമമുണ്ടു്. ശത്രുവിനു് വലിയ സൈന്യമുണ്ടു്. വേണ്ട പണവുമുണ്ടു്. എങ്ങനെയാണ് അയാളെ ഓടിക്കുക? അവർ ആലോചിച്ചു. ഉത്തരം കിട്ടിയില്ല. പിന്നെയും ആലോചിച്ചുകൊണ്ടിരുന്നു.

പെട്ടെന്നു് മൂത്ത രാജകുമാരൻ അനുജന്മാരോടു ചോദിച്ചു; "എന്താണ് ലോകത്തിലെ ഏററവും വിലപ്പെട്ട വസ്തു?"

അവർ തലയുയർത്തി ജ്യേഷ്ഠനെ നോക്കി. ഇളയവൻ പറഞ്ഞു: "എനിക്കറിഞ്ഞുകൂട" പക്ഷെ അയാളുടെ ആലോചന കിഴവൻെറ കൊച്ചുമകളെപ്പററിയായിരുന്നു. എന്തൊരു സൌന്ദര്യം! എന്തൊരു സ്വഭാവം! എന്നൊക്കെ

രണ്ടാമൻ പറഞ്ഞു: "ശക്തിതന്നെ. ശക്തി. അതുള്ളതുകൊണ്ടാണല്ലോ ശത്രു നമ്മെ ആട്ടി പുറത്താക്കിയതു്."

ജ്യേഷ്ഠൻ പറഞ്ഞു, ശക്തിയല്ലെന്നു്, പണമാണെന്നു്: പണമാണല്ലോ ശക്തിക്കു കാരണം. പണമില്ലാത്തവൻ പിണമാണു്.

രണ്ടാമൻ എതിർത്തു. ജ്യേഷ്ഠൻ വിട്ടില്ല. തക്കമായി. അടിപിടി ആവുമെന്ന മട്ടായി. ഇളയവൻ മാത്രം മിണ്ടാതെ ആലോചിച്ചുകൊണ്ടിരുന്നു. എന്താണു് ലോകത്തിലെ ഏററവും വിലപ്പെട്ട വസ്തു?

പിറെറദിവസം മൂന്നുപേരും യാത്രപറഞ്ഞു പിരിഞ്ഞു. മൂത്തയാൾ കിഴക്കോട്ടാണു പോകുന്നതു്. കിഴക്കൻദിക്കിൽ ചെന്നു് വേണ്ട പണം സമ്പാദിക്കണം. രണ്ടാമൻ പടിഞ്ഞാറോട്ടാണു് പോകുന്നതു്. പടിഞ്ഞാറൻദിക്കുകളിൽചെന്നു് സൈന്യമുണ്ടാക്കണം. ഒരാൾക്കു പണം, മറെറയാൾക്കു സൈന്യം. രണ്ടും ചേർന്നാൽ ശത്രുവിനെ ആട്ടിക്കളയാം, രാജ്യം വീണ്ടെടുക്കാം, സുഖമായി ജീവിക്കാം. ഇളയവനെപ്പററി അവർ അത്രയധികം ആലോചിച്ചില്ല.

പത്തുവർഷം കഴിഞ്ഞു് അതേദിവസം ആ ഗൃഹത്തിൽ വെച്ചു് തമ്മിൽ കാണാം. അതായിരുന്നു നിശ്ചയം.

അങ്ങനെ ഒന്നാമൻ കിഴക്കോട്ടുപോയി. രണ്ടാമൻ പടിഞ്ഞാറോട്ടും.

കാലം കഴിഞ്ഞുകൊണ്ടിരുന്നു ഒന്നു, രണ്ടു്, ഇങ്ങനെ പത്തുവർഷങ്ങൾ ഇഴഞ്ഞിഴഞ്ഞുപോയി. നിശ്ചയിച്ച ദിവസവും ഒടുവിൽ വന്നുചേർന്നു.

അന്നു് വസന്തം തുടങ്ങിക്കഴിഞ്ഞിരുന്നു. മുററത്തെ ചെടികളിൽ മനോഹരമായ പൂക്കൾ വിടർന്നുനിന്നു. വൃക്ഷങ്ങളിൽ ലതകൾ പടർന്നുപിടിച്ചുനിന്നു. അവയിലും വിരിഞ്ഞുനിന്നു എണ്ണിയാൽ ഒടുങ്ങാത്ത പൂക്കൾ. ഇളംവെയിൽതട്ടി അവ തിളങ്ങി. അവിടെ വാതിലിൽ നിന്നിരുന്ന ഒരു യുവ

തി. പൂക്കളെക്കാൾ സൌന്ദൎയ്യമുണ്ടായിരുന്നു അവൾക്കു്. അമ്പിളിക്കലപോലുള്ള ഒരു കൈക്കുഞ്ഞിനെ അവൾ മാറത്തു ചേൎത്തുപിടിച്ചിരുന്നു. മിടുമിടുക്കന്മാരായ രണ്ടു ആൺകുട്ടികൾ അവളുടെ ഇരുവശങ്ങളിലും ചേൎന്നുനിന്നു. അമ്മക്കു എന്തൊരു ആനന്ദമായിരുന്നു അപ്പോൾ! അവളുടെ മുഖം സന്തോഷത്താൽ വിടൎന്നിരുന്നു. ശാന്തിയും സമാധാനവും അവിടെ കളിയാടി.

കിഴക്കുനിന്നും പടിഞ്ഞാറുനിന്നും രണ്ടു മഹാസൈന്യങ്ങൾ അങ്ങോട്ടു വരുന്നുണ്ടായിരുന്നു. ആദ്യം കിഴക്കുനിന്നു് വന്നവരെപ്പററി പറയാം. എല്ലാവരും ഒട്ടകത്തിന്റെ പുറത്തു ഇരുന്നിരുന്നു. പളപളാ എന്നു തിളങ്ങി അവരുടെ വസ്ത്രങ്ങൾ. ഒട്ടകങ്ങളുടെ ഇരുവശത്തും വലിയ പണക്കിഴികൾ തൂങ്ങിക്കിടന്നു. മുമ്പിലായി ഒരാനയും അമ്പാരിയും. ആനയുടെ നെററിപ്പട്ടം തനി സ്വൎണ്ണമാണു്. പച്ചപ്പട്ടുകൊണ്ടു പൊതിഞ്ഞിരുന്നു അമ്പാരി. അതിനകത്തു് സ്വൎണ്ണത്തലപ്പാവും സ്വൎണ്ണവസ്ത്രങ്ങളും അണിഞ്ഞ ഒരാൾ ഇരുന്നിരുന്നു. അയാളുടെ മുഖം, പക്ഷെ, വാടിയിരുന്നു. സന്തോഷത്തിന്റെ കണികപോലും കാണപ്പെട്ടില്ല. ഉള്ളതിൽ കൂടുതൽ പ്രായവും തോന്നും. നെററിയിലും കവിളിലും ചുളിവുകൾ വീണുകഴിഞ്ഞു. കണ്ണുകൾ മാത്രം വജ്രമണികൾപോലെ തിളങ്ങി. ആദ്യത്തെ രാജകുമാരനായിരുന്നു അയാൾ.

പടിഞ്ഞാറുനിന്നു വന്നതു് രണ്ടാമനായിരുന്നു. ഒരു ലക്ഷം പട്ടാളക്കാരെയും നയിച്ചുകൊണ്ടാണു് അയാൾ വരുന്നതു്. ഭടന്മാൎക്കെല്ലാം പടച്ചട്ടയുണ്ടു്, വാളുണ്ടു്, കുന്തമുണ്ടു്, കൊമ്പൻമീശയുമുണ്ടു്. അവർ വീട്ടിനടുത്തെത്തി. അവരുടെ അണികളിൽനിന്നു ഒരാൾ കുതിരയോടിച്ചു മുമ്പോട്ടുവന്നു. നായകനാണു് എന്നു് ഒററനോട്ടത്തിൽ കാണാം: ആനപ്പുറത്തിരിക്കുന്ന ആളും കുതിരപ്പുറത്തിരിക്കുന്ന ആളും തമ്മിൽ കണ്ടു. അവൎക്കു അന്യോന്യം മനസ്സിലായി. ഓടിവന്നു തമ്മിൽ കെട്ടിപ്പിടിച്ചു. പത്തുവൎഷത്തെ വേർപാടു്! എന്തെന്തെല്ലാം പറയാനുണ്ടായിരുന്നു! അനിയനാണു് ആദ്യം സംസാരിച്ചതു്. "ജ്യേഷ്ഠാ! ജ്യേഷ്ഠൻ ആകപ്പാടെ മാറിപ്പോയല്ലോ. എനിക്കു് കണ്ടിട്ടു് മനസ്സിലായില്ല. വളരെ വാൎദ്ധക്യം തോന്നുന്നല്ലോ. അതെന്തു്"?

ജ്യേഷ്ഠൻ "അനിയാ, പത്തുവഷം ഞാൻ കഷ്ടപ്പെട്ട വേലചെയ്തു. ഊണുമില്ല ഉറക്കവുമില്ല. എല്ലുമുറിയെ വേലചെയ്ത പണം സമ്പാദിച്ചു. ഇന്ന് ഞാനാണ് ലോകത്തെ ഏററവും വലിയ പണക്കാരൻ. ഇതാ ഈ ഒട്ടകങ്ങളെ നോക്കൂ. അവ വഹിക്കുന്നത് നാണയങ്ങളും വൈരങ്ങളുമാണ്. എത്ര ബുദ്ധിമുട്ടണ്ടായെന്നോ ഇതൊക്കെ സമ്പാദിക്കാൻ!''

അനിയൻ: അതെയതെ. ജ്യേഷ്ഠൻ വലിയ പണക്കാരൻതന്നെ. പക്ഷെ എൻെറ സൈന്യങ്ങളെ കണ്ടില്ലേ? പത്തുവഷം ശ്രമിച്ചിട്ടാണ് എനിക്കതു സാധിച്ചത്. പത്തുനൂറു യുദ്ധങ്ങളും ചെയ്യേണ്ടിവന്നു. ഇപ്പോഴും വിശ്വസിക്കുന്നോ പണമാണ് ഏററവും വിലപ്പെട്ട വസ്തുവെന്ന്?

ജ്യേഷ്ഠൻ: തീച്ചയായും അങ്ങനെയാണ് എൻെറ വിശ്വാസം. എൻെറ പണം നിൻെറ പട്ടാളക്കാക്കു കൊടുത്തു എന്നിരിക്കട്ടെ. അവർ നിന്നെ വിട്ട് എൻെറ പിന്നാലെ വരും സംശയിക്കുന്നോ?

തക്കം തുടങ്ങാനുള്ള വട്ടമായി. അതു രണ്ടുപേക്കും തോന്നി. തക്കിച്ചിട്ടെന്തുകായ്യം? ഇളയവൻെറ കായ്യം രണ്ടുപേരും ഓമ്മിച്ചു. അവനെപ്പററി ഒരു വിവരവുമില്ല. അവൻ ഇപ്പോഠം എവിടെയാണ്? ജീവിച്ചിരിപ്പുണ്ടോ? ഉണ്ടെങ്കിൽ അവൻെറ അഭിപ്രായം എന്തായിരിക്കും? എന്താണ് ഏററവും വിലപ്പെട്ട വസ്തു എന്നു അവൻ പറയുക?

അപ്പോഴേക്കും ഒരു യുവാവ് വീട്ടിൽനിന്നു പുറത്തുവന്നു. സാധാരണക്കാരൻെറ വേഷമേയുള്ളു. പക്ഷെ ആരോഗ്യം തുളുമ്പിനില്ക്കുന്നു. തല ഉയത്തിപ്പിടിച്ചിരിക്കുന്നു. ആരുടെ മുമ്പിലും തലകുനിക്കുന്നവനല്ല എന്നു സ്പഷ്ടമാണ്. മുഖത്ത് സംതൃപ്തിനിറഞ്ഞ ഭാവമുണ്ട്. ജീവിതം അയാഠക്ക് നല്ലതെ സമ്മാനിച്ചിട്ടുള്ളു. ഒരു പുഞ്ചിരി എപ്പോഴും മുഖത്തു കളിയാടുന്നു.

അയാളെ കണ്ടപ്പോഠം മററവക്കു മനസ്സിലായി അനുജനാണെന്ന്.

ജ്യേഷ്ഠന്മാർ രണ്ടുപേരും അടുത്തുവന്നു. അവർ ചോദിച്ചു: "എന്താ, അനിയാ, നിന്നെക്കണ്ടിട്ട് നീ കഷ്ടസ്ഥിതിയിലാണെന്നു തോന്നുന്നില്ലല്ലോ. ഇതാ ഞങ്ങളെ നോക്കൂ. ഒരാഠക്ക്

വേണ്ട പണമുണ്ട്. മററയാൾക്ക വേണ്ട സൈന്യശക്തിയു ണ്ട്. നീ മാത്രം പാവമായിരിക്കുന്നു. ഒരു കൂലിക്കാരൻെറ വേ ഷമാണല്ലൊ നിനക്ക. എന്താ നിനക്ക് ലോകത്തെ ഏററ വും വിലപ്പെട്ട വസ്തു കിട്ടിയില്ലെന്നുണ്ടോ?

അയാഠം പറഞ്ഞു: എനിക്ക് കിട്ടിയിട്ടുണ്ട്. എനിക്ക് പണം സമ്പാദിക്കണമെന്നു തോന്നിയില്ല. രാജ്യങ്ങഠം വെട്ടി പ്പിടിക്കണമെന്നും തോന്നിയില്ല. അതാ നോക്കിൻ അവർ എ ൻെറ ഭാര്യയും കുട്ടികളുമാണ്. "സ്നേഹംനിറഞ്ഞ കണ്ണുകളോ ടെ അവരെ നോക്കി."

"സ്നേഹമാണ് ഏററവും വിലപ്പെട്ട വസ്തുവെന്നോ? അവർ കറച്ചൊരു പുച്ഛത്തോടെ ചോദിച്ചു: "നീ വല്ലാത്തൊ രു സൃഷ്ടിയാണ്. നിനക്ക പണവും വേണ്ട, പ്രതാപവും വേ ണ്ട. അങ്ങനെ നീ ഈ കൊച്ചുകുടിലിൽ അടച്ചിരിക്കുന്നു. ഇല്ലേ?"

"ക്ഷമിക്കിൻ, ജ്യേഷ്ഠന്മാരെ, "അയാഠം പറഞ്ഞു. "ഞാൻ പറയുന്നതു മുഴുവൻ കേഠംക്കുവിൻ. സ്നേഹമൊക്കെ പിന്നീടാണ് വന്നതു്. ഞാൻ ഈ കുടിലിൽ ഒരു വസ്തു പുതു തായിക്കണ്ടു. അതില്ലെങ്കിൽ പണവും പ്രതാപവു. സാരമില്ല. ജീവിതംതന്നെയും പ്രയോജനമില്ല."

"അതെന്താണ്?" ജ്യേഷ്ഠന്മാർ ഉദ്വേഗത്തോടെ ചോ ദിച്ചു.

"ലോകത്തെ ഏററവും വിലപ്പെട്ട വസ്തു സംതൃപ്തി!" അതായിരുന്നു അയാളുടെ ഉത്തരം.

പിറെറ ദിവസം കാലത്തു മൂത്ത രണ്ടുപേരും തമ്മിൽക ണ്ടു. രണ്ടുപേരും രാത്രി ഉറങ്ങിയിട്ടില്ല. കണ്ണുകഠം ചുവന്നിരു ന്നു. ക്ഷീണവും വളരെയുണ്ട്. ഉറക്കമിളക്കാൻ കാരണവുമുണ്ടാ യിരുന്നു. മൂത്തയാഠം പണംകൊണ്ട് അനിയൻെറ സൈന്യ ങ്ങളെ വശപ്പെടുത്താൻ ആലോചിക്കയായിരുന്നു. രണ്ടാമൻ ജ്യേഷ്ഠൻെറ സമ്പത്തുക്കഠം പിടിച്ചുപറിക്കാനുള്ള വഴികളും ആലോചിച്ച് അവർ രാത്രി മുഴുവൻ തിരിഞ്ഞും മറിഞ്ഞും കിടന്നു. അപ്പോഠം ഇടക്കിടക്ക ഇളയ അനുജൻ പറഞ്ഞതെ ല്ലാം അവർ ഓർമ്മിച്ചു. അവൻ പറഞ്ഞതാണ് ശരി. പണം കൊണ്ടും പ്രതാപംകൊണ്ടും പ്രയോജനമില്ല. സംതൃപ്തിതന്നെ

യാണ് ആവശ്യം. കിട്ടിയതുകൊണ്ട് തൃപ്തിപ്പെടണം. അതവർ മനസ്സിലാക്കി’

പിന്നെ ആ അനുഭവം രണ്ടുപേരും മറന്നില്ല. രണ്ടുപേരും കിഴവന്മാരായപ്പോഴും അവർ പറയും. “അനുജൻ പറഞ്ഞതുതന്നെ ശരി. ലോകത്തെ ഏററവും വിലപ്പെട്ട വസ്തുവാണ് സംതൃപ്തി.”

---

## II
## ഭൃത്യന്റെ ത്യാഗം.

---

മഞ്ഞുകാലത്താണ്. റഷ്യയിലെ ഒരു പ്രഭു നീണ്ട ഒരു യാത്ര ചെയ്യുകയായിരുന്നു. രാത്രിയിലായിരുന്നു യാത്ര. രാത്രി പോകരുതെന്നു പലരും പറഞ്ഞു. വലിയ അപകടമുണ്ടായിരുന്നു. വലിയ വലിയ ചെന്നായ്ക്കൾ ധാരാളമുള്ള സ്ഥലമാണ്. അവ വലിച്ചുകീറി ചോര കുടിച്ചുകളയും. പക്ഷെ പ്രഭുവിന് പോകേണ്ടതു അത്യാവശ്യമായിരുന്നു. പ്രഭു മാത്രമാണെങ്കിലും പോകട്ടെ. കൂടെ ഭാര്യയും കുട്ടിയുമുണ്ട്. സഹായത്തിന് ഒരു ഭൃത്യൻ മാത്രമേയുള്ളു.

ഒരു വണ്ടിയിൽ അയാൾ യാത്രചെയ്തു. വേണ്ട കരുതലുകൾ ചെയ്തിട്ടാണ് വണ്ടി കയറിയതു്. ഒരു കൈത്തോക്ക് ശരിപ്പെടുത്തിവച്ചിരുന്നു. ഭൃത്യനും ഒരു കൈത്തോക്കു കൊടുത്തു. ചെന്നായ്ക്കൾ വരികയാണെങ്കിൽ അവയെ വെടിവെച്ചു കൊന്നുകളയാം എന്നായിരുന്നു വിചാരം. രണ്ടു കുതിരപൂട്ടിയ വണ്ടിയാണ്. ഭൃത്യൻ വണ്ടിയടിച്ചുപോയി.

ഒരു മണിക്കൂർ കഴിഞ്ഞു. പകുതിവഴി എത്തിയേയുള്ളു. വൻകാട്ടിനുള്ളിലൂടെയാണ് പോകുന്നതു്. നേരിയ നിലാവെളിച്ചമുണ്ട്. ചീവീടുകളുടെ ശബ്ദം മാത്രമെ കേൾക്കാനുള്ളു. പ്രഭു മയങ്ങിത്തുടങ്ങി. പെട്ടെന്ന്; ദൂരെയായി ഒരു നിലവിളി. നീണ്ടുനില്ക്കുന്ന ഒരു മൂളൽ. ഏതോ പട്ടി മോങ്ങുന്നപോലെ തോന്നി. കുതിരകൾ ചെവി കൂർപ്പിച്ചു. പിന്നെയും കേൾക്കപ്പെട്ടു ആ മോങ്ങൽ. കുതിരകൾ വേഗം ഇരട്ടിച്ചു മുന്നോട്ടു പാഞ്ഞുതുടങ്ങി. പ്രഭു ഉണർന്നു. അതു, പുറകിൽനിന്നു

വന്ന ചെന്നായുടെ ശബ്ദമായിരുന്നു. പ്രഭുവിൻെറ ഭാൎയ്യ പേടിച്ചു വിറച്ചുതുടങ്ങി. പിന്നെയും വന്നു ആ ഭയങ്കരശബ്ദം.

പ്രഭു പുറകോട്ടു തിരിഞ്ഞുനോക്കി. അതെ, ശരിതന്നെ. നിലാവെളിച്ചത്തിൽ കുറെ ദൂരെയായി കാണാം. ഏഴെട്ടു രൂപങ്ങൾ അതിവേഗത്തിൽ മുന്നോട്ടു നീങ്ങുന്നുണ്ടു്. സഞ്ചരിക്കുന്ന നിഴലുകൾപോലെ തോന്നി. കുതിരകൾ ഭീതിയെടുത്തു പായുകയായിരുന്നു. വണ്ടി ആടിയും ഉലഞ്ഞും അതിവേഗം ഉരുളുകയായിരുന്നു. കുതിരകൾ നുരയും പതയും വമിക്കുകയാണ്. അവ ജീവനുവേണ്ടി ഓട്ടുകയായിരുന്നു. പക്ഷെ ചെന്നായെ തോല്പിക്കാൻ ഏതു കുതിരക്കു സാധിക്കും? അവ അടുത്തു വന്നുകഴിഞ്ഞു. തൊട്ടടുത്തായിരിക്കുന്നു. ഒരു കൂട്ടം ഭയങ്കരചെന്നായ്ക്കൾ. എല്ലാററിലും തടിയനായ ഒരു ചെന്നായാണ് മുമ്പിൽ. കൂട്ടത്തിൻെറ തലവനായിരുന്നു അവൻ. വായ്‌ പിളൎന്നിരിക്കുന്നു. നാക്ക് അതിലൂടെ അങ്ങനെ തൂങ്ങി പുറത്തുകിടക്കുന്നു. പ്രഭു തിരിഞ്ഞ് തോക്ക് ചൂണ്ടി ചെന്നായ് അയാളുടെ മേൽ കുതിക്കാൻ ഭാവിക്കുകയായിരുന്നു. പ്രഭു വെടി പൊട്ടിച്ചു. വെടികൊണ്ട് ചെന്നായ് ആകാശത്തേക്ക് ഒന്നുചാടി തലകുത്തി വീണു. പിന്നെ അനങ്ങിയില്ല.

കുറെനേരത്തേക്കു പിന്നെ ശബ്ദമില്ല. വണ്ടി അതിവേഗം പോയ്ക്കൊണ്ടിരുന്നു. പ്രഭു ചെവികൂൎപ്പിച്ചു. ഇല്ല, ചെന്നായ്ക്കൾവരുന്നില്ല. ഒന്നു ചത്തതുകൊണ്ടു മററതെല്ലാം പേടിച്ചു പോയി. ഇനി അവ വരികയില്ല. പക്ഷെ ഭൃത്യന് അതിൽക്കൂടുതൽ അറിയാമായിരുന്നു.

കുറെദൂരംപോയപ്പോഴെക്കും വീണ്ടും അവ ഓടിവരുന്നതു പ്രഭു കണ്ടു. എന്തൊരു മാരണമാണ്! അവയ്ക്കു തോക്കിനെ ഭയമില്ലെന്നോ? എത്രയെണ്ണമാണ് വരുന്നതു്! എങ്കിലും നോക്കട്ടെ എന്നയാൾ വിചാരിച്ചു അയാളും ഭൃത്യനും ഈരണ്ടുവെടിവെച്ചു നാലു ചെന്നായ്ക്കൾ ചത്തുമറിഞ്ഞു. പക്ഷെ പിന്നെയും വേറെ അനേകം ചെന്നായ്ക്കൾ ഓടിവരുന്നുണ്ടായിരുന്നു. യാത്ര മുക്കാലുംകഴിഞ്ഞിരിക്കുന്നു. ഭൃത്യൻ വിചാരിച്ചു, വല്ലവിധത്തിലും കുറെനേരത്തേക്കു അവയെ അകററിനിൎത്തണം. അതിന് ഒരേ ഒരു വിദ്യയേ ഉള്ളൂ. അയാൾ പ്രഭുവിനോടു പറ

ഞ്ഞു: "നമുക്ക് രണ്ടുകുതിരയുണ്ടല്ലൊ. ഒന്നിനെ അഴിച്ചുവിടാം: അത് പ്രാണനുവേണ്ടി ഓടിപ്പോകും. അപ്പോഠ ചെന്നായ്ക്കഠ നമ്മെ വിട്ടു കുതിരയുടെ പുറകെപോകും. കുതിരയെ കൊന്നുതിന്നും. പക്ഷെ അതിനുള്ളിൽ നമുക്കു കുറെദൂരെപോകാം"

പ്രഭുവിനു കുതിരയെ ചെന്നായ്ക്കഠക്ക് വിട്ടുകൊടുക്കാൻ തീരെ മനസ്സുണ്ടായിരുന്നില്ല. പക്ഷെ എന്താണു നിവൃത്തി? ജീവൻ രക്ഷിക്കാൻ ആ വഴിമാത്രമേയുള്ളു.

ഒരു കുതിരയുടെ കയറഴിച്ചുവിട്ടു. വണ്ടിയിൽനിന്നു വേർപെട്ടുപോയ ആ കുതിര വല്ലാതെ പരിഭ്രമിച്ചുപോയി. അനേകം ചെന്നായ്ക്കഠ അതിൻെറനേക്കു കുതിച്ചു. കുതിര പ്രാണരക്ഷക്കുവേണ്ടി ഓടി. ചെന്നായ്ക്കഠ പുറകെയും ഒന്നും അവിടെ നിന്നില്ല.

പ്രഭു ഒന്നു നെടുതായിനിശ്വസിച്ചു. ഒരു കുതിരപോയെങ്കിലും തങ്ങഠക്കു രക്ഷകിട്ടിയല്ലൊ. പക്ഷെ ഭൃത്യന് ഭയംതീന്നിരുന്നില്ല. ചെന്നായ്ക്കഠക്ക് കുതിരയെ കൊന്നുതിന്നാൻ എത്ര സമയംവേണം? അവ ഇപ്പോഠ മടങ്ങിയെത്തും. അപ്പോഠ എന്താണ് ചെയ്യുക?

ഭൃത്യൻ വിചാരിച്ചപോലെത്തന്നെ സംഭവിച്ചു. അധികനേരം കഴിഞ്ഞില്ല. അപ്പോഴെക്കും കുതിരയെ തിന്നുകഴിഞ്ഞു ചെന്നായ്ക്കഠ വീണ്ടും വന്നുകഴിഞ്ഞു. അപ്പോഴാണു ഭൃത്യൻ ഒരു വീരനാണെന്നും മഹാത്യാഗിയാണെന്നും തെളിയിച്ചതു്.

അയാഠ ആലോചിച്ചു: യാത്ര തീരാറായിരിക്കുന്നു. ഇനി കുറച്ചുദൂരമെയുള്ളു. ഒരു കുതിരമാത്രമെ ബാക്കിയുള്ളു. അതിനേയും അഴിച്ചുവിട്ടാൽ വണ്ടിപോകാൻ സാധിക്കയില്ല. വണ്ടിയിൽ പ്രഭുവുണ്ട്, അദ്ദേഹത്തിൻെറ ഭാൎയ്യയുണ്ട്, കുഞ്ഞുണ്ട്. അവരെ രക്ഷപ്പെടുത്തേണ്ടതു തൻെറ കടമയാണ്. അതിന് ഒരേ ഒരു വഴിയേയുള്ളു. ഭൃത്യൻ പ്രഭുവിനോടു പറഞ്ഞു;

"ഞാൻ ഇവിടെ ഇറങ്ങിക്കൊള്ളാം. ചെന്നായ്ക്കഠ എൻെറനേരെ പാഞ്ഞുവരും. എന്നെ പിടികൂടി വലിച്ചുകീറി തിന്നും. പക്ഷെ അതിനു കുറച്ചുസമയം പിടിക്കും. ആ സമയംകൊണ്ടു് അങ്ങു വണ്ടിയോടിച്ചുപോയ്ക്കൊള്ളണം. അതൊരു

വഴിയേയുള്ളു. ഇല്ലെങ്കിൽ എല്ലാരെയും ചെന്നായ്ക്കൾ തിന്നു കളയും.

പ്രഭുവിന് വല്ലാത്ത മനസ്താപംതോന്നി. എങ്ങിനെയാണ് ഭൃത്യനെ ചെന്നായ്ക്കൾക്കു വിട്ടുകൊടുക്കുക? അയാൾ വളരെ വിശ്വസ്തനും സ്നേഹമുള്ളവനുമായിരുന്നു. ആ ദുഷ്ടജന്തുക്കൾ അയാളെ കടിച്ചുകീറും. കടിച്ചുമുറിച്ചുതിന്നും. ചോരകുടിക്കും. എല്ലുപോലും ബാക്കിവെക്കുകയില്ല. എന്തുവേദനയായിരിക്കും ആ പാവത്തിന്! ഇങ്ങിനെസ്നേഹമുള്ള ഒരാളുണ്ടോ? മററുള്ളവക്കുവേണ്ടി സന്തോഷമായി മരിക്കാൻ തയാറായ ത്യാഗി! പ്രഭുവിൻെറ കണ്ണുകൾ നിറഞ്ഞു.

പ്രഭു സമ്മതിക്കുകയില്ലെന്നു ഭൃത്യന് തീച്ചയായി. "വേണ്ടാ, വേണ്ട" എന്നു പ്രഭു വിളിച്ചുപറയുകയായിരുന്നു. ജീവിതത്തിൽ ഇന്നുവരെ ഭൃത്യൻ യജമാനൻ പറയുന്നതു കേൾക്കാതിരുന്നിട്ടില്ല. അന്നു ആദ്യമായി അയാൾ അനുസരണക്കേടു കാണിച്ചു. "ദൈവം നിങ്ങളെ രക്ഷിക്കട്ടെ!" എന്നു പറഞ്ഞുകൊണ്ടു അയാൾ വണ്ടിയിൽനിന്നു നിലത്തുചാടി ഓടിപ്പോയി. ഒരു കൂട്ടം ചെന്നായ്ക്കൾ അയാളുടെ പുറകെ പായുന്നതു പ്രഭുകണ്ടു. സങ്കടംസഹിച്ചുകൂടാത്തതായിരുന്നു. അയാൾപൊട്ടിക്കരഞ്ഞുപോയി. എങ്കിലും വെറുതെഇരുന്നുകൂടല്ലൊ. തൻെറ ജീവൻമാത്രമേ രക്ഷിക്കാനുള്ള എങ്കിൽ സാരമില്ല. ഭാൎയ്യയുണ്ട്, കുഞ്ഞുണ്ട് ഭൃത്യൻെറ ആത്മാവിന് നിത്യശാന്തി നൽകണേ എന്നു പ്രാൎത്ഥിച്ചുകൊണ്ടു പ്രഭു അതിശീഘ്രം വണ്ടിയോടിച്ചുപോയി. ഭൃത്യനെ തിന്നുകഴിഞ്ഞു ചെന്നായ്ക്കൾ വീണ്ടുംവന്നപ്പോൾ പ്രഭു നഗരത്തിൽ എത്തിക്കഴിഞ്ഞിരുന്നു.

പിറെറദിവസം രാവിലെ ആളുകൾ വന്നുനോക്കിയപ്പോൾ ഭൃത്യൻെറ കൈത്തോക്ക് നിലത്തുകിടക്കുന്നതു കണ്ടു. അടുത്തൊക്കെ ഉണങ്ങിപ്പിടിച്ച ചോരയും അവിടെ അവർ ഭക്തിയോടെ ഒരു കുരിശുനാട്ടി. ഒരു വശത്തു ഭൃത്യൻെറപേർ എഴുതിയിരുന്നു. മറുവശത്തു ഇങ്ങിനെ ഒരുകുറിപ്പും: "ഈ മനുഷ്യന് ഉണ്ടായിരുന്നപോലെ സ്നേഹം വേറൊരാൾക്കും ഇല്ല. മററുള്ളവക്കുവേണ്ടി ജീവൻകളഞ്ഞ മഹാത്യാഗിയാണ അയാൾ !"

# റാററൻബറി കേസ്സ്

(വി. മാധവൻ നായർ.)

ഒരു കത്തിയും ഉടുപ്പിനുള്ളിൽ ഒളിച്ചുവച്ചുകൊണ്ട് ആ സ്ത്രീ പുഴവക്കത്തു ചെന്നിരുന്നു. താൻ ചെയ്യാൻപോകുന്ന ഭയങ്കരകൃത്യത്തിനുള്ള കാരണങ്ങൾ അവൾ അപ്പോൾ തോന്നിയ രീതിയിൽ കടലാസുതുണ്ടുകളിൽ എഴുതിക്കൊണ്ടിരുന്നു. തന്റെ സ്വഭാവദൂഷ്യത്തെപ്പററിയുണ്ടായിരുന്ന ആരോപണങ്ങൾക്ക് അവൾ ഹൃദയംനൊന്തു മറുപടിഎഴുതി. എഴുതേണ്ടതെല്ലാം അവൾ എഴുതിത്തീർത്തു. എന്നിട്ട് ഒളിച്ചുവെച്ചിരുന്ന കത്തി കൈയിലെടുത്തു.

മാനഭംഗം നേരിടുമ്പോഴും ശത്രുവിന്റെ കൈകളിലകപ്പെടാറാകുമ്പോഴും പുരാതന കാലങ്ങളിലെ വീരന്മാരായ റോമാക്കാർ തന്നെത്താൻ കുത്തിച്ചാവുകയായിരുന്നല്ലോ പതിവ്. കത്തി സ്പർശിക്കുമ്പോൾ ഒഴിഞ്ഞുമാറുക ശരീരത്തിന്റെ പ്രകൃതിയായതുകൊണ്ടും, സ്വദേഹത്ത് വേണ്ടപോലെ കത്തികയററാൻ വളരെ കരൾക്കരുത്ത് ആവശ്യമായതുകൊണ്ടും അവർ ഖഡ്ഗത്തെ വാരിയെല്ലുകൾക്കിടയിൽ കുത്തിവെച്ചിട്ട് നിലത്തു വീണ് ആത്മഹത്യചെയ്തുപോന്നു. അവരെക്കാളും ധൈര്യവതിയായിരുന്നു, മിസ്സസ് റാററൻബറി. കൈ വിറയ്ക്കാതെ, പതറാതെ, അവൾ ആറു പ്രാവശ്യം ആ കത്തി തന്റെ നെഞ്ചിൽ താഴ്ത്തിക്കുത്തി. അപ്പോഴെക്കും അവർ മരിച്ച് മുമ്പോട്ട് മറിഞ്ഞു വെള്ളത്തിൽ വീണ്.

യാതൊരു ജീവിയെയും ഉപദ്രവിക്കാൻതക്ക ഹൃദയകാഠിന്യമുള്ളവളായിരുന്നില്ല അവൾ. സ്വാർത്ഥത അവളെ തീണ്ടിയിരുന്നുപോലുമില്ല. പരിചയമുള്ളവരെല്ലാം അവരുടെ ഭൂതദയയെപ്പററി പുകഴ്ത്തുകയേ ചെയ്തുള്ളു. ഭൃത്യന്മാരും പരിചാരികമാരും ആ സ്ത്രീയുടെ ഔദാര്യം അനുഭവിച്ചു. അങ്ങനെയുള്ള മിസ്സസ് റാററൻബറിയെ മററൊരാളിന്റെ സഹായത്തോടുകൂടി സ്വഭർത്താവിനെ വധിച്ചുവെന്ന കുററത്തിന് കുററവിസ്താരം ചെയ്തിരുന്നു.

ചാരിത്രവതിയായ ഒരാദൾപത്നിയായിരുന്നില്ല മിസ്സ്സ് വിക്ടോറിയ റാററൻബറി. 38വയസ്സുള്ള അവരുടെ മൂന്നാമത്തെ ഭത്താവായിരുന്നു, 67 വയസ്സുള്ള റാററൻബറി. അയാൾക്ക അവളിൽ ഒരു പുത്രൻ ജനിച്ചതിൽപിന്നെ അവർ ഭാര്യാഭത്തൃബന്ധത്തിൽ ഏപ്പെട്ടിരുന്നില്ല. വാദ്ധക്യത്തിൻെറ ശാരീരികദൗബ്ബല്യമായിരിക്കാം, കാരണം, ഭത്താവിൻെറ ചിന്തകൾ ആ വഴിക്ക തിരിഞ്ഞതേയില്ല. കറച്ചൊരു ധനികനായ അയാൾ ധനസമ്പാദനകാര്യങ്ങളിൽമാത്രം ശ്രദ്ധിച്ചപോന്നു. പക്ഷെ മിസ്സസ് റാററൻബറി സാധാരണയിൽക്കവിഞ്ഞ പ്രബല വികാരങ്ങളും ആരോഗ്യത്തിളപ്പുമുള്ള സ്ത്രീയായിരുന്നു. സുമുഖനും പതിനെട്ടു വയസ്സമാത്രം പ്രായമുള്ളവനുമായ സ്റ്റോണർ തൻെറ ഡ്രൈവരുടെ നേക്ക ഭത്തൃബന്ധം നിഷേധിക്കപ്പെട്ട ആ സ്ത്രീയുടെ ശ്രദ്ധതിരിഞ്ഞു. യുവാവിൻെറ ശ്രദ്ധ സുമുഖിയായ ആ ഭത്തൃമതിയുടെ നേക്കും അന്നു മുതൽ അവർ രണ്ടുപേരും വൃദ്ധനായ ഗൃഹനാഥനെ കബളിപ്പിച്ചുകൊണ്ടു് തങ്ങൾക്കവേണ്ടി തങ്ങൾതന്നെ സൃഷ്ടിച്ച ഒരു പ്രേമരാജ്യത്തിൽ വിഹരിച്ചുതുടങ്ങി. സ്റ്റോണരെ അവൾ സ്വഗൃഹത്തിൽ പാപ്പിച്ചതോടുകൂടി അവരുടെ നിയമവിരുദ്ധമായ ബന്ധത്തിന്നു് കൂടുതൽ സൌകര്യം ലഭിച്ചു. തൻെറ ശാരീരികമായ ശക്തി ക്ഷയിച്ചുപോയെന്നറിഞ്ഞ ആ ഭത്താവു് ഭാര്യയുടെയും സ്റ്റോണരുടെയും ബന്ധം അറിഞ്ഞിരുന്നെങ്കിലും സ്വഗ്ഗത്തിലെ കട്ടെറുമ്പാകാതെ അതിൻെറ നേക്ക കണ്ണടച്ചുകളയുകയാണുണ്ടായതു്. അയാൾ ചിലപ്പോൾ അത്യഗാധമായ ഒരുതരം നിരാശയ്ക്കു വശംവദനായിരുന്നു. മനസ്സിനെ പീഡിപ്പിക്കുന്ന ആ നിരാശയെ ഇല്ലായ്മചെയ്യാനായി അയാൾ മദ്യം സേവിച്ചുതുടങ്ങി. കാലക്രമംകൊണ്ടു് മദ്യപാനം അയാൾക്ക ഒഴിച്ചുകൂടാൻ പാടില്ലാത്തതായിത്തീൎന്നു. ക്രമവും അളവുമില്ലാതെ അയാൾ രാത്രികാലങ്ങളിലും മദ്യം കോരിക്കുടിച്ചുകൊണ്ടിരുന്നു. വിക്ടോറിയ അവളുടെ ഭത്താവിനോടു് സഹതപിച്ചു. അനുകമ്പയോടുകൂടി, വാത്സല്യത്തോടുകൂടി അവൾ അയാളെ പരിചരിച്ചു. കട്ടിയുടെ കാര്യങ്ങളെല്ലാം ഏററവും ശ്രദ്ധയോടെ ആ മാതാവു നോക്കിപ്പോന്നു. അതോടുകൂടി കാമാത്തയായിരുന്ന അവൾ യുവാവുമായുള്ള ബന്ധം പുലത്തിയും വന്നു. ആ പ്രേമം കാലംചെല്ലുന്നതോടുകൂടി കൂടിയതല്ലാതെ കറഞ്ഞില്ല. സ്റ്റോണ

രുടെ വെറും ഒരടിമമാത്രമായിത്തീൻ അവാം. ജീവൻപോയാലും സ്റ്റോണറെ പിരിഞ്ഞിരിക്കാൻ അവാംക്ക സാധിച്ചില്ല. സ്റ്റോണരില്ലാത്ത ഒരു ജീവിതം സ്വപ്നത്തിൽ കാണാൻപോലും അവാം ധൈൎയ്യപ്പെട്ടില്ല. കുഡുംബഡോക്ടർ ഒ'ഡൊണല്ലും അറിഞ്ഞു സംഗതികളുടെപോക്ക്. ആ ബന്ധം ഉപേക്ഷിക്കണമെന്ന് അയാം അവളെ ഉപദേശിച്ചു. താൻ തെററുകാരിയായിത്തന്നെ എന്നവാം ഏററുപറഞ്ഞു. പക്ഷെ തെററുകാരിയായിതന്നെ കഴിയാനേ അവാംക്ക സാധിച്ചുള്ളൂ. അവളുടെ മനസ്സും ശരീരവും സ്റ്റോണക്ക് അടിമപ്പെട്ടു പോയിരുന്നു.

അസൂയാമിശ്രമായ വിദ്വേഷം നിറഞ്ഞ ഒരു ഹൃദയമുള്ളയാളായിരുന്നു സ്റ്റോണർ. അതായിരുന്നു പിന്നെയുണ്ടായ കൊലപാതകത്തിൻെറ കാരണം.

ഇടയ്ക്കിടക്ക് റാററൻബറിയും ഭാൎയ്യയും തമ്മിൽചില ശണ്ഠകളുണ്ടാകാതിരുന്നില്ല. ഭാൎയ്യയുടെ ദുൎന്നടത്തത്തെപററിയൊന്നുമായിരുന്നില്ല ആ ശണ്ഠകാം. വൃദ്ധനായ ഭൎത്താവ് അക്കാൎയ്യത്തിലോട്ട് പ്രവേശിച്ചതേയില്ല. പണംസംബന്ധിച്ചായിരുന്നു ആ വഴക്കുകാം. ആനകൊടുക്കും, തുറട്ടി കൊടുക്കുകയില്ല, എന്ന മട്ടിലുള്ള ഒരാളായിരുന്നു റാററൻബറി. വലിയ തുകകാം അയാം അവാംക്ക സന്തോഷത്തോടെകൊടുക്കും. ചിലവുചെയ്തതെങ്ങനെയെന്ന് ചോദിക്കുകപോലുമില്ല. ചെറിയതുകകാംകൊടുത്താൽ അയാം വിസമ്മതിക്കുകയും ചെയ്യും. ഈ വഴക്കുവന്നപ്പോഴൊരിക്കൽ അയാം ഭാൎയ്യയെ പ്രഹരിക്കുകപോലുംചെയ്തിട്ടുണ്ട്. എങ്കിലും ഒരു ലോഭവുമില്ലാതെ, തൻെറ പണത്തിലൊരോഹരി സ്റ്റോണക്കാണു പോകുന്നതെന്നറിഞ്ഞിരുന്നിട്ടും, അയാം ഭാൎയ്യക്കുധാരാളം പണം കൊടുത്തുപോന്നു. ഒരിക്കൽ ആ പണവുംകൊണ്ട് അവാംസ്റ്റോണറുടെ അകമ്പടിയോടുകൂടി ലണ്ടനിലേക്കുപോയി. മൂന്നാലുദിവസം അവർ രണ്ടുപേരും രാജധാനിയിൽ കോലാഹലമായികഴിച്ചുകൂട്ടി. തൻെറ പ്രിയമുള്ള കാമുകന് വേണ്ടതും വേണ്ടാത്തതുമായ സാമാനങ്ങാം അവാം വാങ്ങിക്കൊടുക്കാൻ മുതിൎന്നു. ഭൎത്താവിൻെറ പണംകൊണ്ട് വിലകൂടിയ വസ്തുക്കാംവാങ്ങിഅവാം സ്റ്റോണക്കുസമ്മാനിച്ചു. ആനന്ദംനിറഞ്ഞ നാലഞ്ചു ദിവസങ്ങാംക്കുശേഷം അവർ മടങ്ങി ഭൎത്താവിൻെറ ഗൃഹത്തിലെത്തി.

അടുത്തദിവസം റാററൻബറി പതിവിലധികം ഉത്സാഹ ശൂന്യനായികാണപ്പെട്ടു. അതിനടുത്തദിവസം അതിൽക്കൂടുതലും. കുടിച്ചുമതികെട്ടുകിടക്കും. സ്വബോധമുള്ള ചുരുക്കം ചില സമയങ്ങളിൽ ആത്മഹത്യകൾ നിറഞ്ഞ നോവലുകൾ വായിക്കും. ആത്മഹത്യചെയ്യാൻ കരുത്തുള്ളവനാണ് യഥാൎത്ഥവീരനെന്ന് അയാൾ പല പ്രാവശ്യവും ഭാൎയ്യയോടു പറഞ്ഞു. തല്ക്കാലത്തേക്കു അയാളെ അവിടെനിന്നു മാററി, സുഹൃത്തുക്കളുടെ കൂടെ സന്തോഷംനിറഞ്ഞ ഒരന്തരീക്ഷത്തിൽ താമസിപ്പിച്ചില്ലെങ്കിൽ ഭൎത്താവ് ആത്മഹത്യചെയ്തുകളയുമെന്ന് വിക്ടോറിയക്കു തീൎച്ചയായി. തിങ്കളാഴ്ച അവിടെനിന്നും പുറപ്പെടാനുള്ള ഏൎപ്പാടുകളെല്ലാം ചെയ്തതിന്നുശേഷം ഭൎത്താവിനെ മെത്തയിൽ കിടത്തിഉറക്കിയിട്ട് അവൾ തനിക്കു പ്രത്യേകമായുണ്ടായിരുന്ന—സ്റ്റോണക്കു പ്രവേശനമുണ്ടായിരുന്ന—കിടക്കറയിലേക്കു പോയി.

ഭാൎയ്യാഭൎത്താക്കന്മാർ തമ്മിൽനടന്ന സംവാദം ഒളിച്ചുനിന്ന് ശ്രദ്ധിച്ചുകേട്ടുകൊണ്ടുനിന്നിരുന്ന സ്റ്റോണർ കാമുകിയുടെ ഉറക്കറയിലേക്കു ചെന്നതു് ക്രോധാന്ധനായിട്ടാണ്. മനുഷ്യരുടെ മനസ്ഥിതിയെപ്പററി എങ്ങിനെയാണ് തീൎത്തുപറയുക? ഒരാളുടെ മനസ്സിന്റെ പ്രവൎത്തനം, മററുള്ളവൎക്കു തെറെറാന്നു തോന്നിയാലും, അതിന്റെ നിലക്കുതന്നെതുടൎന്നുപോകുന്നു. തന്റെ കാമുകി സ്വഭൎത്താവിനെപ്പോലും സ്നേഹിച്ചുകൂടെന്ന നിൎബന്ധക്കാരനായിരുന്നു സ്റ്റോണർ. അവൾ തന്നെമാത്രമേ സ്നേഹിക്കാവൂ. തന്റെ അഭാവത്തിൽ, സ്നേഹിതന്മാരുടെ ഗൃഹത്തിൽവെച്ച് അവർ ഭാൎയ്യാഭർത്തൃബന്ധം തുടരാനിടയുണ്ട്. അതു് സ്റ്റോണക്കു സഹിച്ചില്ല. രണ്ടുപേരെയും വെടിവെച്ചുകളയുമെന്ന് അയാൾ ഭീഷണിപ്പെടുത്തി. അവളുടെ സ്നേഹശുശ്രൂഷകൾ സ്റ്റോണരുടെ ക്രോധത്തിന്ന് ഒട്ടൊരു ശമനം വരുത്തിയെങ്കിലും അയാൾ എന്തോ മുറുമുറുത്തുകൊണ്ടിരുന്നു. അയാൾ അന്നുതന്റേ പിതാമഹൻ താമസിക്കുന്ന ഗൃഹത്തിൽചെന്ന് ഒരു വലിയ ചുററികയുമെടുത്തുകൊണ്ട് റാററൻബറിയുടെ ഭവനത്തിലേക്കു മടങ്ങി.

അന്നു രാത്രി പത്തരമണിക്കാണ്. ഐറിൻറിഗ്സ് എന്ന പരിചാരിക വാതിലെല്ലാം അടച്ചിട്ടുണ്ടോ എന്നു ചരി

ശോധിക്കാനായി സന്ദർശനമുറിയിലേക്കു ചെന്നു. പതിവുപോലെ റാററൻബറി കസേരയിലിരുന്നുറങ്ങുന്നതുകണ്ടിട്ട് മടങ്ങുമ്പോൾ കോണിപ്പടിയിൽ ചാരി സ്റ്റോണർ നില്ക്കുന്നതുകണ്ടു. "എന്താണിവിടെ നില്ക്കുന്നത്?" എന്നവൾ ചോദിച്ചപ്പോൾ, "ഒന്നുമില്ല, വിളക്കെല്ലാം അണച്ചിട്ടുണ്ടോ എന്നു നോക്കാൻ വന്നതാണ്" എന്നായിരുന്നു സ്റ്റോണരുടെ മറുപടി. കുറെനേരം കഴിഞ്ഞാണ് സ്റ്റോണർ മിസ്സസ് റാററൻബറിയുടെ കിടക്കമുറിയിൽ പ്രവേശിച്ചത്. അയാളെ പതിവിലധികം വികാരാധീനനായിക്കണ്ടപ്പോൾ അവൾ ചോദിച്ചു: "എന്താണു കാര്യം?" തനിക്കു ഒന്നും പറയാൻ തോന്നുന്നില്ലെന്നായിരുന്നു അയാളുടെ മറുപടി. വീണ്ടും വീണ്ടും ചോദിച്ചപ്പോൾ അയാൾ പറഞ്ഞു ചുററികകൊണ്ട് റാററൻബറിയുടെ തലയിലടിച്ചുപോയെന്ന്.

അത്രയും കേട്ടതേയുള്ളു, മിസ്സസ് റാററൻബറി കട്ടിലിൽനിന്ന് കുതിച്ചുചാടി കോണിപ്പടിയിലേക്കു പാഞ്ഞു. അവളുടെ നിലവിളികേട്ട് പരിചാരിക പരിഭ്രമത്തോടുകൂടി ഓടിയെത്തി. അപ്പോഴാണ് അവൾ കണ്ടത്. റാററൻബറി അവിടെക്കിടക്കുന്നു. നിലംമുഴുവൻ ചോരക്കളം. മിസ്സിസ് റാററൻബറി ഭർത്താവിൻെറ പേർ ഉറക്കെ വിളിച്ചുകൊണ്ട് ഭ്രാന്തിയെപ്പോലെ ഉഴറിയോടുന്നു.

മിസ്സസ് റാററൻബറിക്ക് ഒന്നും പറയാൻസാധിച്ചില്ല. അവൾ നേരെ ചെന്ന് ബ്രാൻറികുപ്പി എടുത്തു. ഒരു ഗ്ലാസിൽ പകന്ന്, ദാഹംകൊണ്ടു ചാകുന്നെന്നു തോന്നുമാറ്, ആർത്തിയോടെ കുടിച്ചു. പിന്നെയും കുടിച്ചു. വീണ്ടും കുടിച്ചു. അവൾക്കു മനസ്സിലായിരുന്നു, താൻ കാരണമായി ഭർത്താവ് കൊല്ലപ്പെട്ടുവെന്നും, തൻെറ ജീവിതത്തിൽ ഇരുട്ടു നിറഞ്ഞുകഴിഞ്ഞെന്നും.

ഡോക്ടർ ഒ' ഡോണൽ വന്നു. പുറകെ പോലീസുകാർ വന്നു. അവർ റാററൻബറിയെ പരിശോധിച്ചു. അയാൾ മരിച്ചിരുന്നില്ലെങ്കിലും അസ്തപ്രജ്ഞനായി കിടന്നിരുന്നു. താഴെ ധാരാളം രക്തവും. ഊക്കോടെ കൊടുത്ത മൂന്നടിയുടെ പാടുകൾ അയാളുടെ തലയിൽ കണ്ടു. മിസ്സസ് റാററൻബറി കു

ടിച്ചു മറിഞ്ഞുകിടക്കുന്നു. അവർ അവളെ എടുത്തിരുത്താൻ നോക്കി. അവൾ കുഴഞ്ഞുവീണതേയുള്ളു.

പിറേറദിവസം പോലീസുദ്യോഗസ്ഥൻ മിസ്സിസ് റാററൻബറിയുടെ മൊഴി എഴുതിയെടുത്തു: "മാർച്ച് 24-ാംനു- രാത്രി ഒമ്പതുമണിക്ക് ഞാനും ഭർത്താവും ചീട്ടുകളിച്ചുകൊണ്ടിരുന്നു. ഭർത്താവിന് മരിക്കാൻ ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹത്തെ കൊന്നുകൊള്ളാൻ എന്നോടു പറഞ്ഞു. ഞാൻ ഒരു ചുററിക കൈയിലെടുത്തു. അദ്ദേഹം പറഞ്ഞു: "ഇല്ല, നിനക്ക് അത്രത്തോളം ധൈര്യമില്ല." ഞാൻ അപ്പോൾ ചുററികകൊണ്ട് ആഞ്ഞടിച്ചു. തോക്കുണ്ടായിരുന്നെങ്കിൽ ഞാൻ വെടിവെച്ചുകളയുമായിരുന്നു!"

കൊലപാതകം ചെയ്ത കുററത്തിനായി ഒന്നിലധികം പേരെ കുററവിസ്താരം ചെയ്യുമ്പോൾ രക്ഷനേടാൻവേണ്ടി അവർ അന്യോന്യം കുററം ചുമത്തുകയാണ് സാധാരണയായി കണ്ടുവരാറുള്ളത്. അതിനെത്രയോ ഉദാഹരണങ്ങളുമുണ്ട്. ഒരാൾ കുററം ചെയ്യാതിരിക്കുമ്പോൾതന്നെ, കുററംചെയ്ത മററയാളെ കൊലക്കയറിൽനിന്നു രക്ഷിക്കാനായി സ്വയം തൂങ്ങിമരിക്കാൻ തയാറായി താനാണ് കുററം ചെയ്തതെന്നു സമ്മതിക്കുന്നവരെ ഏററവും അപൂർവ്വമായേ കാണാറുള്ളു. മിസ്സിസ് റാററൻബറി അക്കൂട്ടത്തിൽപെട്ടവളായിരുന്നു.

കുററസമ്മതം ചെയ്തപ്പോൾ പിന്നെ എന്തിനെയാണ് കുററവിസ്താരം നടത്തി അവളെ ശിക്ഷിക്കാതിരിക്കുക? അതുകൊണ്ട് പോലീസുകാർ അവളെ ജയിലിലേക്കു കൊണ്ടുപോയി. യജമാനത്തി കുററസമ്മതം ചെയ്തിരിക്കുന്നെങ്കിലും അവരുടെ ഹൃദയമാർദ്ദവം നല്ലവണ്ണം മനസ്സിലാക്കിയിരുന്ന ഐറീൻറിഗ്ഗ്സ് എന്ന പരിചാരികക്ക് ബലമായിതോന്നി വാസ്തവത്തിൽ അവരല്ല കുററക്കാരിയെന്ന്. ഒന്നുകിൽ ഏതോ തസ്കരൻ, അല്ലെങ്കിൽ സ്റ്റോണർ ചെയ്തതായിരിക്കണം. ക്രമേണ സ്റ്റോണരുടെ പേരിലുള്ള അവളുടെ സംശയം പ്രബലമായിക്കൊണ്ടിരുന്നു. "മിസ്സിസ് റാററൻബറി ജയിലിലായി. ഞാനാണ് അതിന് കാരണക്കാരൻ," എന്നു സ്റ്റോണർ ഹൃദയവേദനയോടുകൂടി പുലമ്പിക്കൊണ്ടു പോകുന്നത് കേട്ടപ്പോൾ അവളുടെ സംശയങ്ങളെല്ലാം തീർന്നു. അവൾ പോലീസി

നെ വിവരം തെയ്യപ്പെടുത്തി. അതിൻെറ ഫലമായി സ്റ്റോ.
ണർ അറസ്റ്റ് ചെയ്യപ്പെട്ടു. ഇത്തവണ അയാളുടെ മേൽ ആ
രോപിക്കപ്പെട്ട കുററം കൊലപാതകമായിരുന്നു. എന്തെന്നാ
ൽ അപ്പോഴെക്കും റാററൻബറി മരിച്ചുപോയിരുന്നു.

മിസ്സസ് റാററൻബറി സ്വന്തം ജീവൻ പണയംവെച്ചു
യുവകാമുകനെ രക്ഷിക്കാൻ നോക്കുക; സ്റ്റോണർ കാമുകിയെ
രക്ഷിക്കാൻ നോക്കുക; ഇതായിരുന്നു ആ കുററവിസ്താരം നട
ന്നകാലം മുഴുവൻ രണ്ടുപേരുടേയും പെരുമാററം. മിസ്സസ് റാ
ററൻബറി തൻെറ വക്കീലിനോട് പലപ്രാവശ്യവും പറ
ഞ്ഞു, സ്റ്റോണറെ രക്ഷിക്കാനായി കൊലക്കുററം താൻ സ
ന്തോഷമായി ഏററുകൊള്ളാമെന്നു്. സ്റ്റോണറും അയാളുടെ
വക്കീലിനോടു പറഞ്ഞുകൊണ്ടിരുന്നു, താനാണ് റാററൻബ
റിയെ വധിച്ചതെന്നു്. കേവലം ശാരീരികമായ സംതൃപ്തിയെ
പ്പററിയുള്ള ചിന്തയായിരുന്നു മിസ്സസ് റാററൻബറിക്കു സ്റ്റോ
ണരോടുള്ള പ്രേമത്തിൻെറ അടിസ്ഥാനമെന്നു അന്നു പല
രും വിശ്വസിച്ചുപോന്നിരുന്നു. വാസ്തവം അതായിരുന്നെങ്കിൽ
തനിക്കു തൂങ്ങിച്ചാവേണ്ടിവരുമെന്ന ഭയമെങ്കിലും സത്യംപറ
യാൻ അവളെ പ്രേരിപ്പിക്കുമായിരുന്നു. അവൾ അങ്ങനെ
ചെയ്തില്ല. സ്വജീവനെ കളഞ്ഞും കാമുകൻെറ ജീവനെ ര
ക്ഷിക്കാൻ ആ ധൈര്യശാലിനി മുതിരുകയാണ് ചെയ്തതു്. അ
വളുടെ വക്കീലായ ലീവിസ്_മാനിങ്ങ് പറഞ്ഞു, നല്ല ഉദ്ദേ
ശത്തോടുകൂടിയാണെങ്കിലും കള്ളം പറഞ്ഞാൽ ക്രാസ്സ് വി
സ്താരസമയത്തു് അതു് തീൎച്ചയായും കണ്ടുപിടിക്കുമെന്നും, അ
തിൻെറ ഫലമായി സ്റ്റോണരും അവളും ശിക്ഷിക്കപ്പെടുമെ
ന്നും. എന്നിട്ടും അവൾ നിൎബ്ബന്ധം പിടിച്ചുകൊണ്ടിരുന്നു. ഒ
ടുവിൽ താനല്ല കുററം ചെയ്തതെന്നു അവളെക്കൊണ്ടു സമ്മ
തിപ്പിക്കുവാൻ ഒരേ ഒരു വഴിയേ ഉണ്ടായിരുന്നുള്ളു. അവളുടെ
അഭ്യുദയകാംക്ഷികൾ, അവളുടെ രണ്ടാം വിവാഹത്തിൽ ജനി
ച്ച ക്രിസ്റ്റോഫർ എന്ന ബാലനെ അവൾ കിടക്കുന്ന ജയിലി
ലേക്കയച്ചു അവൻെറ കണ്ണുനീരോടുകൂടിയുള്ള യാചനയ്ക്കും
നുമാത്രമേ ആ മാതൃഹൃദയത്തെ സ്പൎശിക്കാൻ കഴിവുണ്ടായിരു
ന്നുള്ളു. എങ്കിലും പിന്നീട് കുററവിസ്താരസമയത്തു് ഒരു സാ
ക്ഷിയെന്ന നിലയിൽ മൊഴികൊടുക്കുമ്പോഴും സ്റ്റോണൎക്കു വി

പരീതമായി ഒന്നും പറഞ്ഞുപോകാതിരിക്കുവാൻ അവരം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

കുററവിസ്താരസമയത്ത് സ്റ്റോണർ യാതൊരു വികാരവും പുറത്തുകാട്ടാതെ നിശ്ചലനായി പ്രതിക്കൂട്ടിൽ ഇരുന്നിരുന്നു. കൈമുട്ട മേശയിലൂന്നി, താടിയ്ക്കു കൈയ്യും കൊടുത്ത് കണ്ണുകരം കീഴ്പ്പോട്ടാക്കി അയാരം ഒരു പ്രതിമപോലെയിരുന്നു. മിസ്സസ് റാററൻബറിയും വലിയ വികാരമൊന്നും പുറമെ പ്രദശിപ്പിച്ചില്ല. പക്ഷെ അവളുടെ ഹൃദയം മഥിച്ചുകൊണ്ടിരുന്നു എന്ന് സ്പഷ്ടമായിരുന്നു. അവളുടെ ബാഹ്യപ്രകൃതി മൂന്നാലു ദിവസത്തിനുള്ളിൽ മാറിക്കഴിഞ്ഞിരുന്നു. കുറെ ദിവസങ്ങരംക്കുള്ളിൽ ഒരു ഇരുപതു വയസ്സു കൂടുതൽ പ്രായമായാലെങ്ങനെയൊ അങ്ങനെ അവരം കാണപ്പെട്ടു.

പത്രപ്രവത്തകന്മാരിലൊരു വിഭാഗത്തിൻെറ കുസൃതികരം വാസ്തവത്തിൽ ലജ്ജാകരമായിരുന്നു എന്നുവേണം പറയുവാൻ. കേസ്സു നടത്തുന്നതിൽ പങ്കുണ്ടായിരുന്ന ഒരാരംക്കു ഒരിക്കൽ അവരിൽനിന്നു ഒരു ടെലഫോൺ സന്ദേശം കിട്ടി. മിസ്സസ് റാററൻബറിയെക്കൊണ്ടു ആ പത്രത്തിൽ അവളുടെ ജിവിതകഥയെഴുതിക്കാൻ സാധിച്ചാൽ 500 പവൻ ആയാരംക്കു കൊടുക്കാമെന്നായിരുന്നു ആ സന്ദേശം. പത്രത്തിൻെറ ചെലവു വദ്ധിക്കാൻ അതൊരു നല്ല അവസരമാണല്ലൊ. പ്രക്ഷോഭകരമായ ഈ കേസ്സ് തുടൎന്നുവന്നതോടുകൂടി ആ സംഖ്യ 3500 പവനായി കൂടി. പക്ഷെ ആ മനുഷ്യൻ സന്മാൎഗ്ഗബോധമുള്ള ഒരു മാന്യനായിരുന്നു. ആയാരം പത്രപ്രവത്തകന്മാരുടെ പ്രലോഭനങ്ങരംക്കു വഴങ്ങിയില്ല. അയാരം ഒരുപക്ഷേ ശ്രമിച്ചിരുന്നെങ്കിൽതന്നെ ഫലപ്പെടുമായിരുന്നില്ല. മിസ്സസ് റാററൻബറിയെ നല്ലവണ്ണം അറിഞ്ഞിരുന്ന ഒരാരം പറഞ്ഞിട്ടുണ്ട്, ഭൂലോകത്തേയും സ്വൎഗ്ഗലോകത്തേയും സമ്പത്തുകളും സൌഖ്യങ്ങളും ഒന്നിച്ച് അവളുടെ മുമ്പിൽ വാരിക്കൂട്ടിയാൽ പോലും അവരം സമ്മതിക്കുമായിരുന്നില്ല എന്ന്.

സ്റ്റോണരുടെ വക്കീൽ ഒകോണര, അയാളെ മോചിപ്പിക്കുന്നതിനായി ഭഗിരഥപ്രയത്നം നടത്തി. കുററം മുഴവൻ അയാളുടെതല്ലെന്നും അയാളുടെമേൽ മിസ്സസ് റാററൻബറി അതിയായ പ്രഭാവം ചെലുത്തിയിരുന്നു എന്നും മിസ്സസ് റാ

ററൻബറിയും കൊലപാതകത്തിനു ഉത്തരവാദിയാണെന്നും ആ അഭിഭാഷകന്ന് വാദിക്കേണ്ടതായി വന്നുകൂടി. ആ വാദം വികസിപ്പിക്കുന്നതിനായി മിസ്സസ് റാററൻബറിയുടെ സ്വഭാവത്തിൽ കരിപുരട്ടേണ്ടതായി വന്നു. സ്റ്റോണർ അതു സമ്മതിക്കുമായിരുന്നില്ല. പക്ഷെ വക്കീലന്മാരോട് പറഞ്ഞാലൊക്കുമോ? അയാറം തീവ്രമായി വാദിച്ചു മിസ്സസ് റാററൻബറി സ്റ്റോണറെ വശപ്പെടുത്തിക്കളഞ്ഞെന്ന്; അയാളെ നിയമകരമല്ലാത്ത ബന്ധത്തിന്ന് പ്രേരിപ്പിച്ചുവെന്ന്; മിസ്സസ് റാററൻബറിയെ കണ്ടുമുട്ടിയില്ലെങ്കിൽ ഒരിക്കലും അയാറം ഈ കൃത്യം ചെയ്യുമായിരുന്നില്ലെന്നു; യഥാർത്ഥത്തിൽ മിസ്സസ് റാററൻബറിയാണ് കാരണക്കാരിയെന്നു അയാറം പറഞ്ഞു: "ദുർയശസ്സിൻെറ മുദ്രയോടുകൂടിയായിരിക്കും ആ സ്ത്രീ ശവകുടീരത്തിൽ പ്രവേശിക്കുക അവളെന്തെല്ലാം പ്രവർത്തിച്ചെന്നു് എല്ലാവരുമറിയും. അവറം ജീവിച്ചിരിക്കുന്നിടത്തോളംകാലം അവറം അതിനെപ്പററി ദുഃഖിക്കുകയും ലജ്ജിക്കുകയുംചെയ്യും. പാവപ്പെട്ട ഈ ചെറുപ്പക്കാരൻെറ മനസ്സിൽ, തൻെറ മൌഢ്യംകൊണ്ടും പ്രവൃത്തികറംകൊണ്ടും അസൂയയുടെയും വിദ്വേഷത്തിൻെറയും ഒരു പിശാചിനെ ജനിപ്പിച്ച ഒരുവളാണവറം", എന്നൊക്കെ പറഞ്ഞു ആ വക്കീൽ.

ജൂറിക്കാർ തങ്ങളുടെ തീരുമാനം കോടതിയെ അറിയിക്കുവാനുള്ള സമയം വന്നുചേർന്നു. ആദ്യമായി മിസ്സസ് റാററൻബറി കുററക്കാരിയല്ല എന്നവർ പ്രസ്താവിച്ചു. താൻ രക്ഷപ്പെട്ടതിൽ അവറംക്കു പ്രത്യേകിച്ച് ഒരു സന്തോഷവുമുള്ളതായി ആർക്കും തോന്നിയില്ല. സ്റ്റോണർ കുററക്കാരനാണ് എന്നു വിധി പ്രസ്താവിച്ചപ്പോറം മിസ്സസ് റാററൻബറി 'അയ്യോ:' എന്നു ഞരങ്ങി. അവറം വ്യസനപരവശയായി കാണപ്പെട്ടു. അവളെ അവിടെനിന്നു കൊണ്ടുപോകേണ്ടതായി വന്നുകൂടി. സ്റ്റോണർ ധൈര്യസമേതം തൻെറ വിധി സ്വീകരിച്ചു.

ചില ബന്ധുക്കറം മിസ്സസ് റാററൻബറിയെ കൂട്ടിക്കൊണ്ടുപോയി സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു. വർത്തമാനപത്രക്കാർ അവിടെയും അവറംക്കു ഇരിക്കപ്പൊറുതി നല്കിയില്ല.

ദുഷ്ടഭൂതങ്ങളെപ്പോലെ അവർ അവളെ പോകുന്നിടത്തൊക്കെ പിൻതുടർന്നുകൊണ്ടിരുന്നു. മിസ്സസ് റാററൻബറിക്ക് അസഹ്യമായ ശല്യമാണുണ്ടായതു്. വാർത്തകൾ കിട്ടാൻവേണ്ടി ചെന്നായ്ക്കളെപ്പോലെ വിശക്കുന്ന പത്രപ്രതിനിധികൾക്ക ആ സ്ത്രീഹൃദയം പിടയ്ക്കുന്നതു കാണാൻ കഴിഞ്ഞില്ല. എരിപൊരിക്കൊള്ളുകയായിരുന്നു ആ ഹൃദയം. അവൾ ഭർത്താവിനെ ഗാഢമായി സ്നേഹിച്ചു, കാമുകനെ ഗാഢമായി സ്നേഹിച്ചു, കുട്ടികളെയും ഗാഢമായി സ്നേഹിച്ചു. ലോകത്തു ഒന്നിനോടും അവൾക്ക വിദ്വേഷമുണ്ടായിരുന്നില്ല. താൻ സ്നേഹിച്ച ഭർത്താവിനെ താൻ സ്നേഹിക്കുന്ന കാമുകൻ വധിച്ചു. താൻ സ്നേഹിക്കുന്ന കുഞ്ഞുങ്ങൾക്ക തന്നെപ്പററിയുള്ള ദുഷ്പ്രവാദങ്ങളുടെ ഫലങ്ങൾ അനുഭവിക്കേണ്ടിയുംവരും. ആളുകൾ എല്ലാം കുലടയെന്നെ തന്നെ വിളിയ്ക്കുള. സഹതാപം, അനുകമ്പ, അവൾ ഒരിടത്തും ദശിച്ചില്ല. ഏകാന്തത അവൾക്ക വേണമായിരുന്നു. യാതൊരുത്തരെ കാണുന്നതും വേദനകരമാണു്. അവൾക്ക തീരെ സുഖമില്ലാതായി കൊലക്കയറിൽനിന്നു ജീവിതം അവൾക്ക തിരിച്ചുകൊടുക്കപ്പെട്ടു. പക്ഷെ തീരെ ഉപയോഗമില്ലാത്ത ഒരു രൂപത്തിൽ ലോകത്തു അവൾക്കൊരിടവുമുണ്ടായിരുന്നില്ല ദുഷ്പ്രവാദത്തിൻെറ അലകൾ ആഞ്ഞടിച്ചുകൊണ്ടിരുന്നു. അവയിൽനിന്നു അഭയം തരാൻ സ്നേഹത്തിൻെറ ഒരു പാറക്കെട്ടും അവൾ കണ്ടില്ല.

അങ്ങിനെ അവൾ ഒരു കത്തിയും ഉടുപ്പിനുള്ളിൽ ഒളിച്ചുവെച്ചുകൊണ്ടു് വിജനമായ പുഴവക്കത്തു ചെന്നു. തകർന്നു പോയിരുന്ന ആ ഹൃദയത്തിൽ അവൾ സ്വന്തം കത്തി കുത്തിയിറക്കി ആത്മഹത്യ ചെയ്തു.

[സ്റ്റോണർ കൊടുത്ത അപ്പിൽ മുഴുവനും നിഷ്പ്രയോജനമായില്ല. വധശിക്ഷ ജീവപര്യന്തം തടവായി മാററി.

[ആത്മഹത്യ ചെയ്തതിൽപിന്നെ, മുമ്പ് അവളെപ്പററി ചീത്ത പറഞ്ഞ പലരും അവളുടെ ആത്മാവിനോട്ട് സഹതപിച്ചു.

# കൊലപാതകി

(ചരിത്രാന്വേഷകൻ)

ചുംബനം എന്നു ഇംഗ്ലീഷിൽ അത്ഥമുള്ള 'കിസ്സ്' എന്ന പദം ഹംഗറിയിലെ ഭയങ്കരനായ ഒരുകൊലപാതകിയുടെ നാമധേയംകൂടിയായിരുന്നു.

ബേലാ കിസ്സിൻെറ കഥ അമാനുഷികകഥകളെക്കാഠം അത്ഭുതാവഹമാണ്. ഇത്രരസകരമായ ഈ നടന്നകഥ അത്രയധികം അറിയപ്പെട്ടിട്ടില്ലഎന്നുള്ളതോ, വിസ്മയകരവുതാണ്.

1912_ലെ വസന്തകാലത്തൊരുദിവസം 40 വയസ്സുള്ള ബേലാകിസ്സ്, യുവതിയും സുന്ദരിയുമായ ഭാൎയ്യയോടുകൂടി ഹംഗറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റിന് കുറച്ചകലെയുള്ള ഒരു ഗ്രാമത്തിൽ താമസംതുടങ്ങി. വിസ്തൃതമായ പറമ്പിൽ സ്ഥിതിചെയ്ത ആ ഗൃഹത്തിൽ എന്തെല്ലാം ഭയങ്കരകൃത്യങ്ങഠം നടന്നിരുന്നുവെന്നു വളരെക്കാലം കഴിഞ്ഞപ്പോഴെ ആളുകഠംക്കു മനസ്സിലായുള്ളു.

ഭത്താവു ദൂരദേശങ്ങളിലായിരിക്കുമ്പോഴൊക്കെ, ഒരു കാമുകൻ ഭാൎയ്യയെ അകമ്പടിസേവിച്ചിരുന്നു. പ്രകൃത്യാസംശയാലുവായിരുന്ന ബേലാകിസ്സ്, ആണുങ്ങളുമായി സംസാരിക്കപോലും ചെയ്യരുതെന്ന് ഭാൎയ്യയെ വിലക്കിയിരുന്നെങ്കിലും അവഠം ഭത്താവില്ലാത്തപ്പോഴൊക്കെ കാമുകനുമായുള്ള സൈ്വരവിഹാരങ്ങഠം തുടൎന്നുപോന്നു. ഒരു ദിവസം ബേലാകിസ്സ് വിദേശസഞ്ചാരംകഴിഞ്ഞു മടങ്ങിയെത്തിയപ്പോഠം വീടു പൂട്ടിയിട്ടിരിക്കുന്നു, ഭാൎയ്യയെക്കാണാനുമില്ല. അവളെഴുതിവെച്ചിരുന്ന കുറിപ്പിൽനിന്നു അയാഠംക്കുവ്യക്തമായി, അവഠം കാമുകനോടുകൂടി ഒളിച്ചോടിപ്പോയിരിക്കയാണെന്ന്.

ആ സംഭവം ബേലാകിസ്സിനെ തൻെറ പഴയ ജീവിതസരണിയിലേക്കു തിരിച്ചുവിട്ടു.

ബേലാകിസ്സ് പുറത്തിറങ്ങാതെ വീട്ടിനുള്ളിൽ അടച്ചിരുന്നു. മന്ത്രവാദത്തിലും ജ്യോതിശ്ശാസ്ത്രത്തിലും മററും വലിയതാ

ല്പയ്യമുണ്ടായിരുന്ന അയാറം അധികം സമയവും ആ ശാസ്ത്രങ്ങളുടെ സാദ്ധ്യതകളെപ്പററി ചിന്തിക്കുന്നതിലുംമുഴകി. അയാറം തീരെ പുറത്തിറങ്ങാതെയായി. ആരെയും കാണാതെയുമായി. എന്താണു കാര്യമെന്നന്വേഷിക്കാൻ ഒരു അയൽവീട്ടുകാരൻ വന്നു. ബേലാകിസ്സ് വളരെ ശോഷിച്ചിരിക്കുന്നു. അയാളുടെ ആരോഗ്യം തകന്നുപോയിരിക്കുന്നു. ആകപ്പാടെ ഒരു പ്രേതം പോലെതോന്നി. സാന്ത്വനപ്പെടുത്താൻ ശ്രമിച്ച അയൽവാസിയോടയാറംപറഞ്ഞു, "ഞാൻ മരിക്കുന്നെങ്കിൽത്തന്നെ എന്തു്? എൻെറ ഭാര്യപോയതിൽപിന്നെ എനിക്കു എല്ലാം മതിയായി. ജീവിക്കുവാൻവേണ്ടി എനിക്കു ഒന്നുംതന്നെയില്ല."

അയൽപക്കക്കാരൻ വളരെ നിബ്ബന്ധിച്ചപ്പോറം ബേലാകിസ്സ് ഒരു ഡോക്ടരെ കാണാമെന്നു സമ്മതിച്ചു. ഡോക്ടർ എത്തി. കൂടെ അടുത്തുള്ള ഒരു പരിചാരികയും. അവളോട് അകത്തെ ഒരു മുറിയിൽമാത്രം കടക്കരുതെന്നു ബേലാകിസ്സ് ചട്ടംകെട്ടിയിരുന്നു. പക്ഷെ അവറം കൂട്ടാക്കിയില്ല. ആ മുറിയിൽ ഒരു മേശപ്പുറത്തു് അയാളുടെ ഭാര്യധരിച്ചിരുന്ന വസ്ത്രങ്ങളും ചെരിപ്പുകളും നിരത്തിവെച്ചിരുന്നു. കൂടാതെ ചുമരിനോടുചേത്തു അഞ്ചു വലിയ തകരവീപ്പകളും.

എന്താണ് ഈ വീപ്പകളിൽ? പരിചാരികപറഞ്ഞറിഞ്ഞ അയൽനിവാസികറം പരസ്പരംചോദിച്ചു. വീഞ്ഞായിരിക്കുമെന്നവർ നിശ്ചയിച്ചു. അയൽപക്കക്കാരൻ ചോദിച്ചപ്പോറം ബേലാകിസ് പറഞ്ഞു, ഒരു പെട്രോറംവില്പനക്കാരന് പണത്തിന്നത്യാവശ്യംവന്നപ്പോറം, അയാളെ സഹായിക്കാനായി വാങ്ങിയ പെട്രോളാണെന്ന്. എല്ലാരും അക്കഥ വിശ്വസിച്ചു.

പക്ഷെ ആ വീപ്പകളിൽ പെട്രോളൊന്നുമായിരുന്നില്ല. എന്താണെന്നു അവർ മനസ്സിലാക്കിയപ്പോറം വളരെക്കാലം കഴിഞ്ഞുപോയിരുന്നു.

എങ്കിലും ചിലക്കു ബേലാകിസ്സിൻെറ നടപടികളിൽ അവ്യക്തമായ ചില സംശയങ്ങറം തോന്നാതിരുന്നില്ല. കൂടെക്കൂടെ അയാറം അവിടംവിട്ടു തലസ്ഥാനനഗരിയിലേക്കുപോകും. വെളുപ്പാൻകാലമാകുമ്പോഴെ മടങ്ങിയെത്തുകയുള്ളു. ആ സമയത്തു് അയാളുടെ വീട്ടിനെ ലക്ഷ്യമാക്കിപോകുന്ന പഴയകാ

റിൻെറ കഠോരമായ ശബ്ദം നിശയുടെ നിശ്ശബ്ദതയെ ഭേദിച്ചിരുന്നു. ക്രമേണ പല കിംവദന്തികളും അയാളെപ്പററി പ്രചരിച്ചു. അയാളൊരു ദുർമ്മന്ത്രവാദിയാണെന്നുപോലും ആളുകൾ പറഞ്ഞു.

1914 ജനവരിയിലെ ഒരു ദിവസം ഏററവും നവീനരീതിയിൽ വസ്ത്രധാരണംചെയ്ത ബേലാകിസ്സും ഒരു സുന്ദരിയും സൈ്വരസല്ലാപംചെയ്തുകൊണ്ടു ഒരു വിജനപ്രദേശത്തിലൂടെ നടന്നുപോകുന്നതു കാണപ്പെട്ടു. ഭാൎയ്യയാൽ പരിത്യക്തനായ ഭർത്താവു് മറെറാരു സ്ത്രീയുമായി പ്രേമബദ്ധനായിരിക്കുന്നു എന്നു മാത്രമേ അയൽവാസികൾ വ്യാഖ്യാനിച്ചുള്ളു. പക്ഷെ അതിൽപിന്നെ അവളെ ആരും കണ്ടിട്ടില്ല. എന്തായിരിക്കും കാരണം?

ഒരു മാസംകഴിഞ്ഞപ്പോൾ മറെറാരു യുവതിയോടുകൂടി ഗ്രാമത്തിന് 4 മൈൽ ദൂരമുള്ള ഒരു സ്ഥലത്തുവെച്ചു് ബേലാകിസ്സിനെ ഒരാൾ കാണാനിടയായി.

ആ സമയത്തോടടുപ്പിച്ചു് ഒരു യുവതി പോലീസിനോടു പരാതിപ്പെട്ടുകൊണ്ടു കൊടുത്തമൊഴി അവരെപ്പോലും അത്ഭുതപ്പെടുത്തി.

അവൾ ഒരു നാടകശാലയിൽവെച്ചു നല്ലവണ്ണം വസ്ത്രധാരണംചെയ്യുന്ന ഒരാളെ പരിചയപ്പെട്ടു. അപ്പോൾ തുടങ്ങിയ പരിചയം കൂടുതലായപ്പോൾ അയാളവളെ സായാഹ്നസവാരിക്കു ക്ഷണിച്ചു. രസകരമായ സമയം. അതുകഴിഞ്ഞു തൻെറ വസതിയിലേക്കു വന്നാൽ അവളുടെ ഭാവി പറയാമെന്നയാൾ പറഞ്ഞു. ഭാവിഫലങ്ങളറിയാനുള്ള ഉത്സാഹത്തോടുകൂടി അവൾ ബേലാകിസ്സിനോടുകൂടി അയാളുടെ നഗരവസതിയിലെത്തി. അതിഥിയെ യഥാവിധി ഉപചരിക്കണമല്ലൊ. അയാൾ അവൾക്കു കുടിക്കാനൊരു പാനീയം തംബ്ലറിൽപകൎന്നുകൊടുത്തു. മേശക്കടുത്തുള്ള കസാലയിലിരിക്കാൻ അവളോടയാൾ അഭ്യർത്ഥിച്ചു. മേശപ്പുറത്തുവെച്ചിരുന്ന ഒരു സ്ഫടികഗോളത്തിൽ ശ്രദ്ധിച്ചുനോക്കാനയാളാവശ്യപ്പെട്ടു. കുറെനേരം സശ്രദ്ധം നോക്കിക്കൊണ്ടിരുന്നപ്പോഴെക്കും അവൾക്കു കുറേശ്ശ തല കറങ്ങുന്നതുപോലെതോന്നി. പെട്ടെന്നു സ്ഫടികഗോളത്തിൽ

നിന്നു കണ്ണയത്തിനോക്കിയപ്പോഠം കാണമാറായി, ഒരു ചര ട്ടംപിടിച്ചുകൊണ്ടയാഠം അവളുടെ അടുത്തുനില്ക്കുന്നു. അയാളു ടെ മുഖഭാവം അപ്പാടെ മാറിക്കഴിഞ്ഞിരുന്നു. മര്യാദ മൂത്തീക രിച്ചയാളെന്നു മുമ്പു തോന്നിയിരുന്ന ആതിഥേയൻ ഒരു പി ശാചിനെപ്പോലെ ഭയങ്കരനായിക്കഴിഞ്ഞിരിക്കുന്നു. കണ്ണുകഠം വസൂര്യമണികഠംപോലെ തിളങ്ങുകയാണ്. അവഠംക്കു തല ക്കറക്കമുണ്ടെങ്കിലും, അയാളുടെ മുഖത്ത് വധചിന്ത അസന്നി ശ്ധമായി തെളിഞ്ഞുകണ്ടു. അവഠം പരിഭ്രമിച്ചു ബോധരഹി തയായി. ബോധംവീണപ്പോഠം ദൂരെയൊരു ദിക്കിൽ മരങ്ങളു ളുടെ ചുവട്ടിൽ കിടക്കുന്നതായും ആഭരണങ്ങഠം എല്ലാം പോ യ്യോയതായും അവഠംക്കു മനസ്സിലായി.

ഇക്കഥ കേട്ട പോലീസുകാർ പലയിടങ്ങളിലും അന്വേ ഷിച്ചിട്ടും ഒരു തുമ്പും കിട്ടിയില്ല. അവഠം എന്തോ പേക്കിനാ വുകണ്ട് പിച്ചുപറയുന്നതായിരിക്കുമെന്നു വിചാരിച്ച് അവരതു തള്ളിക്കളഞ്ഞു.

അത്ഭുതമെന്നു പറയട്ടെ, മൂന്നാഴ്ചകഴിഞ്ഞതേയുള്ളു. ഇ തേപോലൊരു കഥ വേറൊരുയുവതിയും പോലീസുകാരോടുപ റഞ്ഞു. പാനീയം കൊടുത്തതും സ്ഫടികഗോളത്തിൽ നോക്കാ ൻ പറഞ്ഞതുമെല്ലാം പഴയപോലെ തന്നെ. പക്ഷെ രണ്ടുപേ ക്കും ആ പുരുഷൻെറ വസതി ഇന്നസ്ഥലത്താണെന്നു നിശ്ചി തമായിപറയാൻ സാധിച്ചില്ല. എന്നിരുന്നാലും ഈ രണ്ടുകഥ കളിലെയും അജ്ഞാതനായ നായകൻ ഒരാഠംതന്നെയാണെന്ന് അധികൃതന്മാക്ക് തീച്ചയായി.

മൂന്നാമതുമൊരു യുവതി ഇതേപരാതിയോടുകൂടി പോലീ സുകാരെ സമീപിച്ചപ്പോഠം കാര്യം ആകപ്പാടെ ഗൌരവമായ നിലയിൽ എത്തിയിരിക്കുന്നതായി അവക്കു ബോദ്ധ്യമായി. പെണ്ണുങ്ങളെ കബളിപ്പിച്ച് ആഭരണങ്ങളും മററും തട്ടിപ്പറിക്കു ന്ന ഒരു പെരുംകള്ളൻ നഗരത്തിലുള്ളതായിഅറിഞ്ഞ് എല്ലാ വരും പരിഭ്രമിച്ചുതുടങ്ങി. അയാളെ കണ്ടുപിടിച്ചുശിക്ഷിച്ചില്ലെ ങ്കിൽ സമുദായത്തിൻെറ രക്ഷ അപകടത്തിലാവും. പക്ഷെ ക ള്ളനെ കണ്ടുപിടിക്കാൻസാധിച്ചില്ല. പോരെങ്കിൽ ആദ്യത്തെ ലോകമഹായുദ്ധം പെട്ടിപ്പുറപ്പെട്ടു കഴിയുകയും ചെയ്തു. എല്ലാ

യിടങ്ങളിലും ബഹളമായി. ഗവമ്മെണ്ടിൻെറ നടത്തിപ്പുത ന്നെ അവതാളത്തിലായി. ദേഹശക്തിയുള്ള എല്ലാ പുരുഷ ന്മാരേയും, പോലീസുകാരെപ്പോലും, പട്ടാളത്തിൽ ചേക്കേണ്ടി വന്നു. അപ്പോഠം ഒരു കള്ളനെ കണ്ടുപിടിക്കാനാരാണ്?

ബേലാകിസ്സിനും കിട്ടി പട്ടാളത്തിൽചേന്നു കൊള്ളണ മെന്ന ശാസനം. അയാഠം ഒരു കൊല്ലനെവിളിച്ച് വാതലുക ളും ജനാലുകളും അകത്തുനിന്ന് ബലമുള്ള ഇരുമ്പഴികഠംതറച്ചു സുരക്ഷിതമാക്കി. ഒരാഴ്ചകഴിഞ്ഞ് അയാഠം പട്ടാളത്തിൽ ചേ ന്ന് അവിടം വിട്ടുപോകയും ചെയ്തു.

പതിനെട്ടുമാസങ്ങഠം അങ്ങിനെ കഴിഞ്ഞു. സെർബിയാ യിൽ സൈനികസേവനമനുഷ്ഠിച്ചിരുന്ന ബേലാകിസ്സിന് പഴ യഗ്രാമത്തിലെ സുഹൃത്തുക്കളിലൊരാളയച്ചകത്തു മടങ്ങിവന്നു. ബേലാകിസ്സ് പരുക്കുകളേററ് ബെൽഗ്രേഡിനടുത്തുള്ള ഒരു ആശുപത്രിയിൽവച്ചു മരിച്ചുപോയി എന്നൊരു ഔദ്യോഗിക ക്കുറിപ്പും ആ കത്തിനോടുകൂടി അനുബന്ധിച്ചിരുന്നു. ഭായ്യ വിട്ടും വെച്ച് പോയ്ക്കുളഞ്ഞ ആ പാവം അങ്ങനെ സ്വരാജ്യ ത്തിനുവേണ്ടി ജീവൻകളഞ്ഞതറിഞ്ഞപ്പോഠം സഹതാപം അ ഭിനന്ദനമായി മാറി. യുദ്ധത്തിൽമരിച്ചവരുടെ സ്മരണ നില നിറുത്തുവാനായി കെട്ടിയുയത്തിയ സ്തൂപത്തിൽപോലും അയാ ളുടെ പേർ കൊത്തിയിരിക്കുന്നതായും അവർ കണ്ടു.

അപ്പോഠംനടന്ന ഒരു കണ്ടുപിടിത്തം ആ ഗ്രാമവാസിക ളെ വല്ലാതെ ഇളക്കിമറിച്ചു. ബേലാകിസ്സ് സുന്ദരിയായ ഒരു യുവതിയോടുകൂടി നടന്നുപോകുന്നതായി ഒരു കൃഷീവലൻമുമ്പു കണ്ടസ്ഥലത്തിനടുത്ത്, ഒരു സ്ത്രീയുടെ മൃതശരീരം ജീണ്ണിച്ചു കിടക്കുന്നതായിക്കാണപ്പെട്ടു. ആ മൃതശരീരത്തിൻെറ വിരലിൽ ഒരു വിവാഹമോതിരമുണ്ടായിരുന്നു. ഭത്താവിനെ ഉപേക്ഷിച്ച് കാമുകനോടുകൂടി ഒളിച്ചോടിപ്പോയ ഒരു യുവതിയുടെ മൃതശ രീരമാണതെന്ന് ആ മോതിരത്തിൽനിന്നു തെളിഞ്ഞു. യുദ്ധം തുടങ്ങി ഒരാഴ്ചകഴിഞ്ഞപ്പോഴെക്കും ആ ഭത്താവു മരിച്ചുപോ യിരുന്നു എന്നുപോലീസുകാരുടെ അന്വേഷണങ്ങഠം തെളിയി ച്ചു. അതുകൊണ്ട് തുടന്നുള്ള അന്വേഷണം നിറുത്തിവെക്കാ നൊരു കാരണം പോലീസുകാക്കു കിട്ടി. മൂന്നുമാസം കഴിഞ്ഞി

ല്ല. അപ്പോഴുണ്ട് വേറൊരു മൃതശരീരത്തേയും ഭൂമിക്കടിയിൽ നിന്നു കണ്ടുകിട്ടുന്നു! ജനങ്ങറംവല്ലാതെ ക്ഷോഭിച്ചു. ഇതൊക്കെ വെറുതെയുള്ള മരണങ്ങളല്ല. അജ്ഞാതനായ ഒരു കൊലപാതകിയുടെ വിക്രിയകളാണിവയെന്ന് സ്പഷ്ടമായിരുന്നു. ആകൊലപാതകിയെ കണ്ടുപിടിച്ചു ശിക്ഷിക്കാതിരുന്നാൽ? സ്ത്രീകറം വല്ലാതെ ഭയപ്പെട്ടുതുടങ്ങി. എങ്കിലും പോലീസുകാർ മിണ്ടാതിരുന്നതേയുള്ളു. യുദ്ധം ആളിക്കത്തുന്ന ആ സമയത്ത് അവർ എന്തു ചെയ്യും? സ്ഫടികഗോളത്തിൻെറ കഥപറഞ്ഞ യുവതിയുടെ അനുഭവങ്ങറക്കും മൃതശരീരങ്ങറ കണ്ടുപിടിച്ചതിനും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടായിരിക്കണമെന്നുപോലും അവർ ആലോചിച്ചില്ല.

പെട്ടെന്ന്, നാട്ടുകാരുടെ കൈയിലുള്ള പെട്രോറം മുഴുവൻ യുദ്ധാവശ്യത്തിനായി നീക്കിവക്കണമെന്ന് ഒരു ഗവമ്മെൻറുത്തരവുണ്ടായി. ആദ്യമൊക്കെ വലിയ പട്ടണങ്ങറ മാത്രമേ ഈ ഉത്തരവിൻെറ പരിധിയിൽ അകപ്പെട്ടിരുന്നുള്ളു. ക്രമേണ ഗ്രാമങ്ങളും അതിലുറംപ്പെട്ടുതുടങ്ങി. ഓരോ പട്ടണവും ഓരോ ഗ്രാമവും ഉദ്യോഗസ്ഥന്മാർ സന്ദർശിച്ച് ഇരിപ്പുള്ള പെട്രോറം എല്ലാം ഗവമ്മെൻറാവശ്യത്തിനായി പിടിച്ചെടുത്തു. ബേലാകിസ്സ് താമസിച്ചിരുന്ന ഗ്രാമത്തിലുമെത്തി ഉദ്യോഗസ്ഥന്മാർ. തൻെറ മുറിക്കുള്ളിൽ വെച്ചിരുന്ന അഞ്ചു തകരവീപ്പകളിൽ പെട്രോളാണെന്ന് ബേലാകിസ്സ് ഒരാളോടു പറഞ്ഞിരുന്നതു ആ ആളുടെ സ്മൃതിപഥത്തിലെത്തി. നിയതിയുടെ വിളയാട്ടം എന്നല്ലാതെ എന്തു പറയട്ടെ! അയാറം കൊടുത്ത അറിവിൻെറ ഫലമായി ഒരുദ്യോഗസ്ഥൻ ബേലാകിസ്സിൻെറ വസതിയിലെത്തി. ഒരു വീപ്പ കുറച്ചു പൊളിച്ചപ്പോഴെക്കും വാററിയ മദ്യത്തിൻെറ മണമാണതിൽനിന്നു പ്രസരിച്ചതു്. എന്തായാലും തുറന്നു നോക്കിക്കളയാം എന്നയാറം നിശ്ചയിച്ചു. വീപ്പ പൊളിച്ചുനോക്കി. എന്താണയാളുടെ അത്ഭുതംകൊണ്ടു വിടൎന്ന കണ്ണുകറക്കു ഗോചരമായതു്? സ്ത്രീകളുടെ വസ്ത്രങ്ങറ! ഹൃദയത്തുടിപ്പോലെ അയാറം അതു മാററി അകത്തുനോക്കി ഒരു സ്ത്രീയുടെ നഗ്നമായ ശരീരം കയറുകൊണ്ടുകെട്ടിവരിഞ്ഞ് ആ സ്പിരിട്ടിൽ ഇട്ടിരിക്കുന്നു! ആ ദ്രാവകത്തിൽ വച്ചിരുന്നതിനാൽ ശരീരത്തിനു യാതൊരു ജീൎണ്ണവും സംഭവിച്ചിരുന്നില്ല.

കഴുത്തിന്നുചുററും ചുവന്ന ഒരു വര തെളിഞ്ഞുകണ്ടു. കയർകെട്ടി കൊലപ്പെടുത്തിയതായിരുന്നു എന്നു സ്പഷ്ടമായിരുന്നു!

അഞ്ചു വീപ്പകളിലും ഓരോ സ്ത്രീയുടെ മൃതശരീരം. ഓരോ ശരീരത്തിൻേറയും കഴുത്തിൽ ആ ചുവന്ന വര!

ആ ഗൃഹത്തിൽ സൂക്ഷ്മമായ പരിശോധന നടത്തി. ബേലാകിസ്സ് ചില പത്രക്കാർക്കയച്ച പരസ്യങ്ങളുടെ രസീതുകൾ കണ്ടുകിട്ടി. പത്രമാഫീസുകൾ പരിശോധിച്ചു. ഒരു പത്രത്തിൻെറ പത്തുലക്കങ്ങളിൽ തുടച്ച്യയായി പ്രസിദ്ധം ചെയ്തിരുന്ന ഒരു പരസ്യം ഇങ്ങനെയായിരുന്നു.

"അവിവാഹിതൻ 40 വയസ്സ്. 3000 പവൻ പ്രതിവഷം ആദായം. വിവാഹാലോചനയോടുകൂടി പഠിത്തമുള്ള യുവതിയുമായി കത്തിടപാടുകൾ ചെയ്യാൻ ആഗ്രഹിക്കുന്നു. എന്ന് ഡി കോളർ (മേൽവിലാസം)"

ഇത്തരത്തിലുള്ള ആനേകം പരസ്യങ്ങൾ പത്രങ്ങളിൽനിന്നു കണ്ടുകിട്ടി. ആരാണ് മേൽപറഞ്ഞ മേൽവിലാസമുള്ള ഈ ഡി കോളർ? പോസ്റ്റാഫീസിലും നടത്തി അന്വേഷണങ്ങൾ. അവിടെ മേൽവിലാസക്കാരനില്ലാത്തതുകൊണ്ടു കൊടുക്കാതിരുന്ന 53 കത്തുകൾ ഡി കോളക്കായി കാത്തു കിടന്നിരുന്നു.

അപ്പോൾ ഒരു കായ്യം സ്പഷ്ടമായി. പണം കൈവശമുള്ള പെണ്ണുങ്ങളെ പരസ്യത്തിലൂടെ കെണിയിൽപെടുത്തി സവ്വവും അപഹരിച്ചശേഷം അവരെ കൊലചെയ്യുകയായിരുന്നു ഈ 'ചെകുത്താ'ൻെറ പതിവ്! ശവശരീരങ്ങളെ സ്പിരിററിലിട്ട് വീപ്പയിൽ സൂക്ഷിച്ചുവെച്ചിരുന്നത്, സൌകര്യമായി ആക്കും സംശയം തട്ടാതെ പതുക്കെ മണ്ണിനടിയിൽ കുഴിച്ചിടാനായിരിക്കണം!

അനേകംപേർ മൺവെട്ടിയും പിക്കാസുമായി ബേലാകിസ്സ് താമസിച്ചിരുന്ന ഗൃഹത്തിൻെറ പറമ്പുമുഴവൻ കിളച്ചുനോക്കി. കണ്ടുകിട്ടിയ പെണ്ണുങ്ങളുടെ ശവശരീരങ്ങളുടെ എണ്ണം ഇരുപത്താറായിരുന്നു!

പക്ഷെ ബേലാകിസ്സിനെ എങ്ങനെ കിട്ടാനാണ്? സെർബിയയിൽവച്ചൊരുയുദ്ധത്തിൽ അയാൾ പരുക്കുകളേററു

മരിച്ചുപോയിരുന്നു എന്നു റിക്കാർട്ടിലുണ്ടായിരുന്നു. അതുകൊണ്ടു് പോലീസുകാർ അവരുടെ നടപടികൾക്കൊരു വിരാമമിട്ടു; ആ ഗ്രാമത്തിലെ നിവാസികളൊഴിച്ച് മററെല്ലാവരുടെയും സ്മൃതിപഥത്തിൽനിന്നും ആ ഭയങ്കര കണ്ടുപിടിത്തങ്ങൾ മാഞ്ഞുപോയി.

ഒരു വർഷംകഴിഞ്ഞു, സ്ഫടികഗോളത്തിൽ നോക്കിക്കൊണ്ടിരിക്കവേ ബേലാകിസ്സ് കൊല്ലാൻ ശ്രമിച്ചതിൽനിന്നും രക്ഷപ്പെട്ടു് ആ സംഭവത്തെപ്പററി പോലീസിനോടു പരാതിപറഞ്ഞ യുവതിയുണ്ടായിരുന്നല്ലൊ. അവൾ ഒരുദിവസം ഇൻസ്പെക്ടർ റെഷിനോടു പറഞ്ഞു. കൊലചെയ്യാൻ ശ്രമിച്ച ആളിനെപ്പോലൊരാളെ അവൾ യാദൃച്ഛികമായി കണ്ടെന്നു്. പോലീസുദ്യോഗസ്ഥൻ ആദ്യം അതു വിശ്വസിച്ചില്ല. പക്ഷെ യുവതി വീണ്ടും പറഞ്ഞു, അതയാൾതന്നെന്നു്, തനിക്കു യാതൊരു സന്ദേഹവുമില്ലെന്നു്! ഒരുപക്ഷേ ബേലാകിസ്സ് മരിച്ചിട്ടില്ലായിരിക്കുമോ? ഇൻസ്പെക്ടർക്കു പ്രബലമായ സംശയംതോന്നി. കാര്യങ്ങൾ നേരിട്ടു മനസ്സിലാക്കണമെന്നുള്ള മോഹത്തോടുകൂടി ഇൻസ്പെക്ടർ റഷ് ബെൽഗ്രേഡിലെ ആശുപത്രിയിലെത്തി. ബേലാകിസ്സ് മരിച്ചതിനെപ്പററിയുള്ള റിക്കാർട്ടുകൾ അയാൾ കണ്ണുകൊണ്ടു കണ്ടു. ഇനി സംശയിക്കാനൊന്നുമില്ല. എങ്കിലും ഒന്നുകൂടി നോക്കിക്കളയാം എന്നയാൾ നിശ്ചയിച്ചു. ബേലാകിസ്സ് മരിച്ചപ്പോൾ പരിചരിനഴ്സ് അവിടെ അപ്പോഴുമുണ്ടായിരുന്നു. ഇത്ര ഭയങ്കരനായ ഒരു കൊലപാതകിയുടെ അവസാനമെങ്ങിനെയായിരുന്നു എന്നറിയാനുള്ള ഔത്സുക്യം ഇൻസ്പെക്ടർ പ്രദർശിപ്പിച്ചതു അസ്വാഭാവികമൊന്നുമായിരുന്നില്ല. കഥയൊക്കെ കേട്ട നഴ്സ് പറഞ്ഞുപോയി "എനിക്കു തീരെ വിശ്വസിക്കാൻ സാധിക്കുന്നില്ല. ഇത്ര ഭയങ്കരകൃത്യം ചെയ്യുന്ന കരുവനാണെന്നു തോന്നിയില്ലല്ലോ ആ ബാലൻ!"

ഇൻസ്പെക്ടർ ഒന്നു ഞെട്ടി. "എന്തു്? ബാലനോ? എന്താണിതിൻെറ അർത്ഥം?" ബേലാകിസ്സിന്നു് നാല്പതുവയസ്സിൽ കൂടുതലുണ്ടായിരുന്നല്ലൊ! നഴ്സ് പറഞ്ഞു: ഇല്ലില്ല. ഇവിടെ വെച്ചു മരിച്ച ബേലാകിസ്സിന്നു് ഇരുപതുവയസ്സേ പ്രായമുണ്ടായിരുന്നുള്ളു."

ഇതെന്തു് ഇന്ദ്രജാലം! ഇൻസ്പെക്ടർക്ക് ഒന്നും മനസ്സിലായില്ല. അയാഠം കടലാസുകഠം വീണ്ടും സൂക്ഷ്മമായി പരിശോധിച്ചു. തലപുകഞ്ഞ് ആലോചിച്ചു. അപ്പോഠം ഉത്തരംകിട്ടി. ബേലാകിസ്സ് നിസ്സഹായനായിക്കിടന്ന ആയുവാവിൻെറ രേഖകഠം കരസ്ഥമാക്കുകയും തൻെറ രേഖകഠം കൈമാറുകയും ചെയ്തു. ബേലാകിസ്സ് എന്ന പേരിൽ ആ പാവപ്പെട്ട യുവാവ് മരിക്കുകയും അടക്കംചെയ്യപ്പെടുകയുമാണുണ്ടായതു്. ആ പിശാചിൻെറ തന്ത്രപ്രയോഗത്തിൽ ഇൻസ്പെക്ടർപോലും അഭിനന്ദിച്ചുപോയി.

അത്ഭുതകരമായ ഈ വർത്തമാനവുംകൊണ്ടു് ഇൻസ്പെക്ടർ ദ്രുതഗതിയിൽ ബുഡാപെസ്റ്റിലേക്ക് മടങ്ങി. യഥാർത്ഥ ബേലാകിസ്സിനെ കണ്ടുപിടിക്കാനായി രാജ്യം മുഴുവൻ സൂക്ഷ്മമായ പരിശോധന നടത്തി. പക്ഷേ, അയാളെ കണ്ടുകിട്ടിയില്ല. യൂറോപ്പിലെ രാജ്യങ്ങളിലെ എല്ലാ പോലീസുകാരേയും വിവരം തെര്യപ്പെടുത്തി. ഇംഗ്ലണ്ടിലൊളിച്ചോടിപ്പോയിരിക്കുമെന്നുപോലും ശങ്കിച്ചു. സ്കോട്ട്ലണ്ട് യാർഡുപോലും ബേലാകിസ്സിനെപ്പററി അന്വേഷണങ്ങഠം നടത്തി; പക്ഷേ അവർ വെച്ച വലയിൽ ഭയങ്കരനായ ആ കുററവാളി വീണില്ല. പിന്നെയും വളരെക്കാലത്തേക്കു അവർ അയാളെ നിഷ്ഫലമായി അന്വേഷിച്ചുകൊണ്ടിരുന്നു.

# വിദ്യാൎത്ഥിലോകം

പൂൎവ്വകാലത്തിൽ പാഠാരംഭത്തിൽ ആചാൎയ്യാന്തേവാസികൾ ഒരുമിച്ചൊരേസ്വരത്തിൽ കീൎത്തിക്കുന്ന ശാന്തിപാഠം എന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. അതിലടങ്ങിയിരിക്കുന്ന സാരം:—"സൎവ്വേശ്വരൻ നമ്മളെ ഒരുപോലെ ഏകകാലത്തിൽ രക്ഷിക്കട്ടെ. സുഖദുഃഖാദ്യവസ്ഥകൾ ഏതുവിധമായിരുന്നാലും ആ അവസ്ഥാഭേദങ്ങളെ നമ്മൾ ഒരുപോലെ പകുത്തനുഭവിപ്പാൻ നമ്മൾക്കു സൽബുദ്ധി ഭഗവാൻ നൽകട്ടെ. നമ്മളുടെ പ്രവൃത്തിസാമൎത്ഥ്യത്തെ ഒരുമിച്ചുതന്നെ ലോകത്തിന്നും നമ്മൾക്കും ശ്രേയസ്കരമായ മാൎഗ്ഗത്തിൽ പ്രകാശിപ്പിക്കുവാൻ അന്തൎയ്യാമി നമ്മളെ അനുഗ്രഹിക്കട്ടെ. നമ്മൾക്കുതമ്മിൽ ഒരു കാലത്തിലും വിദ്വേഷത്തിന്നിടവരാതിരിക്കട്ടെ. നമ്മൾ ഇരു കക്ഷികളും ഒരു കാലത്തിലും സൎവ്വേശ്വരനെ മറന്നുകൊണ്ടു മനസാവാചാകൎമ്മണാ ഒന്നും പ്രവൃത്തിക്കാനിടവരാതിരിക്കട്ടെ. നമ്മൾ ആത്മാവായിത്തന്നെ നമ്മളിൽ വസിക്കുന്ന സൎവ്വേശ്വരനെ ഒരു കാലത്തിലും മറക്കാതിരിക്കേണം. സൎവ്വശക്തൻ നമ്മളെ ഒരു കാലത്തിലും ഉപേക്ഷിക്കാതേയും ഇരിക്കട്ടെ" ഇതാണ്. ഈവിധം ആചാൎയ്യന്മാരും അന്തേവാസികളും അന്യോന്യം പ്രേമപരിപൂൎണ്ണമായ നിലയിൽ പിതൃപുത്രന്മാരെന്നപോലെ അദ്ധ്യയനവും അദ്ധ്യാപനവും നടന്നുകൊണ്ടിരുന്ന സുവൎണ്ണാവസരം ഇങ്ങിനിവരാതവണ്ണം ക്ഷയിച്ച് ക്ഷയിച്ച് ഇപ്പോഴത്തെ ഗുരുശിഷ്യന്മാർ തമ്മിലുള്ള അശ്ലീലമായ പെരുമാററം ലോകത്തെ ഒട്ടാകെ പരിതപിപ്പിക്കുന്ന ഈ ഒരവസരത്തിൽ ക്ഷേമകാംക്ഷികളായ ചിലരെങ്കിലും ഉണ്ടാകാതിരിക്കയില്ല എന്നും വിലമതിപ്പാൻ കഴിയാത്തതായ മനുഷ്യജന്മത്തിന്റെ സാഫല്യത്തിന്നടിത്തറ ഉറപ്പിക്കുവാനുപകരിക്കുന്ന ബാല്യകാലത്തേയും വിദ്യാഭ്യാസത്തേയും ഫലപ്രദമാക്കുവാനാഗ്രഹിക്കയും അതിന്നുചിതമായ നിലയിൽ ആത്മനിയന്ത്രണം അത്യാവ

ശ്യമാണെന്നു കരുതുകയും ചെയ്യുന്നവരെ ലക്ഷ്യമാക്കിക്കൊണ്ടാണ് പഠിക്കുന്നവർ ദീക്ഷിക്കേണ്ടതായ ചില പ്രധാനസംഗതികളെ സംക്ഷേപിച്ചു പറവാനാഗ്രഹിക്കുന്നത്. ഭാവിപൌരന്മാരാവാനുള്ള വിദ്യാൎത്ഥികളിലാണെല്ലോ ലോകക്ഷേമം നില്ക്കുന്നത്. അതിനാൽ അവരെ പരിശുദ്ധപ്രേമത്തോടുകൂടെ വീക്ഷിക്കേണ്ടതാണെന്നും ബാലചേഷ്ടകൾനിമിത്തം തൽകാലം കാണുന്ന വല്ല വ്യതിചലനവുംനിമിത്തം അവരിൽ അദ്ധ്യാപകന്മാൎക്കും മഹാജനങ്ങൾക്കും മാതാപിതാക്കന്മാൎക്കും വെറുപ്പോ വിദ്വേഷമോ ഉണ്ടാകാതിരിക്കേണമെന്നും അവസാനം പറയേണ്ടതിനെ ആദ്യംതന്നെ പറഞ്ഞുകൊള്ളട്ടെ.

വിദ്യാൎത്ഥികളുടെ ശ്രേയസ്സാധനം പ്രഥമവും പ്രധാനവുമായത് ബുദ്ധിപൂൎവ്വകമായ ശ്രദ്ധയാണെന്നവർ ധരിച്ചിരിക്കേണം. ശ്രദ്ധക്കാസ്പദം മനസ്സ് എന്ന അന്തരിന്ദ്രിയമാകയാൽ അതിൻെറ ചേൎച്ചകൂടാതെ നേത്രശ്രോത്രാദികളായ ബാഹ്യേന്ദ്രിയങ്ങളെക്കൊണ്ട് അവയുടെ പ്രവൃത്തികളെ വിഹിതമായി നടത്തുവാൻ ആൎക്കും കഴികയില്ല. അതിനാൽ തങ്ങളുടെ ലക്ഷ്യത്തിൽനിന്നു ചലിപ്പിക്കാതെ മനസ്സിനെ നിയന്ത്രിപ്പാൻ പഠിക്കേണം. മനുഷ്യമനസ്സിൽനിന്നാണ് കുരങ്ങുകൾ ചാപല്യം പഠിക്കുന്നതെന്നു ചില മഹാന്മാർ പറയുന്നതു സത്യംതന്നെയോ എന്നു മനസ്സ്വഭാവത്തെ പരിശോധിക്കുന്നവൎക്കു മാത്രമേ അറിവാൻ കഴികയുള്ളു. 'മനസ്സ് മനുഷ്യനു കീഴടങ്ങിയിരിക്കണം. മനുഷ്യൻ മനസ്സിന്നു കീഴടങ്ങുകയല്ല വേണ്ടതു്. മനസ്സൊരുപകരണം മാത്രമാകയാൽ അതിനെ വേണ്ടുംവിധം ഉപയോഗപ്പെടുത്തി കാൎയ്യം സാധിപ്പാൻ ചെറുപ്രായം മുതൽക്കുതന്നെ പരിശീലിക്കേണം. പാഠശാലയിൽ കാലെടുത്തുവെപ്പാൻപോലും സാധിക്കാതെ ദാരിദ്ര്യം രോഗബാധ മുതലായ ദുരവസ്ഥകൾനിമിത്തം യഥാജാതന്മാരായും നിഷ്ഫലജീവിതം നയിച്ചും തങ്ങൾക്കും ജനിച്ച തറവാട്ടിന്നും നാട്ടിന്നും യാതൊരു നന്മയും ഉണ്ടാക്കാൻ കഴിവില്ലാത്തവരായിട്ടാണ് അധികംപേർ കാണപ്പെടുന്നതു്. ഇങ്ങിനെ വരാൻ കാരണം എന്താകുന്നു? തങ്ങൾക്കു പാഠശാലയിൽ പ്രവേശിച്ചും ആചാൎയ്യന്മാരിൽനിന്നുപദേശം സ്വീകരിച്ചും സഫലജീവിതം സിദ്ധിപ്പാനുള്ള ഭാഗ്യമുണ്ടാവാനെന്തു കാരണം? മനുഷ്യരിൽ ചിലൎക്കു

സുഖവും ധനവും കുഡുംബയോഗ്യതയും, ബുദ്ധിയോഗ്യതയും, മററുചിലക്കതൊന്നുമില്ലാതേയും, ഉണ്ടാകുവാൻ ഇപ്പോഴെങ്കിലും പരിശ്രമിക്കാതെയും മൃഗീയജീവിതചര്യയിൽ സന്തുപ്തന്മാരായും ചിലപ്പോൾ സന്തപ്തന്മാരായും കഴിക്കുന്ന പലരേയും നോക്കുമ്പോൾ ഏതോവിധത്തിലുള്ള—ഇന്നതാണെന്നു പ്രത്യക്ഷത്തിൽ കാണ്മാനോ ഊഹിപ്പാനോ സാധിക്കാത്തവിധത്തിലിരിക്കുന്ന—ഒരു അദൃഷ്ടം. ഒരു ശക്തിവിശേഷം എല്ലാവരേയും ബാധിച്ചിരിക്കുന്നു. അതിൽ ഒരു വിദ്യാൎത്ഥിയെന്ന ഭാഗ്യനില എനിക്കു സിദ്ധിച്ചിരിക്കയാൽ ഇപ്പോൾമുതൽക്കുതന്നെ എൻെറ ജീവിതത്തെ ഉപരിശ്രേയഃപ്രാപ്തിക്കുചിതമായും മാതാപിതാക്കന്മാൎക്കും വീട്ടുകാൎക്കും നാട്ടുകാൎക്കും ഭാവിയിൽ നന്മയ്ക്കും കീൎത്തിക്കും മതിയായവിധത്തിൽ ആലസ്യം കൂടാതെയും അച്ചടക്കത്തോടുകൂടിയും എൻെറ ഇപ്പോഴത്തെ ലക്ഷ്യമായ ജ്ഞാനസമ്പാദനത്തിൽ ഞാൻ പരിശ്രമിക്കാഞ്ഞാൽ എനിക്കു ഞാൻതന്നെ ശത്രുവായി പരിണമിക്കും എന്നായിരിക്കേണം സ്വന്തം ജീവിതത്തെ സഫലമാക്കേണമെന്നാഗ്രഹിക്കുന്ന ഒരു വിദ്യാൎത്ഥിയുടെ വിചാരവീഥി. ശൈശവത്തിൽ അഭ്യസ്തവിദ്യന്മാരായാൽ മാത്രമേ യൌവനവും വാൎദ്ധക്യവും സുഖാസ്പദമാകയുള്ളു എന്ന ദൂരദൃഷ്ടി അത്യാവശ്യമാകുന്നു.

## ആചാൎയ്യന്മാരോടെങ്ങിനെ അദ്ധ്യേതാവ് പരിമാറേണം.

ആചാൎയ്യാശ്രയംകൂടാതെ യാതൊരു വിദ്യയും സമ്പാദിപ്പാൻ ആൎക്കും സാധിക്കയില്ല. അപരിഷ്കൃതമായ ഒരു രത്നത്തെ ചാണയിൽവെച്ചു കടഞ്ഞെടുക്കാതെ അതിൻെറ ശരിയായ പ്രഭ പുറത്തേക്കു വീശുകയില്ല. ചളികളയുവാൻ സ്വൎണ്ണത്തെ തീയ്യിലിട്ടു ഊതി പഴപ്പിക്കേണം. ഇതുപോലെ മനുഷ്യരുടെ മനസ്സിനെ പരിശുദ്ധമാക്കേണ്ടതിന്നാണ് ആചാൎയ്യനെ ആശ്രയിക്കുന്നതു. അവതാരപുരുഷന്മാരായ ശ്രീരാമശ്രീകൃഷ്ണാദികളുംകൂടെ, അവർ ജ്ഞാനസ്വരൂപന്മാരായിത്തന്നെയിരിക്കേ വസിഷ്ഠൻ, സാന്ദീപനി, എന്ന ആചാൎയ്യന്മാരെ ആശ്രയിച്ചത് മനുഷ്യലോകത്തിന്നു മാൎഗ്ഗംകാട്ടിക്കൊടുക്കാൻവേണ്ടീട്ടായിരുന്നു. "ആചാൎയ്യവാൻ പുരുഷോവേദ" ആചാൎയ്യനെ ആശ്രയിക്കുന്നവൎക്കു മാത്രമേ ജ്ഞാനമുണ്ടാകയുള്ളുവെന്നാണ് സിദ്ധാന്തം. അതിനാൽ വിദ്യാൎത്ഥികൾ ആചാൎയ്യന്മാരിൽ ഭ

ക്തിശ്രദ്ധയുള്ളവരായിരിക്കേണം. പഠിക്കാൻ ആഗ്രഹിക്കുന്നവർ പഠിപ്പിക്കുന്നവരുടെ മനസ്സിനെ മയ്യാദ തെററാതെ സംശയവിപരീതഭാവനകളെ ദൂരീകരിപ്പാനാവശ്യമായ ചോദ്യങ്ങറം ചെയ്യേണം: ശരിയായ ആചായ്യന്മാർ വിനീതമായ ചോദ്യത്തിൽ സന്തോഷിക്കുകയല്ലാതെ ക്രോധിക്കുകയില്ല. ആവശ്യമായ ചോദ്യോത്തരങ്ങളിൽനിന്നു ആചായ്യന്മാക്കും അന്തേവാസികറംക്കും അന്യോന്യസ്നേഹബന്ധവും ബഹുമാനാധിക്യവും ദൃഢമൂലമാവ്വരും. അന്യോന്യസന്ദശനംതന്നെ അവരെ അപാരമായാനന്ദിപ്പിക്കും. കുതക്കവും അനാദരവും വെറുപ്പിന്നു കാരണമാകാതേയും ആക്കാതേയും ഇരിപ്പാൻ നന്നെമനസ്സിരുത്തേണം. ഉള്ളഴിഞ്ഞുപദേശിക്കുകയും ഉള്ളുതുറന്നതിനെ സ്വീകരിക്കുകയും തൽഫലം അന്യോന്യം ആനുഭവിച്ചാനന്ദിക്കുകയും ചെയ്യാനിടവന്നാൽ ഇതിലധികം വിലയേറിയ ലാഭം രണ്ടുപേക്കും ഉണ്ടാവാനില്ല. കച്ചവടക്കാക്കും സാമാനം വാങ്ങുന്നവക്കും തമ്മിലുള്ള സംബന്ധംപോലെ ക്ഷണികവും തുച്ഛവുമായ ഒരു ബന്ധമെ ഗുരുശിഷ്യന്മാക്കു തമ്മിലുള്ളവെന്നു വരുത്തിക്കൂടാ. ചളിയററ മനസ്സിൽനിന്നുപദേശം ഒഴുകിവരേണം. അതുപോലെതന്നെ ചളിയൊട്ടുമില്ലാത്ത മനസ്സുകൊണ്ടതിനെ—ആ അമൃതത്തെ ആസ്വദിച്ചാനന്ദിക്കുന്ന ശിഷ്യമുഖാരവിന്ദത്തിൽ സ്ഫുരിക്കുന്ന പ്രകാശംകണ്ടാനന്ദിക്കുവാനവസരം ഗുരുവിന്നുണ്ടാകുന്നുവെങ്കിൽ അതിനെക്കാറം വിലമതിപ്പാൻ കഴിയാത്ത ഗുരുദക്ഷിണ മറെറാന്നുമില്ല. പഠിപ്പാൻവന്നിരിക്കുന്ന ശിഷ്യൻ ഗുരുവിനെ ശാസിപ്പാനുള്ള മനോഭാവത്തിന്നധീനരാകാതിരിപ്പാൻ നന്നെ മനസ്സിരുത്തേണം എന്നു സവ്വജ്ഞന്മാരായ ഋഷീശ്വരന്മാർ അവരുടെ പ്രിയസന്താനങ്ങളെ ശാസിക്കുന്ന മൂന്നു വാക്യങ്ങളെ പ്രസിദ്ധമാക്കിയിരിക്കുന്നതിനെ എൻെറ പ്രേമാദരങ്ങറംക്കാസ്പദീഭൂതന്മാരായ വിദ്യാത്ഥികറം മുദ്രാവാക്യങ്ങളായി സ്വീകരിക്കുന്നതായാൽ അവക്ക് ഉപയ്യുപരിശ്രേയസ്സിന്നവകാശമുണ്ടെന്ന് ക്രമത്തിൽ അവക്കുതന്നെ അനുഭവപ്പെടും. ഔഷധം സേവിക്കുന്തോറും രോഗശാന്തിവരുന്നതല്ലാതെ ഔഷധ നാമോച്ചാരണത്താൽ രോഗം ശമിക്കുകയില്ലല്ലൊ. "മാതൃദേവോഭവ" "പിതൃദേവോഭവ" "ആചാദേവോഭവ", എന്നാണ് ആ മൂന്നു വാക്യങ്ങറം. പത്തുമാസം ഗർഭത്തി

ൽ ധരിച്ച് അതിക്ലേശമനുഭവിച്ച് പ്രസവിച്ച് വളൎത്തിയും സ്വപ്രാണനെക്കാൾ അധികം സ്നേഹിച്ചുംകൊണ്ടിരിക്കുന്ന അമ്മയേയും, "ഞാൻതന്നെ പുത്രാകൃതിയിൽ രണ്ടാമതു ജനിച്ചവൻ" എന്ന അഭേദഭാവനയോടുകൂടെ ഗൎഭാധാനംമുതൽ വേണ്ടുന്ന സകല സംസ്കാരങ്ങളെയും അതിശ്രദ്ധയാ ആചരിച്ചു പോഷിപ്പിക്കുന്ന പിതാവിനേയും ദേവിയായിട്ടും ദേവനായിട്ടും ഭക്തിപൂൎവ്വം പൂജിച്ചും ശുശ്രൂഷിച്ചും അവരുടെ ആജ്ഞയെ പരിപാലിച്ചുംകൊണ്ടിരിക്കുക. അതിനുശേഷം ആചാൎയ്യനെകുറിച്ചു പറയുന്നതും ആ വാക്യംതന്നെ എങ്കിലും അതിന്റെ ഗൌരവത്തെ ഒന്നുള്ളിൽകടന്നു പരിശോധിച്ചു ധരിക്കേണം. മാംസമയമായ ശരീരത്തിനെയല്ല ആചാൎയ്യൻ സംസ്കരിക്കുന്നത്. മനസ്സിൽ ലീനങ്ങളായിരിക്കുന്ന ജന്മാന്തരവാസനകളെ ഉത്തേജിപ്പിച്ച് മാലിന്യാംശങ്ങളെ നീക്കം ചെയ്ത് ഉത്തമോത്തമജീവിതം നയിച്ച് ജന്മസാഫല്യം വരുത്തുവാൻ ഒഴിച്ചുകൂടാത്തതായ മാൎഗ്ഗത്തെ കാണ്മാൻതക്ക യോഗ്യതയെ ഉൾക്കണ്ണിന്നുണ്ടാക്കിക്കൊടുക്കുന്ന പ്രവൃത്തി പരമപ്രേമത്തോടും ശ്രദ്ധയോടുംകൂടെനടത്തി മനുഷ്യനെ—മരണധൎമ്മമുള്ളവനെ—അമൎത്ത്യനും നിൎഭയനും സൎവ്വാരാദ്ധ്യനും എന്ന പരമപദവിയിൽ എത്തുവാൻ മതിയായ യോഗ്യതയെ നൽകുന്ന ഗുരുവിനെക്കാൾ അധികം ഗുരുത്വം മററാൎക്കുമില്ല എന്നു കാണിപ്പാനാണ് ഗുരുവെന്ന ശബ്ദത്താൽ ആചാൎയ്യനെ നിൎദ്ദേശിച്ചിരിക്കുന്നതു്. അക്ഷരമാലയിലെ അക്ഷരാവലികളെ പഠിപ്പിക്കുന്ന ഗുരുമുതൽ നാശരഹിതവും സൎവ്വത്ര പരിപൂൎണ്ണവും സൎവ്വാത്മാവുമായിരിക്കുന്ന അക്ഷരപരമാൎത്ഥഭൂതമായ സ്വാത്മാനുഭൂതിവരെ എത്തിക്കുന്ന ഓരോരുത്തരും അതാതു നിലക്കനുസരിച്ചു ഗുരുക്കളാകയാൽ അവരിൽ എല്ലാം ഭക്തിഭാവത്തെ പുഷ്ടിപ്പെടുത്തിക്കൊണ്ടു വരുന്തോറും "നഗുരോരധികം നഗുരോരധികം" ഗുരുവിനെ ഒഴികെ മററാരുംതന്നെയില്ല. ആ ഗുരുവായ ഏകൻ മാത്രമല്ലാതെ അന്യനായിട്ടു യാതൊന്നുമില്ലെന്നുള്ള സൎവ്വാത്മഭാവത്തെ അനുഭവിച്ചറിയുന്നതോടുകൂടെ മനുഷ്യജന്മം സിദ്ധിച്ചതിന്റെഫലം പരിപൂൎണ്ണമാകുന്നു. ഈ പദവിയിൽ എത്താൻ അൎഹത എല്ലാമനുഷ്യൎക്കുമുണ്ട്. എത്ര വേഗത്തിൽ ആ സ്ഥാനത്തിൽ എത്താൻ കഴിയുമോ അത്രയും ശ്രദ്ധയോടുകൂ

ടെ പരിശ്രമിക്കേണ്ടതാവശ്യം. അപ്പോൾ മാത്രമേ മനുഷ്യൻ ദുഃഖരഹിതമായ സുഖസ്വരൂപനാകയുള്ളു. ഏതൊരുവന്റേയും പരമലക്ഷ്യം ആ പരമസുഖമാകയാൽ പടിപ്പടികയറി ആ ഉന്നതപദവിയിൽ എത്തിക്കുന്ന അതാതു ഗുരുഭൂതന്മാരിലും ഭക്തിബഹുമാനാദരസൽഭാവങ്ങളെ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടു ഈ ജന്മംമുഴുവനും പഠിക്കുന്നവനും പഠിപ്പിക്കുന്നവനും പ്രവൃത്തിക്കുന്നവനും പ്രവൃത്തിപ്പിക്കുന്നവനും എന്ന പല വേഷത്തിൽ കളിക്കേണ്ടതായിവരുമ്പോളെല്ലാം അതാതുകളി ഭംഗിയിൽ ശ്രേയോന്മുഖമായി വരുവാൻ മാതാവ് പിതാവ് ആചാര്യൻ എന്നവരുടെ ഹാർദ്ദമായ അനുഗ്രഹവും സാഹചര്യ്യവും ഏതൊരുവനും ഒഴിച്ചുകൂടാതാണെന്നു വിദ്യാർത്ഥികൾ മറക്കാതിരിക്കേണം. വിദ്യാഭിവൃദ്ധി പെട്ടെന്നാക്കും ഉണ്ടായെന്നു വരികയില്ല ഏതൊരു വിദ്യയും ആചാര്യനിൽനിന്നു കാലംശവും സ്വബുദ്ധിയിൽനിന്നു കാലംശവും സഹപാഠികളിൽനിന്നു കാലംശവും കാലക്രമംകൊണ്ടു കാലംശവും സദ്ധിച്ചു സിദ്ധിച്ചുകൊണ്ടേ പൂർണ്ണമാകയുള്ളൂ. ആകയാൽ സഹപാഠികൾ തമ്മിൽതമ്മിൽ സ്നേഹിച്ചും സഹായിച്ചും സ്വയമേവ ചിന്തിച്ചും ആരാദ്ധ്യപുരുഷന്മാരായിട്ടു ലോകം സ്വീകരിച്ചിരിക്കുന്ന മാതൃകാമഹാത്മാക്കളെ കണ്ടും കേട്ടുംകൊണ്ടു ജന്മസാഫല്യം വരുത്തുവാനുപയോഗപ്പെടുത്തേണ്ടതായ വിദ്യാഭ്യാസകാലത്തെ വ്യർത്ഥമാക്കാതേയും ദൂഷിപ്പിക്കാതെയും ലോകത്തെ വെറുപ്പിക്കാതെയും ഉപയോഗപ്പെടുത്തുവാൻ പരിശ്രമിക്കുന്നവർ അവക്കുതന്നെ ബന്ധുക്കളും മറിച്ചു പ്രവൃത്തിക്കുന്നവർ അവക്കുതന്നെ ശത്രുക്കളും ആകുന്നുവെന്നു കാലാന്തരത്തിൽ അനുഭവപ്പെടുമ്പോൾ പരിതപിക്കാനിടവരും.

ആചാര്യന്മാരും അവരുടെപ്രവൃത്തിയിൽ ആത്മപരിശോധനയോടും പ്രേമത്തിൽ കാലൂന്നിക്കൊണ്ടും സഹനശക്തിയെ കൈവിടാതേയും പ്രവൃത്തിയെ നിർവ്വഹിക്കേണം. സ്വാന്തേവാസികൾ അതൃത്തിതെററിക്കാണുമ്പോൾ പരിതപിച്ചാൽമാത്രംപോരാ. അവക്കതിന്നവസരം നൽകാതിരിപ്പാൻതക്കവിധം പ്രേമപൂർണ്ണമായ ഹൃദയത്തോടും അവധാനതയോടുംകൂടെ സ്വപ്രവൃത്തിയെ നിർവ്വഹിക്കേണം. ശിഷ്യവാത്സല്യംനിറഞ്ഞ ഹൃദയത്തിൽ ശിഷ്യന്മാർ നിമിത്തം അസുഖത്തിന്നിടവരികയില്ല.

ബാലചാപല്യമോ അറിവില്ലായ്മയോ നിമിത്തമുണ്ടാകാവുന്ന വ്യതിചലനത്തെ പ്രേമപൂർവ്വം സദുപദേശത്താൽ പരിഹരിപ്പാൻ പ്രാപ്തനായിരിക്കേണ്ടതാണ്. സ്വാചാരത്താൽ ശിഷ്യരെ സദാചാരനിഷ്ഠന്മാരാക്കുന്നതിലാണ് ആചാര്യത്വം പ്രകാശിക്കേണ്ടതു്. പ്രേമത്താൽ സർപ്പാദികൾക്കുടെ ക്രൌര്യത്തെവെടിയും. അതുകൊണ്ടാണ് പുണ്യാശ്രമങ്ങളിൽ അന്യോന്യ സഹജവൈരത്തെ വെടിഞ്ഞുകൊണ്ടു പാമ്പും കീരിയും പശുവും പുലിയും ഒരുമിച്ചു വസിക്കുന്നതായി കാണപ്പെട്ടും കേൾക്കപ്പെട്ടുംകൊണ്ടിരിക്കുന്നതു്. പ്രേമത്തിന്നു തുല്യമായ വശീകരണമന്ത്രം മറെറാന്നുമില്ല. പ്രേമോപദേശത്താൽ ഛാത്രവർഗ്ഗത്തിൻെറ ഹൃദയത്തെ ആകർഷിച്ച് അവരുടെ ദോഷാംശത്തെ നീക്കുവാൻ അധ്യാപകന്മാർ പ്രാപ്തന്മാരായിരിക്കേണം. മദിരാശി ക്രിസ്ത്യൻകോളേജിൽ ഡോക്ടർ മില്ലരുടെ കിഴിൽ ബി. എ. ക്ലാസ്സിൽ പഠിച്ചു വിജയിയായിരുന്ന എൻെറ ഒരു മാന്യസ്നേഹിതൻ പറഞ്ഞിരുന്ന ഒരു വൃത്താന്തം ഞാനിവിടെ പറഞ്ഞുകൊള്ളട്ടെ. കല്പനക്കെഴുതുന്ന വിദ്യാർത്ഥികളിൽ ഒരാളായിരുന്ന അദ്ദേഹം ഒരിക്കൽ പനിയും തലവേദനയും നിമിത്തമാക്കീട്ടു കല്പനക്കെഴുതിപോൽ. സ്നേഹിതന്മാരിൽ ചിലരോടുകൂടെ അന്നു വാസഭവനത്തിൽ ശീട്ടുകളിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നു ഡോക്ടർ മില്ലർ അദ്ദേഹത്തിൻെറ വീട്ടിൽ പ്രവേശിച്ചു. കളിച്ചുകൊണ്ടിരിക്കുന്ന തന്നെക്കണ്ടപ്പോൾ “നിങ്ങളുടെ ദീനസ്ഥിതി കണ്ടറിവാൻ” ഞാൻ വന്നതാണ്. ദീനം വേഗത്തിൽ സുഖമായി കാണപ്പെട്ടതിൽ ഞാൻ സന്തോഷിക്കുന്നു. നാളെ കോളേജിലേക്കു വരുമെന്നു കരുതുന്നു”വെന്നു മാത്രം പറഞ്ഞു മടങ്ങിപോകുകയും ചെയ്തു. അതിന്നുശേഷം ഞാൻ കള്ളക്കല്പനക്കപേക്ഷിച്ചിട്ടേയില്ല. ശകാരിക്കുകയോ ദ്വേഷ്യപ്പെടുകയോ ചെയ്യാതെ അദ്ദേഹം ഈ വിധത്തിൽ പല വിദ്യാർത്ഥികളേയും ഉത്തമന്മാരാക്കീട്ടുണ്ടെന്നു പ്രസ്താവിച്ചു. സുപ്രസിദ്ധനായ അദ്ദേഹത്തിൻെറ മധുരസ്മരണയെ വിട്ടുകളയാതെയിരിക്കുന്ന യോഗ്യന്മാരായ പലരും ഇന്നു ജീവിച്ചിരിക്കുന്നുണ്ടായിരിക്കും. ഈ വിധം ക്ഷമയും സ്നേഹവും ഉള്ളവരെ ആചാര്യന്മാരായി ലഭിക്കുന്നതു മഹാഭാഗ്യമാണ്. ചുരുക്കിപ്പറയുന്നതായാൽ ഗുരുശിഷ്യബന്ധത്തെ പരിശുദ്ധപ്രേമത്തിൽ ഉറപ്പിക്കുവാൻ രണ്ടു സംഘവും ഒരുപോലെ ഒരുങ്ങുന്നപക്ഷം ആധുനികപാഠശാല

കളിൽ ഇക്കാലത്തു ചിലതിൽ ചിലപ്പോൾ സംഭവിക്കുന്ന അനിഷ്ടസംഭവങ്ങൾ ഉണ്ടാകയില്ല. വിദ്വേഷവിരോധിയായ സ്നേഹത്താൽ അന്തേവാസികളെ ആചാര്യന്മാരും ഭക്തിവിശ്വാസോപചാരങ്ങളാൽ ആചാര്യന്മാരെ അന്തേവാസികളും ആകർഷിച്ച് ഏകശരീരാവയവങ്ങളെന്നപോലെ കഴിഞ്ഞുകൂടുന്ന കാലം ക്രമത്തിൽ കാണപ്പെടുവാനാഗ്രഹിക്കുന്നവരുടെ പ്രതിനിധിയെന്ന നിലയിൽ ഹേ പ്രിയ വിദ്യാർത്ഥികളെ നിങ്ങളെ ഉദ്ദേശിച്ചെഴുതിയ ഇതിൽ വല്ല സാരാംശവും ഉണ്ടെന്നുതോന്നുന്നപക്ഷം അതിനെ സ്വീകരിച്ചു ആത്മപരിശോധനചെയ്ത് സ്വഭാവത്തെ പരിഷ്കരിച്ചു നിങ്ങൾ ഉന്നതപദവിയിൽ എത്തുവാൻ സർവ്വേശ്വരൻ നിങ്ങളെ അനുഗ്രഹിക്കേണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങൾ ഭാരതീയരുടെ അമൂല്യധനമെന്നു കരുതിയിരിക്കുന്ന ഞാൻ മാത്രമല്ല എന്നെപ്പോലെ പലരും ഹൃദയപൂർവ്വം നിങ്ങളുടെ അഭിവൃദ്ധിയെ ഉററുനോക്കിക്കൊണ്ടിരിക്കുന്നുണ്ട്. അവരെ നിരാശന്മാരാക്കാതെയിരിപ്പാൻ നിങ്ങൾ തന്നെ മനസ്സിരുത്തേണം. സത്യത്തിലും സർവ്വേശ്വരനിലും ഗുരൂപദേശത്തിലും സച്ഛാസ്ത്രവാക്യങ്ങളിലും വിശ്വസിച്ച് വിനീതന്മാരായി വളരേണ്ടതത്യാവശ്യമാണ്. അത് അശക്തിയെയല്ല മഹാശക്തിയെയാണ് സൂചിപ്പിക്കുന്നതെന്നു നിങ്ങളുടെ ഉപരിജീവതത്തിൽ അനുഭവപ്പെടും.

158179
52B32:N47
H9

സ്നേഹപൂർവ്വം
സാഹിത്യകുശലൻ,
പി. ഗോപാലൻനായർ.

---

Printed at the Norman Printing Bureau, Calicut.
Published by K. Raman Menon,
Kozhipurath House,
Sub Jail Road, Puthiyara, Calicut.
Editor: V. Madhavan Nair, B. A., B. L.

UNIVERSITY LIBRARY
20 MAR 1953